# ഭാഷാപോഷിണി.

പുസ്തകം 30 | ൧൧൦൧ വൃശ്ചികം. | ലക്കം 4

READING ROOM MALAYINKEEL

## ഈശ്വരപ്രാർത്ഥന.

നിഗമ വ്യോമം തിങ്ങും മന്ത്രതാരകങ്ങൾതൻ-
നിറവെൺകതിരായ നിത്യനാം സത്യാത്മാവേ!

ദേവ! നിൻവെളിച്ചത്തെക്കാണുവാൻ കണ്ണില്ലെങ്കിൽ-
ക്കേവലം കുരുടനും ഞാനുമായെന്തോ ഭേദം?

ആ പ്രഭാങ്കുരം വാനപ്പൂവനം തളിർപ്പിപ്പൂ;
സുപ്രഭാതത്തിൻ ചൂഡാരത്നത്തെച്ചുവപ്പിപ്പൂ;

വായ്ക്കുമന്ധകാരത്തിലാണ്ടുപോം രജനിയെ
വാസരമാക്കിദ്ദിവ്യചൈതന്യം ജനിപ്പിപ്പൂ!

തൂമലർ വിടർത്തിടുമാപ്രകാശത്തിൻലേശം
മാമകഹൃദയപ്പൂ വികസിപ്പിപ്പൂതാക!!

## തിരുനാൾമംഗളം.

ചേലിൽ ശ്രീവഞ്ചിഭൂമീശ്വരി ശുഭമതി റീജൻറതായ് തൻെറ രാജ്യം
പാലിച്ചീടുന്ന പത്മാവര! സുഖമിതുനാൾ തൽപ്രസാദപ്രഭാവാൽ
കാലിൽത്തേ ചിത്തമർപ്പിച്ചഖിലവുമമരും പ്രാജ്ഞയാം രാജ്ഞിയേനി
മാലിൽച്ചേർക്കാതെ മാന്യസ്ഥിതിയിലിഹ വസിപ്പിക്കണേ ചക്രപാണേ!

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.

## *വിക്രമശില—രാജകീയ വിശ്വവിദ്യാലയം.

(അങ്കമാലി, എം. കേശവൻഇളയത്)

വിക്രമശിലാവിശ്വവിദ്യാലയത്തിനു 'രാജകീയം' എന്നൊരു വിശേഷണംകൂടി ചേർത്തുകാണുന്നുണ്ട്. അതിൻെറ ജനയിതാവ് ഒരു രാജാവായിരുന്നുവെന്നു മാത്രമല്ല അവിടത്തെ അദ്ധ്യേതാക്കൾക്കു ബിരുദങ്ങൾ നൽകിയിരുന്നതുകൂടി രാജാക്കന്മാരാണ്. സർവ്വകലാശാല, പ

* 'വിശ്വഭാരതി'യിൽ നിന്ന്.

രിപൂൎണ്ണവിജ്ഞാനം സമ്പാദിക്കുന്നതിനുതകുന്ന ഒരു സ്ഥാപനമായിരിക്കണമെന്നും അവിടം വിവിധദേശങ്ങളിൽനിന്നും വന്നുകൂടുന്ന വിദ്വാന്മാരുടേയും വിദ്യാൎത്ഥികളുടേയും സങ്കേതമായിരിക്കണമെന്നുമുള്ള "ന്യൂമാൻ"ൻെറ പ്രമാണം 'നാളന്ദ'യേ സംബന്ധിച്ചിടത്തോളം യഥാൎത്ഥമായിട്ടുണ്ടെങ്കിൽ, വിക്രമശിലയ്ക്കും അതുകൊണ്ടു ധാരാളം തൃപ്തിപ്പെടുവാനവകാശമുണ്ടു്. സൎവ്വകലാശാല ഒരു വലിയ ഗ്രന്ഥശേഖരമായിരിക്കണമെന്ന "കാർലൈ"ലിൻെറ മതം നോക്കുകയാണെങ്കിലും വിക്രമശിലയ്ക്കു ധാരാളം അഭിമാനത്തിനവകാശമുണ്ടു്. കലാശാലയേ അലങ്കരിച്ചിരുന്ന മററു സാമഗ്രികളോടൊപ്പം അവിടെയുണ്ടായിരുന്ന ഒരു വലിയ ഗ്രന്ഥശാലയും മഹമ്മദീയാക്രമണത്തിൽ നശിപ്പിക്കപ്പെട്ടതായി ബാഹ്യമായും ആന്തരമായും തെളിവുകൾ ലഭിച്ചിരിക്കുന്നു.

വിക്രമശിലയേ സംബന്ധിച്ചുള്ള രേഖകൾ മിക്കവാറും ശുഷ്കങ്ങളാണു്. വിശദമായ വിവരങ്ങൾക്കു നാം "താരനാഥൻ" എന്ന തിബത്ത്യൻ ചരിത്രകാരനെ ഒട്ടുവളരെ ആശ്രയിക്കേണ്ടതായുമിരിക്കുന്നു.

ചീനക്കാരായ പരിവ്രാജകന്മാരുടെ പ്രധാനി 'ഹ്യുയൻസാങ്' വിക്രമശിലയേപ്പററി യാതൊന്നും പ്രസ്താവിച്ചുകാണാത്തതു്, അതിൻെറ സമഷ്ടിയായ ഒരു ചരിത്രമെഴുതുന്ന വിഷയത്തിൽ നമുക്കുള്ള ബുദ്ധിമുട്ടു വൎദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്. പ്രസ്തുത വിദ്യാപീഠം അന്നത്തെ പ്രചാരത്തിൽ വരാതിരുന്നതോ അല്ലെങ്കിൽ ആയാളുടെ ശ്രദ്ധയെ ആകൎഷിക്കത്തക്ക വണ്ണം അത്ര പ്രാധാന്യം അന്നതിനില്ലാതിരുന്നതോ ആയിരിക്കാം ഇതിനുള്ള ഹേതു. നാളന്ദാമഹാവിദ്യാലയത്തിലെ വിദ്യാഭ്യാസക്രമ (Curriculum) ങ്ങളേയും മററും പററി സമഷ്ടിയായ വിവരണങ്ങൾ തന്നിട്ടുള്ള മറെറാരു ചീനദേശീയനായ "ഇററ്സിങ്ങും" വിക്രമശിലയേപ്പററി ശബ്ദിച്ചിട്ടേയില്ല. നാളന്ദ ഉത്തരോത്തരം അഭിവൃദ്ധിയേ പ്രാപിച്ചുവന്ന അക്കാലത്തു് വിക്രമശില തീരെ അജ്ഞാതമെന്നോണം കിടന്നിരുന്നുവെന്നാണു്. ഇതിൽനിന്നും വെളിവാകുന്നതു്. ഹ്യുയൻസാങ്ങിൻെറ ആഗമനത്തിനുമുമ്പു്, വിക്രമശില അത്യുന്നതമായ നിലയേ പ്രാപിച്ചിരുന്നുവെന്നോ അല്ലെങ്കിൽ അധഃപതിച്ചുവെന്നോ മറേറാ ഉള്ള അനുമാനം അബദ്ധമായിട്ടേ വരികയുമുള്ളു.

നാളന്ദയുടെ അധഃപതനത്തിനുശേഷം വിക്രമശില മെല്ലെ അഭിവൃദ്ധിപ്പെടുവാൻ തുടങ്ങി. കുറേക്കാലത്തേക്കു ഈ രണ്ടു മഹൽസ്ഥാപനങ്ങളും തമ്മിൽ പലതരത്തിൽ ഇടപാടുകളുണ്ടായിരുന്നതായും ഊഹിക്കേണ്ടിയിരിക്കുന്നു. വിക്രമശിലയിലെ പണ്ഡിതന്മാർ നാളന്ദയിലെ സ്ഥിതിഗതികളേ ശ്രദ്ധിച്ചിരുന്നതായി സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. (1) ഇതിൻെറ യാഥാൎത്ഥ്യത്തെപ്പററി എന്തെങ്കിലും അനുമിക്കുക പ്രയാസമാണെങ്കിലും ഇവതമ്മിൽ സുദൃഢമായ ഒരു ബന്ധമുണ്ടായിരുന്നുവെന്ന സംഗതി നിസ്സംശയമത്രെ. പോരാത്തതിനു, കാലാന്തരത്തിൽ അതീശൻ ടിബററിലേക്കു പുറപ്പെട്ടയവസരത്തിൽ അദ്ദേഹത്തിൻെറ ദ്വിഭാഷി നാളന്ദയിൽ താമസിച്ചിരുന്നുവെന്നും നാം അറിയുന്നുണ്ടു്. (2)

നാളന്ദയുടേതുപോലെ, വിക്രമശിലയുടേയും ഉത്ഭവത്തെപ്പററി ഒരൈതിഹ്യം പറഞ്ഞുവരുന്നുണ്ടു്. വിക്രമൻ എന്നു പേരായ ഒരു യക്ഷനെ ഈ സ്ഥലത്തുവെച്ചു് അമൎച്ചചെയ്തതുകൊണ്ടാണു് ഇതിനു വിക്രമശില എന്ന പേരുലഭിച്ചതത്രേ. വേറൊരു തിബത്ത്യൻ പുരാണത്തിൽ ഇങ്ങനെകാണുന്നു. കാമ്പില്യൻ എന്ന ബുദ്ധമതാചാൎയ്യൻ ഗംഗാനദിയുടെ വക്കിൽ സ്ഥിതിചെയ്തിരുന്ന കുട്ടംകുളക്കായ ഒരു മലയുടെ ലക്ഷണസമ്പൂൎത്തികണ്ടു് ആകൃഷ്ടമനസ്കനായി. ഒരു "വിഹാര"ത്തിൻെറ ആസ്ഥാനത്തിനുള്ള പരിപൂൎണ്ണമായ യോജിപ്പു് അവിടെ കാണുകയാൽ ഏതെങ്കിലും ഒരു രാജാവിൻെറ ആഭിമുഖ്യത്തിൽ അവിടം സൎവ്വപ്രധാനമായ ഒരു സ്ഥലമായിത്തീരുമെന്നു് അദ്ദേഹം പ്രവചിച്ചു. ഒരുകാലത്തു് ആ കുന്നിൻെറ മുകളിൽ ഉത്തമോത്തമമായ ഒരു വിഹാരം പണിതീരുമെന്നും ആ ആചാൎയ്യൻ ദീർഘദൎശനം ചെയ്തിരുന്നു. വളരെക്കാലങ്ങൾക്കുശേഷം, കാമ്പില്യൻ ഗൌഡദേശത്തെ ബുദ്ധമതരാജാവായ ധൎമ്മപാലനായി ജനിക്കുകയും പൂൎവ്വജന്മവൃത്താന്തങ്ങളേ ഓൎമ്മിച്ചു് ആ മലമുകളിൽ ഒരു

(1) Lama Tharanath, German edition, p. 218.
(2) Indian pandits in the land of Snow.

ദേവാലയവും മഹത്തായ ഒരു വിദ്യാപീഠവും സ്ഥാപിക്കുകയും ചെയ്തു. അതിൻെറ ജനയിതാവു രാജാവായിരുന്നതുകൊണ്ടു വിക്രമശില, രാജകീയ വിശ്വവിദ്യാലയവുമായി.

ഇതു വെറും ഒരൈതിഹ്യം മാത്രമായിരിക്കാം. എന്നാൽ ഐതിഹ്യങ്ങളേയും നമുക്കു തീരെ അഗണ്യമാക്കിത്തള്ളാൻ നിവൃത്തിയില്ല. പ്രസ്തുത കഥയ്ക്കുള്ള വില എന്തുതന്നേയായിരുന്നാലും, ആശ്രമം സ്ഥാപിക്കുന്നതിനു കാരണഭൂതൻ ധൎമ്മപാലനായിരുന്നുവെന്നുള്ളതിൽ തൎക്കമില്ല. എ. ഡി. 910ൽ ഉണ്ടായിരുന്ന "ഖാലിംപുരപ്രശസ്തി"യിൽ 'പരമസൗഗത പരമേശ്വര പരമഭട്ടാരക മഹാരാജാധിരാജ' ധൎമ്മപാലദേനപ്പററി പ്രസ്താവിച്ചുകാണുന്നുണ്ട്. അദ്ദേഹത്തിൻെറ ആഭിമുഖ്യത്തിലാണ് വിക്രമശിലയിൽ നൂററെട്ടു പണ്ഡിതന്മാർ അദ്ധ്യാപനം നടത്തിയിരുന്നതു്. (3)

ഏതാണ്ടു നാലുനൂററാണ്ടോളം കാലം, രാജാവിൻെറ രക്ഷാധികാരത്തിലും പ്രധാനാചാൎയ്യൻെറ കീഴിൽ ആറംഗങ്ങളടങ്ങിയ ഒരു സമിതിയുടെ ഭരണത്തിലും വിക്രമശിലാവിശ്വവിദ്യാലയം അഭൂതപൂൎവ്വമായ അഭിവൃദ്ധിയെ പ്രാപിച്ചുകണ്ടു. വിക്രമശിലയിലെ വിജയികളായ വിദ്യാൎത്ഥികൾക്കു 'പണ്ഡിതൻ' എന്ന സ്ഥാനം ഭരണാധികാരിയായ രാജാവാണു നൽകിയിരുന്നതു് (4) എന്ന സംഗതിയും പ്രത്യേകം പ്രസ്താവ്യമാണ്.

ഇപ്രകാരമുള്ള പണ്ഡിതന്മാരിൽ കാശ്മീരദേശീയനായ രത്നവജ്രൻെറ പേർ പലപ്രകാരത്തിലും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അദ്ദേഹത്തിന്, ഒരുന്നതസ്ഥാനമായ 'ദ്വാരപാലക'ൻെറ ഉദ്യോഗം അവിടത്തന്നേ ലഭിച്ചു. ആചാൎയ്യ ജേതാരിയും മഹീപാലൻ എന്ന രാജാവിൽനിന്നും സാക്ഷ്യപത്രം വാങ്ങിയിട്ടുള്ള ആളാണ്. ദീപങ്കരനു(അതീശനു) ഇദ്ദേഹത്തിൻെറ ശിഷ്യസ്ഥാനംകൂടി ഉണ്ടായിരുന്നുവത്രെ. ഇക്കൂട്ടത്തിലുള്ള മറെറാരുദേഹമാണ് രത്നകീൎത്തി. അവിടത്തെ പ്രധാനപണ്ഡിതന്മാരിൽ ഒരാളായ ഈ ആചാൎയ്യൻ പ്രസ്തുത വിദ്യാലയത്തിൻെറ യശസ്സിനു ആധാരമായിരുന്ന ജ്ഞാനശ്രീമിത്രനോടു തുല്യനായിരുന്നുവെന്നും പറയുന്നു. അതീശൻകൂടിയും ഇദ്ദേഹത്തിനുവളരെ കടപ്പെട്ടിട്ടുണ്ടു്. ജ്ഞാനശ്രീമിത്രനും ദ്വാരപാലകനായിരുന്നു. അതീശൻ തിബത്തിലേക്കു പുറപ്പെട്ടപ്പോൾ, വിശ്വവിദ്യാലയത്തിൻെറസൎവ്വാദ്ധ്യക്ഷ്യംവഹിച്ചതു ഇദ്ദേഹമാണ്. ഓദന്തപുരിയിലെ 'സൎവ്വാസ്തിവാദപാഠശാല'യിലേക്കു നിയമിതനായ രത്നാകരശാന്തിയുടെ പേരും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണത്രെ. ഇദ്ദേഹം, വിക്രമശിലയിൽ ജേതാരി, രത്നാകരകീൎത്തി മുതലായവരുടെ അടുക്കൽനിന്നുമാണത്രെ 'സൂത്രങ്ങൾ' അഭ്യസിച്ചതു്. രത്നാകരനെ ദ്വാരപാലകനായി നിയമിക്കുകയുമുണ്ടായി. പിന്നീടു്. സിലോണിലെ രാജാവിൻെറ ആവശ്യപ്രകാരം അദ്ദേഹം ആ ദ്വീപിലേക്കു ചെല്ലുകയും ബുദ്ധമതതത്വങ്ങൾ വളരെ ശക്തിയിൽ പ്രചരിപ്പിക്കുകയും ചെയ്തതായിക്കാണുന്നു.(5)

കലാശാലാഭ്യസനം പൂൎത്തിയാവുന്ന ബിരുദകാംക്ഷികളെ പുറത്തേക്കു പറഞ്ഞയക്കുവാൻ ഒററക്കൊരു ഗോപുരം മാത്രമാണ് നാളന്ദയിൽ ഉള്ളതു്. വിക്രമശിലയിൽ, ദ്വാരപണ്ഡിതന്മാരാൽ സുരക്ഷിതമായ ആറു ഗോപുരദ്വാരങ്ങൾ ഉണ്ടായിരുന്നു; തെക്കേഗോപുരദ്വാരത്തിൽ പ്രജ്ഞാകരമതിയും കിഴക്കേതിൽ രത്നാകരശാന്തിയും പടിഞ്ഞാറേദ്വാരത്തിൽ വാഗീശ്വരകീൎത്തിയും വടക്കേഗോപുരത്തിൽ നരോപമനും കാവൽനിന്നു് അവയെ ഭരിച്ചുപോന്നതായി 'താരനാഥൻ' പ്രസ്താവിക്കുന്നു. നടുവിലുള്ള ഒന്നാമത്തേഗോപുരത്തിൻെറ ഭാരവാഹി രത്നവജ്രൻ ആയിരുന്നു. നടുക്കുള്ള ഈ രണ്ടാമത്തേ വാതിലിൽ ജ്ഞാനശ്രീമിത്രൻ അദ്ധ്യേതാക്കളെ പരീക്ഷിക്കുവാനും നിന്നിരുന്നു.

വിദ്യാലയസംബന്ധമായ ഏൎപ്പാടുകളിലുംമററും നാളന്ദയേ അപേക്ഷിച്ചു് വിക്രമശില അത്യധികമായ അഭിവൃദ്ധിയേ പ്രാപിച്ചിരുന്നുവെന്നുവരികിലും നാളന്ദയ്ക്കുള്ളത്ര പ്രാഭവവും വിദ്യാൎത്ഥികളുടെ സംഖ്യാബാഹുല്യവും സാൎവ്വത്രികമായ സദഭിപ്രായവും അതിനുസിദ്ധിച്ചിരുന്നില്ല. ഈ സംഗതിയിൽ, അന്നത്തേ കാലസ്ഥിതി ഏറക്കുറെ ഉത്തരവാദിയാണെന്ന

(3) J. B. T. S. 1,Pt 1, P 11
(4) S. C. Vidyabusan's Logic, P. 79.
(5) S. C. Vidyabusan's Logic P. 342.

തിൽ സംശയത്തിന്നവകാശമില്ല. രാജ്യത്തിൽ ഒട്ടാകെ ഭിന്നിപ്പും കലഹവുമേ ഉണ്ടായിരുന്നുള്ളു.

വിക്രമശിലയുടെ ജനയിതാവായ രാജാധർമ്മപാലൻ അതിൽ നാലു വിശാലങ്ങളായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ഓരോന്നിലും പ്രധാനപ്പെട്ട നാലുമതങ്ങളിൽനിന്നും 27 വീതം സന്യാസിമാരെ താമസിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹം, അവിടത്തെ പുരോഹിതന്മാരുടേയും വിദ്യാർത്ഥികളുടേയും സംരക്ഷണാർത്ഥം ചെലവുകളെ ക്രമീകരിക്കുകയും വളരെ ധനം അതിനായി ദാനംചെയ്കയും ഉണ്ടായി. ഇവയ്ക്കെല്ലാംപുറമേ, അധികാരസ്ഥന്മാർക്കു താമസിക്കുന്നതിന്ന് ഇതിൽതന്നേ പ്രത്യേക കെട്ടിടങ്ങളും ഉണ്ടായിരുന്നു.

നാളന്ദയിലെന്നപോലെ, ധർമ്മപാലന്നുശേഷം മററുള്ള രാജാക്കന്മാർ വിക്രമശിലയിലും പലതും കൂട്ടിച്ചേർക്കുകയുണ്ടായിട്ടുണ്ട്. അതിൻെറ മദ്ധ്യത്തിലായി 'ശാസ്ത്രീയശാല' എന്ന പേരിൽ ഒരു വലിയ ഹാൾ നിർമ്മിക്കപ്പെട്ടിരുന്നു. ഇവിടെനിന്ന്, ആറു വിദ്യാലയങ്ങൾക്കഭിമുഖമായി ആറു ഗോപുരങ്ങളും ഉണ്ടായിരുന്നു. ഈ വിദ്യാലയങ്ങളിലാണ് 108 പണ്ഡിതന്മാർ അദ്ധ്യാപനം നടത്തിവന്നത്. 8000 ആളുകൾക്കു നിർബാധമായി സമ്മേളിക്കാവുന്ന വിശാലമായ ഒരു സ്ഥലവും ഇതോടുകൂടി ഉണ്ടായിരുന്നുവെന്നു പറയപ്പെട്ടിട്ടുണ്ട്. (6) ഓരോ വിദ്യാലയവും ദ്വാരപണ്ഡിതന്മാർ എന്നു മുൻപ്രസ്താവിച്ചിട്ടുള്ള പണ്ഡിതശ്രേഷ്ഠന്മാരുടെ അധീനത്തിലായിരുന്നു.

വിശ്വവിദ്യാലയങ്ങളിൽ ചേരുവാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നാളന്ദയിലേപ്പോലെതന്നെ ഇവിടേയും പ്രവേശനാർഹന്മാരാണോ എന്നു നിർണ്ണയിക്കുവാൻ, കഠിനമായ ഒരു പരീക്ഷയിൽ വിജയം പ്രാപിക്കേണ്ടിയിരുന്നു. അഭിപ്രായഭേദമുള്ള വിഷയങ്ങളെടുത്ത് ദ്വാരപണ്ഡിതന്മാരുമായി വാദം നടത്തി സ്വമതം സ്ഥാപിച്ചതിനുമേൽ മാത്രമേ ഈ മഹാവിദ്യാലയത്തിലേക്കു വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചിരുന്നുള്ളു. പ്രധാന പാഠശാലയിൽ അദ്ധ്യാത്മശാസ്ത്രം പഠിപ്പിച്ചിരുന്ന രണ്ടു പണ്ഡിതന്മാർ, വിക്രമശിലാവിശ്വവിദ്യാലയത്തെ താങ്ങി നിൽക്കുന്ന രണ്ടു സ്തംഭങ്ങളെന്നത്രെ പറഞ്ഞുവന്നിരുന്നത്.

വിദ്യാലയത്തിലെ സ്ഥിരനിവാസികളായ കുട്ടികൾക്കുവേണ്ടി അവിടെ സത്രങ്ങൾ ഉണ്ടായിരുന്നു. അവരുടെ ഭക്ഷണവും മററാവശ്യങ്ങളും സൗജന്യമായിത്തന്നെയാണ് നിർവ്വഹിച്ചുപോന്നത്. വിദ്യാർത്ഥികൾക്കാവശ്യമുള്ളവ എന്തുതന്നെയായിരുന്നാലും നിവർത്തിച്ചുകൊടുക്കുവാൻ രാജ്യത്തിലെ പ്രഭുക്കന്മാരും രാജാക്കന്മാരും സദാ ജാഗരൂകന്മാരായിരുന്നു. ഇത്തരത്തിലുള്ള സംഭാവനകൾ വിദ്യാലയത്തിൻെറ ആരംഭകാലംമുതൽ അവസാനംവരെ നൽകി വന്നിരുന്നു എന്നുള്ളതിലേക്കു, പത്താംശതാബ്ദത്തിൻെറ അവസാനത്തിലും, സനാതനൻ എന്ന രാജാവിൻെറ ഒരു പുത്രൻ ഇതിലെ 'വിഹാര'ത്തോടു ചേർത്തു ഗംഭീരമായ ഒരു സത്രം പണി കഴിപ്പിച്ച സംഗതി ഉദാഹരണമായിട്ടെടുക്കാം.

നാളന്ദാമഹാവിദ്യാലയത്തെപ്പോലെ ഇതും (വിക്രമശിലയും) വലിയ മതിലുകളാൽ ചുററപ്പെട്ടതായിരുന്നു. മുൻവശത്തുള്ള മതിലിൽ, പ്രധാന ഗോപുരദ്വാരത്തിൻെറ വലത്തുഭാഗത്തായി 'നാഗാർജ്ജുന'ൻെറ പ്രതിച്ഛായയും ഇടത്തുഭാഗത്ത് അതീശൻെറ ചിത്രവും എഴുതപ്പെട്ടിരുന്നു. മതിലിൻെറ പുറത്തേക്കുള്ള ഗോപുരത്തിനു സമീപം ഒരു ധർമ്മശാല ഉണ്ടായിരുന്നുവെന്നും രാത്രികാലങ്ങളിൽ വന്നുചേരുന്ന യാത്രക്കാർക്ക് അവിടെ വേണ്ട സൗകര്യങ്ങൾ എല്ലാം ചെയ്തുകൊടുത്തിരുന്നുവെന്നുംകൂടി പ്രസ്താവിച്ചു കാണുന്നുണ്ട്.

പ്രസ്തുത സ്ഥാപനത്തിൻെറ വൈശിഷ്ട്യം സീമാതീതമായിരുന്നു. കെട്ടിടങ്ങളുടെ ഗാംഭീര്യവും രസികത്വവും പ്രത്യേകം ശ്രദ്ധേയമാണ്. മതകർമ്മങ്ങൾക്കും അദ്ധ്യാപനത്തിനും ഉതകുന്ന വിധത്തിലാണ് കെട്ടിടങ്ങൾ ഉണ്ടാക്കപ്പെട്ടിരുന്നതും. വിക്രമശിലയെ മാതൃകയാക്കി തിബത്ത്യന്മാർ ഒട്ടുവളരെ ദേവാലയങ്ങൾ പണി തീർത്തിട്ടുണ്ട്.

---

(6) "ചതുഷ്കോണാകൃതിയിലുള്ള ഈ വിശാലമായ സ്ഥലം സാരനാഥം, സാഞ്ചി, ബുദ്ധഗയ തുടങ്ങിയ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഉണ്ടായിരുന്ന ബുദ്ധവിഹാരങ്ങളോടു സാദൃശമുള്ളതായിരുന്നു."

ഡാക്ടർ, രാജേന്ദ്രലാൽമിത്ര.

പാഠ്യവിഷയങ്ങളുടെ ബാഹുല്യം നാളന്ദയിലേതുപോലെ വിക്രമശിലയിലുണ്ടായിരുന്നില്ല. വിഷയങ്ങളിൽ പ്രാധാന്യം നൽകിയിരുന്നതുതന്നെ 'തന്ത്രങ്ങൾ'ക്കാണ്. താന്ത്രികമതത്തിനു സർവ്വപ്രാധാന്യം ലഭിച്ചിരുന്ന ഒരു കാലത്താണ് വിക്രമശില ഉന്നതിയെ പ്രാപിച്ചതും. മന്ത്രവാദം, അതുപോലുള്ള മററു ഗുഢവിദ്യകൾ, അദിയായവ ജനങ്ങൾക്ക് എത്രയും പ്രിയപ്പെട്ട വിഷയങ്ങളായിരുന്നു. 5-ാം നൂററാണ്ടുമുതൽ ബുദ്ധമതം ഒരു പുതിയ ദശയെ പ്രാപിക്കുകയും താന്ത്രികമതത്തിലേക്കു മെല്ലെ കടക്കുകയും ചെയ്തിരുന്നു. ക്രിസ്തുവർഷം 8-ാം 10-ാം ശതാബ്ദങ്ങൾക്കിടയിൽ ഇതിനു ക്രമപ്രവൃദ്ധമായ വളർച്ചയും ഉണ്ടായി.

ബുദ്ധമതത്തെപ്പററി പരിപൂർണ്ണപാണ്ഡിത്യം ലഭിച്ചിട്ടുള്ള ഡാക്ടർ കേൺ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു:—(7) "ഇന്ത്യയിൽ, 8-ാം ശതാബ്ദം മുതൽ ബുദ്ധമതപ്രമാണങ്ങൾ, അന്നു ശക്തിയിൽ പ്രചരിച്ചിരുന്ന താന്ത്രികമതത്തിലും ക്ഷുദ്രവിദ്യകളിലും ലയിക്കുവാൻ തുടങ്ങി". ആശ്രമത്തിൽ, "കിംശുക"ന്മാർ എന്നു പറഞ്ഞുവരുന്ന ഒരുകൂട്ടം താന്ത്രികന്മാർകൂടി ഉണ്ടായിരുന്നതായും അവർ അതീശനു് പല പ്രകാരത്തിലുള്ള ഉപദ്രവങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നതായും പ്രസ്താവിച്ചു കാണുന്നുണ്ടു്. (8)

തന്ത്രങ്ങൾ കൂടാതെ, വിക്രമശിലയിൽ വ്യാകരണം, തത്വശാസ്ത്രം, തർക്കം ഇവയും പഠിപ്പിച്ചിരുന്നു. നാളന്ദയിൽ സർവ്വപ്രാധാന്യം നൽകിയിരുന്ന തർക്കശാസ്ത്രം ഇവിടേയും ശ്രദ്ധാപൂർവ്വം അഭ്യസിപ്പിക്കപ്പെട്ടു. വിക്രമശിലയിൽനിന്നും ഏതാനുംപേർ ഈ വിഷയത്തിൽ വലിയ പാണ്ഡിത്യം സമ്പാദിച്ചിട്ടുമുണ്ട്. ദ്വാരപണ്ഡിതസ്ഥാനത്തിനു തർക്കശാസ്ത്രജ്ഞന്മാരെ നിയമിച്ചിരുന്നതുതന്നെ പ്രസ്തുത വിഷയത്തിന്റെ മാഹാത്മ്യത്തേയും പ്രാമാണ്യത്തേയും സൂചിപ്പിക്കുന്നു. (9)

നാളന്ദയിലെപ്പോലെ, വിക്രമശിലയിലെ വിദ്യാർത്ഥികളും അദ്ധ്യാപകന്മാരോടുകൂടി കയ്യെഴുത്തുഗ്രന്ഥങ്ങൾ പകർത്തുക പതിവായിരുന്നു. ബ്രിട്ടീഷ് മ്യൂസിയത്തിൽ "അഷ്ടസാഹസ്രികാ പ്രജ്ഞാപാരമിത" എന്നൊരു ഗ്രന്ഥത്തിന്റെ മനോഹരമായ ഒരു കയ്യെഴുത്തുപ്രതി കാണ്മാനുണ്ടു്. അതു്, "പരമേശ്വര, പരമഭട്ടാരക, പരമസൌഗത, മഹാരാജാധിരാജ ശ്രീമത് ഗോപാലദേവ"ന്റെ ഭരണദശയിലാണ് എഴുതപ്പെട്ടിട്ടുള്ളതെന്നും അതിൽതന്നെ പ്രസ്താവിച്ചിരിക്കുന്നു. ഡാക്ടർ ബർനററിന്റെ അഭിപ്രായപ്രകാരം ഇദ്ദേഹം രണ്ടാമത്തെ ഗോപാലദേവനാണെന്നും കാണുന്നുണ്ടു്. (10)

30 വർഷം മുമ്പ് അച്ചടിച്ചതാണെങ്കിലും, ഇപ്പോൾ ഭാഗ്യദോഷത്താൽ വളരെഅപൂർവ്വമായിമാത്രം കണ്ടുവരുന്ന ശരച്ചന്ദ്രദാസിന്റെ 'ഇൻഡ്യൻ പണ്ഡിററ്സ് ഇൻദി ലാൻഡ് ഓഫ് സ്നോ' എന്ന ഗ്രന്ഥത്തിൽ വിക്രമശിലയിലെ മതസമ്മേളനത്തെപ്പററി സവിസ്തരമായ ഒരു വിവരണം ഉണ്ടു്. ആ വിവരണം, തിബത്തിൽ ബുദ്ധമതം വീണ്ടും പ്രചരിപ്പിക്കേണ്ടയാവശ്യത്തിനു് അതീശനെക്കൂട്ടി കൊണ്ടുപോവാൻ വന്ന തിബത്യൻ എഴുതിയിട്ടുള്ളതാണ്.

"രാവിലെ എട്ടുമണിക്കു് ആശ്രമസ്ഥവിരന്റെ നേതൃത്വത്തിൽ സന്യാസിമാരെല്ലാം സഭ കൂടിയപ്പോൾ ശ്രോതാക്കളുടെ കൂട്ടത്തിൽ എനിക്കും ഒരിരിപ്പിടം ലഭിച്ചു. ആദ്യമായി പൂജ്യനായ 'വിദ്യാകോകിലൻ' അദ്ധ്യക്ഷ്യം വഹിക്കുവാൻ അവിടെ ആഗതനായി. അദ്ദേഹത്തിന്റെ ആകൃതി കാഴ്ചയ്ക്കു തികച്ചും വകയുള്ള ഒന്നായിരുന്നു. ആ മഹാത്മാവു്, സുമേരുപർവ്വതംപോലെ നിശ്ചലനായും ഗംഭീരനായും കാണപ്പെട്ടു. അടുത്തിരുന്നവരോടു്, അതു് അതീശദേവനല്ലേ എന്നു ഞാൻ ചോദിച്ചു. "എന്ത്? അല്ലയോ തിബത്യൻ! നീ എന്താണു ചോദിച്ചതു്? ഇതു മഹാത്മാവായ വിദ്യാകോകിലഗുരുവത്രെ. ഇദ്ദേഹം ആചാര്യചന്ദ്രകീർത്തിയുടെ ശിഷ്യനാണ്. ആചാര്യഅതീശന്റെ ഗുരുവിനെപ്പററി നീ ഒന്നും കേട്ടിട്ടില്ലേ?" ഇതായിരുന്നു അവരുടെ മറുപടി. ഒരു സംഘത്തിന്റെ നായകസ്ഥാനത്തിരുന്നിരുന്ന മറെറാരാചാര്യനെ ചൂണ്ടിക്കാണിച്ചു്, "അതാണോ അതീശൻ?" എന്നു വീണ്ടും ഞാൻ ചോ

(7) Kern's Buddhism, P. 133

(8) The journal of the Buddhist Text Society Vol I.

(9) S. C. Vidyabhusan's Logic.

(10) Journal of the Royal Asiatic Society 1910, p. 151.

ദിച്ചു. അതു് പൂജ്യനായ 'നരപന്ത'നാണെന്നു് എനിക്കു മറുപടിയും ലഭിച്ചു. അദ്ദേഹവും അതീശന്റെ അദ്ധ്യാപകനായിരുന്നുവത്രെ.

"അതീശനെ കണ്ടുപിടിക്കുവാൻ അവിടെയെങ്ങും കണ്ണുകളെ പായിച്ചുകൊണ്ടിരിക്കെ വിക്രമശിലയിലെ രാജാവു് അവിടെ വരികയും പ്രധാനപ്പെട്ട ഒരാസനം സ്വീകരിക്കുയും ചെയ്തു. സന്യാസിമാരിൽ ചെറുപ്പക്കാരാവട്ടെ, പ്രായംചെന്നവരാകട്ടെ, യാതൊരാൾപോലും രാജാവിന്റെ വരവിനെ ആദരിച്ചു് എഴുന്നേററു കണ്ടില്ല! പിന്നീടു വളരെ ഗൌരവഭാവത്തിൽ ഒരു പണ്ഡിതൻ പതുക്കെ നടന്നു് ആ സ്ഥലത്തു വന്നു കയറി. ഒട്ടുവളരെ ചെറുപ്പക്കാർ, ആ സമയം എഴുന്നേററു് ധൂപദീപങ്ങൾ കാട്ടി ആഗതനെ എതിരേററു. രാജാവും ആസനത്തിൽനിന്നും എഴുന്നേററു നിന്നു. രാജാവെഴുന്നേററപ്പോൾ സന്യാസിമാരും പണ്ഡിതന്മാരും എല്ലാം അവരവരുടെ സ്ഥാനങ്ങളിൽനിന്നു് എഴുന്നേററു. അദ്ദേഹത്തെ ഒരു ശ്രേഷ്ഠമായ ആസനത്തിൽ ഉപവേശിപ്പിക്കുയും ചെയ്തു. ഇങ്ങനെയൊക്കെ ആദരിക്കുന്നതു കണ്ടപ്പോൾ അദ്ദേഹം വല്ല രാജഷിയോ അല്ലെങ്കിൽ പൂജ്യനായ ഏതെങ്കിലും സ്ഥവിരനൊ അതുമല്ലെങ്കിൽ അതീശനൊ ആയിരിക്കാമെന്നു് ഞാനൂഹിച്ചു. എന്നാൽ അതു് 'വീരവജ്രൻ' എന്ന ഒരതിഥി മാത്രമായിരുന്നു. അദ്ദേഹം എവിടത്തുകാരനാണെന്നും, എന്തുമാത്രം പാണ്ഡിത്യമുണ്ടെന്നും ഞാൻ ചോദിച്ചപ്പോൾ അവക്കാക്കും അതറിഞ്ഞുകൂടെന്നായിരുന്നു മറുപടി.

"പീഠങ്ങളെല്ലാം ആളുകളേക്കൊണ്ടു നിറഞ്ഞപ്പോൾ, പൂജ്യനായ അതീശദേവൻ, അദ്ദേഹത്തിന്റെ സകല പ്രതാപങ്ങളോടും കൂടി അവിടേക്കു കടന്നു വന്നു. എന്റെ കണ്ണുകൾ ആരുടെ ദശനത്തെ കാംക്ഷിച്ചിരുന്നുവോ അതു് ആ സമയം സഫലമായി. അദ്ദേഹത്തിന്റെ, മനോഹരമായ ആകൃതിയും മന്ദസ്മിതത്തോടുകൂടിയ മുഖഭാവവും ഏവരുടേയും ഹൃദയത്തിൽ ശരിയായി പതിഞ്ഞു. അദ്ദേഹത്തിന്റെ അരക്കെട്ടിൽനിന്നു് ഒരു കൂട്ടം താക്കോൽ തൂങ്ങിക്കിടന്നിരുന്നു. ഇന്ത്യക്കാരും, നേപ്പാളത്തുകാരും, തിബത്യന്മാരും എല്ലാം കണ്ണിമയ്ക്കാതെ നോക്കിക്കാണുകയും അവരോരോരുത്തരും അദ്ദേഹം തന്റെ നാട്ടുകാരനാണെന്നു് അഭിമാനിക്കുകയും ചെയ്തു. ആ മഹാത്മാവിന്റെ മുഖത്തുനിന്നു പുറപ്പെട്ടിരുന്ന തേജോവിശേഷം മന്ത്രശക്തിയാലെന്നപോലെ എല്ലാവരേയും സ്തംഭിപ്പിച്ചു."

ഈ അതീശനെയാണു് തിബത്തിലെ രാജാവു്, തന്റെ രാജ്യത്തിൽ ബുദ്ധമതം പുനസ്ഥാപിക്കുവാൻ വേണ്ടി ആളയച്ചു വരുത്തിയതു്. അക്കാലത്തു കേവലം അധഃപതിച്ച നിലയിൽ കിടന്നിരുന്ന ബുദ്ധമതത്തിലെ മഹായാനശാഖയെ പുനജ്ജീവിപ്പിച്ചു പ്രചാരത്തിൽ വരുത്തിയതും ഈ അതീശൻ തന്നെയാണു്. "അദ്ദേഹം ബുദ്ധമതത്തിനു തട്ടിയിരുന്ന മാലിന്യങ്ങളെയെല്ലാം ദൂരീകരിക്കുകയും സ്വതവേ അതിനുണ്ടായിരുന്ന പരിശുദ്ധിയും ഉൽകൃഷ്ടതയും ഒരിക്കൽക്കൂടി ഉണ്ടാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അധീനത്തിൽ തിബത്തിലെ ആചാര്യന്മാർ, വിജ്ഞാനസോപാനത്തിലേക്കുള്ള സുഗമവും സുന്ദരവുമായ മാർഗ്ഗം കണ്ടുപിടിക്കതന്നെ ചെയ്തു." (11)

അതീശന്റെ ഈജിപ്റ്റിലേക്കുള്ള ആഗമനവും അവിടത്തെ പ്രവൃത്തികളും കേവലം കെട്ടുകഥകളല്ലെന്നു തെളിയുന്നതു രസാവഹമാണു്. നവീനപയ്യവേക്ഷകന്മാർ ഇതിനെ തെളിയിക്കുകയും ചെയ്യുന്നുണ്ടു്. (12) ആക്കിയോളജിക്കൽ സവ്വേ റിപ്പോർട്ടിൽ ഇങ്ങിനെ പ്രസ്താവിക്കുന്നു.

"അതീശന്റെ കാലത്തെപ്പററി മിസ്റ്റർ ദാസിന്റെ 'ഇൻഡ്യൻപണ്ഡിററ്സ് ഇൻദി ലാൻഡ്ഓഫ്സ്നോ' എന്ന ഗ്രന്ഥത്തിൽ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ അക്കൂട്ടത്തിൽ പറയപ്പെട്ടിരിക്കുന്ന മററു പലരും യഥാർത്ഥത്തിൽ ജീവിച്ചിരുന്നുവോ എന്നുകൂടി ഇക്കാലംവരെ സൂക്ഷ്മമായി അറിവാൻ സാധിച്ചിട്ടില്ല. ഞങ്ങളുടെ സഞ്ചാരങ്ങൾക്കിടയിൽ ആ കാലങ്ങളിലെ ശിലാലിഖിതങ്ങളും മററും ഒട്ടുവളരെ, പൃ, സ്പിതി, ലദഖ തുടങ്ങിയ സ്ഥ

(11) Indian Pandit in the Land of Snow, P. 76.
(12) Historical Documents from the borders of Tibet A. S. R. 1909_10.

ലങ്ങളിൽ കണ്ടുപിടിക്കുകയുണ്ടായിട്ടുണ്ട്'. 'സ്പിതി'യിലുള്ള ടാബോ ദേവാലയത്തിന്റെ ഒരു ഭിത്തിയിൽ, 'ഖ്യാങ്ങ്ചബ്ഓദ്' എന്ന രാജാവിന്റെ കാലത്തെ ഒരു ശിലാലിഖിതവും കണ്ടുകിട്ടിയിരിക്കുന്നു. അതീശനെ തിബത്തിലേക്കു ക്ഷണിച്ചു കൂട്ടിക്കൊണ്ടുപോയതു് ഈ രാജാവാണ്. ടാബോ ദേവാലയത്തിലെ 'നാംപർസ്റ്റാങ്ങ്മദ്സദ്' എന്ന പ്രസിദ്ധമായ ഹാൾ അതീശന്റെ കാലംവരെ യാതൊരു കേടും പററാതെ ഇരുന്നതായും കാണുന്നു." (13)

ഇതേ എഴുത്തുകാരൻതന്നെ, അന്നത്തേ അതിപ്രസിദ്ധന്മാരായ രണ്ടു ബുദ്ധമതാചാര്യന്മാരുടെ പേരുകൾ ഒരു ശിലാലിഖിതത്തിൽ കണ്ടതായിട്ടും പ്രസ്താവിക്കുന്നുണ്ടു്. അവർ "റിൻചൻ ബ്സൻഗോ"വും അതീശനുമാണ്. അതീശനെ തിബത്ത്യൻമാർ "ഫ്യൂൾബ്യൂങ്ങ്" എന്നാണത്രെ വിളിച്ചു വന്നിരുന്നതു്. റിൻചനും, അതീശനും തമ്മിൽ ഉള്ളുകൊണ്ടു് കലശലായ തിരക്കുണ്ടായിരുന്നുവെന്നും ഒടുവിൽ അതീശന്റെ നേതൃത്വം മറേറയാൾ സമ്മതിച്ചു കൊടുത്തുവെന്നും പ്രസ്താവിച്ചിരിക്കുന്നു.

കാലത്തിന്റെ മറിച്ചിൽകൊണ്ടു വിക്രമശിലയുടെ വിഖ്യാതിയും അവിടുത്തെ ഉന്നതഹർമ്മ്യങ്ങളും മററും ഒന്നോടെ നശിച്ചുവെന്നു മാത്രമല്ല അ സ്ഥലംകൂടി കണ്ടുപിടിക്കുക ഇപ്പോൾ ദുഷ്കരമായിത്തീർന്നിരിക്കുന്നു. (തുടരും)

# തോലകവിയും സുഭദ്രാധനഞ്ജയം നാടകവും

(കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി)

## മൂന്നാമങ്കം

(തുടച്ച്)

വിദൂഷകൻ—(വിഷാദത്തോടുകൂടി വിചാരം) പശ്ചിമാവസ്ഥയെ പ്രാപിക്കുവാൻ ഭവിക്കുന്നവനേപ്പോലെ ഇദ്ദേഹം പ്രലപിക്കുന്നു. അത്രതന്നേയല്ല, സന്ധ്യ അതിക്രമിച്ചതിനേപ്പോലും ഇദ്ദേഹം അറിയുന്നില്ല. ഇപ്രകാരമിരിക്കുന്നു ഇദ്ദേഹത്തിന്റെ സമ്മോഹം. ഞാനിവിടെ എന്താണു ചെയ്യേണ്ടതു്? (വിചാരിച്ചിട്ടു്) ഇങ്ങനെ പറയുകതന്നേ. (പ്രകാശം) അങ്ങെന്താണു് കാരണംകൂടാതെ ആത്മാവിനേ ആയാസിപ്പിക്കുന്നതു്? എന്തെന്നാൽ ശ്രീകൃഷ്ണൻ സുഭദ്രയേ അങ്ങേയ്ക്കു തന്നുവെന്നു് അങ്ങുതന്നേ പറയുന്നു. അപ്രകാരംതന്നേ അവൾക്കു് അനുരാഗമുണ്ടെന്നും അങ്ങറിയുന്നു. അങ്ങയുടെ ബാഹുബലം അനുപമമായിട്ടുള്ളതാണെന്നും അങ്ങറിയുന്നു. പിന്നെ എന്താണ് ഇങ്ങനെ സമ്മോഹം? അങ്ങു വിഷാദിക്കേണ്ട. നമുക്കിപ്പോൾ പൊൻതാമരക്കുളത്തിന്റെ കരയ്ക്കുള്ള സഹകാരലതാമണ്ഡപത്തിൽത്തന്നേ പോകാം. അവിടെ ചെന്നാൽ മൃണാളം, ജലാർദ്രിക, തരംഗവായു എന്നുതുടങ്ങിയുള്ളവയേക്കൊണ്ടു് അങ്ങയ്ക്കു് ശിശിരോപചാരം ചെയ്വാൻ സൌകര്യമുണ്ട്.—ഇവിടെ തോലകവിയുടെ ശ്ലോകം. "ഭദ്രാസഹോദരനതാകിയ വാസുഭദ്രൻ
ഭദ്രാനുഭാവ! തവനൽകുമുടൻ സുഭദ്രാം
മുദ്രാദരിദ്രമനുരാഗമവൾക്കു നിങ്കൽ
വിദ്രാപിതാരികുല! ഭദ്രമിദം സമസ്തം"

അർജ്ജുനൻ—(നെടുവീർപ്പിട്ടിട്ടു) തന്റെ ഇഷ്ടംപോലെയാവട്ടെ.

(വിദൂഷകന്റെ തോളിൽപ്പിടിച്ചുംകൊണ്ടു ദുഃഖത്തോടുകൂടി മന്ദംമന്ദം ചുററിനടക്കുന്നു)

(അനന്തരം ദുസ്സഹമായ കാമദുഃഖത്തോടുകൂടിയ സുഭദ്ര പ്രവേശിക്കുന്നു)

സുഭദ്ര— (കണ്ണീരൊലിപ്പിച്ചുകൊണ്ടു്) അല്ലയോ പ്രാണനാഥ! നിങ്ങൾ എന്നേ ഉപേക്ഷിച്ചു് എന്താണു് പോകുന്നതു്?

(13) 'Vide' also the Foreward to 'Rambles in Bihar'

വിദൂഷകൻ—(ചെവികൊടുത്തിട്ട്) ഈ സഹകാരലതാമണ്ഡപത്തിൽ ഒരു സ്ത്രീയുടെ പാരവശ്യത്തോടുകൂടിയ വിലാപം കേൾക്കുന്നു. അതിനാൽ നമുക്കു മറഞ്ഞുനിന്നുകൊണ്ട് ഇവളാരാണെന്നു നോക്കാം.—ഇതിനുപകരമുള്ള ശ്ലോകം.

"മാകന്ദമണ്ഡപഗൃഹത്തിനകത്തിദാനീ—
മാകർണ്ണയേദ മബലാജനദീനവാക്യം
ആരാമവാടിയിലൊളിച്ചിറപാർത്തുനിന്നാ—
ലാരായതെന്നുമറിയാം കിമുതന്തമെന്നും."

അർജ്ജുനൻ—(ആഗ്രഹത്തോടുകൂടി) വയസ്യ! അങ്ങനെതന്നെ ചെയ്യാം. (മറഞ്ഞുനിന്നുംകൊണ്ടുനോക്കീട്ട്) വയസ്യ! നോക്കു നോക്കു;

"വേർത്തു കവിൾത്തടമക്ഷികൾ
വാർത്തൊരുകണ്ണീരിനാൽ നനഞ്ഞേററം
ആർത്തമതായ് നെടുവീർപ്പിട്ടു
പേർത്തേഴമിതു വാക്കിലെന്റെ ചിത്തം താൻ."

വിദൂഷകൻ—(ആനന്ദത്തോടുകൂടി) ആലോചിക്കാതെ കണ്ടുള്ള എന്റെ ഉപായം തന്നെ ഇവളേക്കാണിച്ച് ഇപ്രകാരമുള്ള പ്രാണസംശയത്തിങ്കൽനിന്ന് അങ്ങേ നിവർത്തിപ്പിക്കുന്നു. ഇനി ആലോചിച്ചിട്ടുള്ള ഉപായമായാൽ ഒരു സമയം സംഗമത്തെക്കൂടി ഉണ്ടാക്കുമെന്നാണ് എനിക്കു തോന്നുന്നത്. ഈ വാക്യങ്ങൾക്കുപകരം തോലകവി ഉണ്ടാക്കീട്ടുള്ള ശ്ലോകം. "യദൃച്ഛയാ ചെയ്തൊരു നീതികൌശലം
സുദൃക് സമാലോകന ഹേതുവാകയാൽ
വിചാരപൂർവ്വം മദുപായമെങ്കിലോ
വിവാഹവും കൂടെ ലഭിക്കുമിന്നെടോ!"

സുഭദ്ര—"ഞങ്ങൾ ചാരിത്രശുദ്ധിയില്ലാത്ത നിന്നോടുകൂടി വസിക്കുന്നില്ല." എന്നു നിങ്ങൾ വിചാരിക്കുന്നുവോ? ത്രൈലോക്യത്തിൽ മുഖ്യവില്ലാളിയായും മഹേന്ദ്രന്റെ പുത്രനായും മഹേന്ദ്രാനുജന്റെ ബന്ധുവായും രൂപംകൊണ്ടു കാമദേവനേ ജയിച്ചവനായുമിരിക്കുന്ന അർജ്ജുനങ്കലുള്ള അനുരാഗത്തിനു് എന്താണൊരു നിന്ദ്യതയുള്ളതു്? ഭൂതത്തിന്റെ കൈയിൽനിന്നു നിങ്ങളേ രക്ഷിച്ച മഹാനുഭാവനായ പുരുഷനേക്കുറിച്ചുള്ള സ്നേഹത്തേയും നിങ്ങൾ ദുഷിക്കരുതാത്തതാണ്; പിന്നെ അയോഗ്യനായും അഗന്തുകനായുമുള്ള സന്ന്യാസിയുടെ പ്രതിക്രിയയോടു കൂടാത്തതായും ഏററവും ഉറച്ചതായുമിരിക്കുന്ന അഭിലാഷത്തിൽ എനിക്ക് ഉത്തരമൊന്നും പറയാനില്ല. അതിനാൽ അതിനേക്കാരണമാക്കി നിങ്ങൾ ഇഷ്ടംപോലെ പൊയ്ക്കോൾവിൻ.

അർജ്ജുനൻ—(സന്തോഷത്തോടും രോമാഞ്ചത്തോടും കൂടി) ഹാ! ആശ്ചര്യംതന്നെ. എന്റെ ഭാഗ്യപരിപാകം അതിരമണീയമായിത്തീൎന്നു. സ്നേഹമയങ്ങളായ ഈ അക്ഷരാമൃതങ്ങളേ കേൾപ്പിച്ച ഈ കാമദേവൻ മുൻപുചെയ്തിട്ടുള്ള സകലാപരാധങ്ങളേയും പ്രമാർജ്ജനം ചെയ്തു. (പിന്നെയും ആഗ്രഹത്തോടുകൂടി നോക്കിക്കൊണ്ട്) അല്ലയോ മുഗ്ദ്ധേ!

"ഇക്കാണും വാപിതന്നിൽത്തിരനിരയതിനാൽ ഭിന്നനായിപ്പരം ശോ—
ഭിക്കുന്നീത്തിങ്കൾപോലെ തവ ഹൃദയമതാമംബുവിൽസ്സംക്രമിച്ച്,
വാഴ്കും സങ്കല്പജാലത്തിരനിരയതിനാൽ ഞാനനേകപ്രകാരം
തക്കത്തിൽപ്പിന്നെയും പിന്നെയുമയിദയിതേ! ഭിന്നനായ് ധന്യനായേൻ."

വിദൂഷകൻ—ഇവളിപ്പോൾ അങ്ങേ ഒരാളേത്തന്നേ മൂന്നുപേരായിട്ടു കാമിക്കാൻ തുടങ്ങിയിരിക്കയാണ്. അതിനാൽ അങ്ങു വിവാഹം ചെയ്തുകഴിഞ്ഞു. ഇനി എങ്കൽനിന്നൊരുപദേശം കേട്ടു പ്രവർത്തിക്കുന്നുവെങ്കിൽ അങ്ങയുടെ കാമം ഉപദ്രവംകൂടാതെയിരിക്കും. ഇതിനു പകരം ചൊല്ലാനുള്ള ശ്ലോകം "ഏകനതായ ഭവാനേ
ത്രിധാ വിധായാംബുജാക്ഷി കാമയതേ
ഇവളുടെ പാണിഗ്രഹണം
സാധിച്ചാലൊന്നുവേണമെൻ വചസാ."

അർജ്ജുനൻ—(ചിരിച്ചുംകൊണ്ടു്) വയസ്യ! എന്നാലതു് ഉപദേശിക്ക.

വിദൂഷകൻ—ഇവളേ സ്പഷ്ടമായിട്ടു് ഇന്ദ്രപ്രസ്ഥത്തിങ്കലേയ്ക്കു കൊണ്ടുപോയാൽ ആ ധർമ്മപുത്രപ്പിശാചും ആ വൃദ്ധയും അങ്ങു ബാഹുബലത്താൽ ജയിച്ചുകൊണ്ടുവന്ന തത്രഭവതിയായ പാഞ്ചാലിയേപ്പോലെ ഇവളേയും എല്ലാവർക്കുംകൂടി വീതിക്കും. അങ്ങും 'ജ്യേഷ്ഠൻെറയും അമ്മയുടേയും കല്പനയേ അനുഷ്ഠിക്കാതെയിരിക്കയില്ല. ഇങ്ങനെയാകുമ്പോൾ അങ്ങേയ്ക്കു വലിയ സങ്കടമായിത്തീരും. അതിനാൽ ഇവളേ ആരും കാണാത്തവിധത്തിൽ ഒരു പെട്ടിക്കകത്തുവെച്ചടച്ചു മുദ്രവെച്ചു കൊണ്ടുപോകണം. ഈ വാക്യങ്ങൾക്കുപകരം തോലകവി ഉണ്ടാക്കീട്ടുളള ശ്ലോകങ്ങൾ താഴെച്ചേൎക്കുന്നു.

"ചെമ്മേ സർവസമക്ഷമേവ മിവളേക്കൊണ്ടങ്ങു ചെന്നീടുകിൽ—
ധർമ്മഭ്രാന്തുപിടിച്ച ധർമ്മസുതനും ഭള്ളേറുമാത്തള്ളയും
പാഞ്ചാലീമിവ പഞ്ചപാണ്ഡുതനയന്മാൎക്കും പകുപ്പിക്കുമീ—
ക്കഞ്ചത്താർമിഴിയേയുമെന്നു കരുതിക്കൊളളുാസ്സിൽ വല്ലാതെയാം"

"ഒരു മഞ്ചിയിലിട്ടടച്ചുപൂട്ടി.
ത്തരസാ മുദ്രയുമിട്ടു മൽകരത്തിൽ
തരുമെങ്കിലനൎത്ഥമില്ല മേലിൽ
പുരി പുക്കാലൊരു മന്ദിരത്തിലാക്കാം."

അർജ്ജുനൻ—മൂൎക്ക്ഖ! ഗുരുജനങ്ങളേക്കൂടി ആക്ഷേപിക്കുന്നുവോ?

സുഭദ്ര—(കണ്ണീരോടും ഗൽഗദത്തോടുംകൂടി) സഖികൾ വന്നു് എൻെറ മരണോദ്യമത്തിനു വിഘ്നമുണ്ടാകുന്നതിനുമുൻപു ബഹുപുരുഷാഗ്രഹത്താൽ അതിനിന്ദിതമായിരിക്കുന്ന ഈ പാപശരീരത്തെ ഉപേക്ഷിക്കണം.

അർജ്ജുനൻ— ഇവിടെ എന്താണു് പ്രവൎത്തിക്കേണ്ടതു്? (പൎയ്യാകുലനായി നിൽക്കുന്നു.)

(അനന്തരം കല്പലതികയും ഷൾപദികയും പ്രവേശിക്കുന്നു)

രണ്ടുപേരും—(അടുത്തുചെന്നു വന്ദിച്ചിട്ടു്) ഭൎത്തൃദാരികയ്ക്കു സുഖംതന്നെയോ?

സുഭദ്ര—(വിചാരം) ഹാ കഷ്ടം! ഞാൻ ശങ്കിച്ചതുപോലെതന്നെ ഇവർ വന്നുചേൎന്നു (പ്രകാശം) അല്ലയോ തോഴികളേ! നിങ്ങൾ ഇന്നു വന്നവരാണോ? എന്തെന്നാൽ നിങ്ങൾ അറിയാത്തതുപോലെ എൻെറ സുഖവൎത്തമാനം ചോദിക്കുന്നുവല്ലൊ.

വിദൂഷകൻ— നാം എന്താണു് ചെയ്യേണ്ടതെന്നു വിചാരിച്ചുകൊണ്ടു നിൽക്കുമ്പോൾ വിശന്നിരിക്കുന്നവൎക്കു പായസം എന്നപോലെ സഖികൾ വന്നുചേൎന്നു.

ശ്ലോകം—

"വിശന്നപാരം വലയുന്നനേരം
വെളുത്ത പാൽപ്പായസമെന്നപോലെ
വിഷാദകാലേ ബത! ചേടിമാരും
വിരണ്ടുവന്നാരിഹ ദൈവയോഗാൽ."

അർജ്ജുനൻ—(സന്തോഷത്തോടുകൂടി) വയസ്യ! സത്യംതന്നെ. ഇവർ ആപത്തിൽനിന്നു നമ്മളേ കരയേററി.

കല്പലതിക—ഭൎത്തൃദാരിക പ്രസാദിക്കണേ, പ്രസാദിക്കണേ. ഭൎത്തൃദാരികയ്ക്കു സുഖം വന്നു എന്നറിഞ്ഞുംകൊണ്ടാണു് ഞങ്ങൾ സുഖമോ? എന്നു ചോദിച്ചതു്.

സുഭദ്ര—എനിക്കു് എന്തൊരു സുഖമാണു് വന്നതു്?

ഷൾപദിക—ഭൎത്തൃദാരികേ! ഞങ്ങൾ ഇപ്പോൾ നിൻെറ അടുക്കലേക്കു വരുംവഴിക്കു" ആ മാധവീലതാമണ്ഡപത്തിൽ ഭൎത്തൃദാരികയേ ഉദ്ദേശിച്ചു് ആ ഭഗവാൻെറയും ശാസ്ത്രികാരായനായ ആ ബ്രാഹ്മണൻെറയും കാമപീഡയേ സൂചിപ്പിക്കുന്ന ആലാപത്തെ കേട്ടിട്ടു അദ്ദേഹത്തിൻെറ അതിദുസ്സഹമായ അവസ്ഥയേക്കാൾ ഏററവും ലഘുവാണു് ഭൎത്തൃദാരികയുടെ കാമപീഡ എന്നു ഞങ്ങൾ വിചാരിച്ചു.

വിദൂഷകൻ—(ഓർമ്മയെ നടിച്ചിട്ട്) അല്ലയോ വയസ്യ! "ഗാത്രികാചോരൻ" എന്നുള്ള ഈ വാക്കു കേട്ടപ്പോൾ ആ മാധവീലതാമണ്ഡപത്തിൽ ഗാത്രിക വെച്ചുമറന്നു എന്നു ഞാനോർത്തു. അതു ഞാൻ എടുത്തുംകൊണ്ടു വരട്ടെ [പോയി]

ഈ വാക്യങ്ങൾക്കു പകരം തോലകവി ഉണ്ടാക്കീട്ടുള്ള ശ്ലോകം—

"ചെറുമികളിവർ നമ്മേ "ഗാത്രികാചോര"നിത്ഥം
പറക ബത! നിമിത്തം ചിത്തസമ്മോഹമൂലം
മറവി മമ ഗമിച്ചു, മാധവീമണ്ഡപാന്തൽ
ത്വരിതമഹമിദാനീം ഗാത്രികാമാനയാമി."

സുഭദ്ര—(നിന്ദയോടുകൂടി) അതുകൊണ്ടെന്തു? ഞാൻ ആ ഭഗവാനേ അധോഗതിയിലാക്കീട്ടു ചന്ദ്രനെപ്പോലെ നിർമ്മലമായ തന്റെ വംശത്തിനു കളങ്കമുണ്ടാക്കിത്തീർക്കയില്ല നിശ്ചയം. മരിക്കുവോളം ഈ ദുഃഖസമുദ്രത്തിൽ മുഴുകി സ്ഥിതിചെയ്യുകതന്നെ. ഇതിരിക്കട്ടെ. പിന്നെ നിങ്ങളെന്താണ് ഇത്ര താമസിച്ചതു്?

അർജ്ജുനൻ—(ബഹുമാനത്തോടുകൂടി) അല്ലയോ പ്രിയതമേ! നിന്നാൽ ഈ യാദവകുലം അലങ്കരിക്കപ്പെട്ടു. അത്രതന്നെയുമല്ല—

"നിർവ്വേദത്തെയുമങ്ങുനല്ല ചരിതത്തെയും കഥിക്കുന്നൊരീ
നിൻവാക്കെന്മനമെത്രയോ ബത! രമിപ്പിക്കുന്നു, രാഗങ്ങളേ
നിർവ്യാജം വെളിവാക്കി നൽ പ്രണയമാന്ന്യത്യന്തഭംഗ്യാ സമം
പൂർവ്വം ചൊന്ന വചസ്സുമൻപൊടു രമിപ്പിച്ചില്ല കേളത്രയും."

ഷൾപദിക—അപ്പോൾ പൂജ്യയായ ഭട്ടിനി ഞങ്ങളേ വിളിച്ചു്, "അല്ലയോ ബാലികമാരേ! നിങ്ങൾ ഞാൻ പറഞ്ഞതായിട്ടു വത്സയായ സുഭദ്രയോടു്, "ഇന്നു നീ സ്നാനാശനാദികളിൽ താൽപ്പര്യപ്പെടാതെയിരിക്കുന്നുവെങ്കിൽ ഞാനും ദേഹവൃത്തികളിലൊന്നും ചെയ്യുകയില്ല" എന്നു പറയണം" എന്നു് ആജ്ഞാപിച്ചു.

സുഭദ്ര—(വിചാരം) ഇതു നന്നായി. ഈ വ്യാജത്താൽതന്നെ ഒരുത്തിയേ പറഞ്ഞയക്കാം. (പ്രകാശം) അല്ലയോ ഷൾപദികേ! നീ ചെന്നു്, "അമ്മ എങ്ങനെ പറയുന്നുവോ അതുപോലെയൊക്കെയാകാം" എന്നു ഞാൻ പറഞ്ഞതായി പറയൂ.

ഷൾപദിക—ഞാൻ അനുഗൃഹീതയായി [പോയി]

സുഭദ്ര—(വിചാരം) ഇനി ഇവളേ എങ്ങനെയാണ് പറഞ്ഞയക്കേണ്ടതു്? ആട്ടെ, ഇങ്ങനെ പറയുകതന്നെ. (പ്രകാശം) അല്ലയോ കല്പലതികേ! എനിക്കു സന്താപം സഹിക്കവഹിയാതെ ആയിരുന്നു. അതിനാൽ കൌസ്തുഭസഹോദരങ്ങളായും അമൃതമയങ്ങളായുമുള്ള മുത്തുമണികൾ കോർത്തതും സർവ്വസന്താപഹരമെന്നു പേരോടുകൂടിയതുമായ ഒരു ഹാരമുണ്ടല്ലൊ. നീ പോയി അതു എടുത്തുകൊണ്ടുവരണം.

കല്പലതിക—ഇവിടെ സഹായത്തിനു ആരുമില്ലാതെ ഭർത്തൃദാരികയേ തനിച്ചാക്കിയുംവച്ചു ഞാനെങ്ങനെ പോകും?

സുഭദ്ര—(കോപത്തോടുകൂടി) ഞാൻ ജീവിച്ചിരിക്കണമെന്നു നിനക്കു ആഗ്രഹമില്ലയോ?

കല്പലതിക—എന്താ നിവൃത്തി? ഭർത്തൃദാരിക ആജ്ഞാപിക്കുന്നതുപോലെ ചെയ്യാം.

[മനസ്സില്ലാതെ പോയി]

അർജ്ജുനൻ—ഹാ! ഇവൾ ഈ ലതാമണ്ഡപത്തിൽ ആരുമില്ലാതെയാക്കിത്തീർത്തു. മരിക്കാനാരംഭിക്കുകയാണെന്നു തോന്നുന്നു. ആട്ടെ, സന്നദ്ധനായി, മനസ്സിരുത്തി, കാത്തുനില്ക്കാം.

സുഭദ്ര—(ചുറ്റും നോക്കീട്ടു്) ഭാഗ്യത്താൽ ഈ പ്രദേശത്തു് ആരുമില്ലാതെയായി. ഇനി ഞാൻ കാമഭ്രാന്തിലും പുംശ്ചലീത്വത്തിലും കിടന്നു സംശയിക്കുന്നില്ല. ഈ തേന്മാവിന്റെ കൊമ്പിൽ തൂങ്ങിക്കിടക്കുന്ന ഈ മാധവീലതകൊണ്ടു് ഇഷ്ടംപോലെ ചെയ്യുതന്നെ. (ലതാപാ

ശം എടുത്തു കണ്ണീരൊലിപ്പിച്ചുകൊണ്ടു്) ഹാ! അംബ!, ഹാ! താത!, ഹാ! ജ്യേഷ്ഠ ബലഭദ്ര!, ഹാ! എന്നിൽ നിത്യബദ്ധജീവിതസുഖനായ വാസുഭദ്ര!, ഹാ! അംബയശോദേ!, ഹാ! താത നന്ദഗോപ! ഇതാ ഞാൻ അനാഥയെന്നപോലെ നിങ്ങളുടെ ദർശനസുഖത്തിന് ഏററവും അവിഷയമായിട്ടുള്ള പശ്ചിമാവസ്ഥയെ പ്രാപിക്കുവാൻ ഭാവിക്കുന്നു. അല്ലയോ മനോരഥ വല്ലഭനായ അർജ്ജുന! അനന്യസാധാരണമായ അനുരാഗത്തോടുകൂടിയ ഞാൻ ഇനിയത്തെ ജന്മത്തിലെങ്കിലും ഭവാന്റെ പാദശുശ്രൂഷ ചെയ്യുന്നവളായി ഭവിക്കണേ.

[കഴുത്തിൽ ലതാപാശത്തെ മുറുക്കുന്നു]

അർജ്ജുനൻ—(സംഭ്രമത്തോടുകൂടി അടുത്തുചെന്നു ലതാപാശം അഴിച്ചുകളഞ്ഞിട്ടു്)

"വല്ലീപാശത്തിനാൽ നീ കൃശരുചിരയതാം ഗ്രീവയേക്കോപശീലേ!
വല്ലാതത്തൽപ്പെടുത്തീടരുതരുതു പുണർന്നീടുവാൻ ഗാഢഗാഢം
എല്ലാനാളും നിതാന്തം കൊതിയതിയലുമെൻബാഹുപാശം സഹിക്കു-
ന്നില്ലേതും തത്ര വന്നീടിന കഠിനമതാം കാലപാശത്തെ ബാലേ!."

സുഭദ്ര—(കോപത്തോടുകൂടി) ആരാണെനിക്കു് ഇച്ഛാഭംഗത്തെ ചെയ്യുന്നതു്? (പിന്നെ നോക്കീട്ടു രോമാഞ്ചത്തോടുകൂടി) ഭഗവൻ! ഇതാ ഞാൻ വന്ദിക്കുന്നു. സമയവിരോധിനിയായ ഈ പ്രവൃത്തികൊണ്ടു തന്റെ മോക്ഷമാർഗ്ഗത്തെ അങ്ങു ദൂഷിപ്പിക്കരുതു്. മൂന്നു പുരുഷന്മാരേക്കുറിച്ചുള്ള പ്രണയംകൊണ്ടുണ്ടായ പാപത്തിന്റെ പ്രതിക്രിയയായ എന്റെ പരലോകഗതിയേ അങ്ങു തടുക്കരുതു്.

അർജ്ജുനൻ—അല്ലയോ മുഗ്ദ്ധേ! ഭ്രമംകൊണ്ടുള്ള ഈ ദുർവിചാരങ്ങളൊന്നും വേണ്ട. കണ്ടാലും—

"യൽപ്രേമത്തോടുമൊന്നിച്ചണിമുല വലുതായ് നിന്റെ സംസ്പർശമൂലം
യൽപ്പൂമെ കോൾമയിർക്കൊണ്ടിതു പൃഥുജഘനേ! നൽപ്രഭാസോപകണ്ഠേ
താൽപ്രാപ്തിക്കായ് പരിവ്രാജകനുടെ വടിവായ്ത്തീർന്നഹോ! യാതൊരുത്തൻ
കേട്ടോടാ മൂവരേയും കുവലയമിഴി! ഞാനെന്നറിഞ്ഞീടണം നീ."

സുഭദ്ര—(സന്തോഷത്തോടുകൂടി വിചാരം) ഹാ! എന്റെ ഹൃദയാപഹാരികളായ അവർ രണ്ടുപേരും ദയിതനായ അർജ്ജുനനായിത്തീർന്നു. (ശരീരം വിറച്ചുകൊണ്ടു്) അയ്യോ! എന്റെ സന്തോഷംകൊണ്ടുള്ള വേദനയും ദുഃഖംകൊണ്ടുണ്ടായ വേദനയിലിരട്ടി ദുസ്സഹതയുമുണ്ടു്. മുൻപു ദുഃഖമുണ്ടായപ്പോൾ പ്രാണങ്ങളെ ത്യജിക്കുവാൻ വളരെ പ്രയത്നംചെയ്തു. എന്നാൽ ഇപ്പോൾ പ്രാണങ്ങൾ താനേതന്നെ നിർഗ്ഗമിക്കുന്നുവോ എന്നു തോന്നുന്നു.

[അമ്മാവിനേ ഉറപ്പിച്ചുകൊണ്ടു നിൽക്കുന്നു.]

കല്പലതിക—(ഹാരം എടുത്തുംകൊണ്ടു പ്രവേശിച്ചിട്ടു ലതാപാശം കണ്ടു വിഷാദത്തോടുകൂടി) ഭർത്തൃദാരിക എന്താണത്സാഹിച്ചതു? [കണ്ണീരൊലിപ്പിച്ചുംകൊണ്ടു കാൽക്കൽ വീഴുന്നു.]

സുഭദ്ര—(സംഭ്രമത്തോടുകൂടി പിടിച്ചെണീപ്പിച്ചിട്ടു) തോഴീ! നീ വിഷാദിക്കേണ്ട. [ഇങ്ങനെയൊക്കെ എന്നു ചെവിയിൽപ്പറയുന്നു.]

കല്പലതിക—ഭാഗ്യത്താൽ എന്നെ ജീവിപ്പിച്ചു. ഭർത്തൃദാരികയ്ക്കു ഈ ഹാരംകൂടാതെ വേറൊരു സർവ്വസന്താപഹരനുണ്ടായി. (അർജ്ജുനനേ നോക്കീട്ടു കുമാരൻ ജയിച്ചാലും [നമസ്കരിക്കുന്നു.]

അർജ്ജുനൻ—പ്രിയേ! ക്ഷത്രിയന്മാർക്കുചിതമായ ഗാന്ധർവ്വവിവാഹമാർഗ്ഗത്താൽ നിന്റെ കൈയിനേ എന്നേക്കൊണ്ടു ഗ്രഹിപ്പിക്കാതെ ഈ കാമദേവൻ അടങ്ങുകയില്ല. അതിനാൽ ഇവന്റെ അനുഗ്രഹത്തേ സാധിപ്പിച്ചാലും.

(സുഭദ്ര അനുഗ്രഹത്തോടുകൂടി അർജ്ജുനനേ നോക്കി നെടുവീർപ്പിട്ടു കണ്ണീരൊലിപ്പിച്ചുകൊണ്ടു നിൽക്കുന്നു.)

അർജ്ജുനൻ—(ഊഹത്തോടുകൂടി വിചാരം) ഇവൾ ശ്രീകൃഷ്ണന്റെ അനുവാദംകൂടാതെ എന്റെ പ്രാർത്ഥനയെ നിറവേററുവാൻ ശക്തയല്ലാഞ്ഞിട്ടാണു് പരവശയായി നിൽക്കു

നതെന്നു തോന്നുന്നു. അതിനാൽ ഇങ്ങനെ പറയുകതന്നെ. (പ്രകാശം) പ്രിയേ! ഭവതി വിഷാദിക്കേണ്ട.

"എന്നുടെ ജനകൻ വാസവ—
നിന്നമ്മൾക്കുള്ള ദുർല്ലഭയറിഞ്ഞ്
നിന്നുടെ സഹജൻ കൃഷ്ണൻ—
തന്നരികിൽച്ചെന്നു നിന്നെ യൎത്ഥിക്കും."

സുഭദ്ര—(സ്വകാര്യമായിട്ട് കല്പലതികയോട്) തോഴി! ഇപ്പോൾ എന്നെ സങ്കടത്തിൽ നിന്നു കരയേററി.

സുഭദ്രയും അർജ്ജുനനും ശ്രീകൃഷ്ണനേയും ഇന്ദ്രനേയും ധ്യാനിക്കുന്നു.)

(ഗാത്രികയെടുത്തുംകൊണ്ട് സംഭ്രമത്തോടുകൂടി വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂഷകൻ—(സർവ്വത്ര നോക്കീട്ടു) വയസ്യ! കണ്ടാലും കണ്ടാലും ഇതാ രാക്ഷസന്മാരും പിശാചുക്കളും ആകാശത്തിൽനിന്നു പറന്നിറങ്ങി മാളികപ്പുറത്തു വന്നു വീഴുന്നു. അതിനാൽ സുഖകരമായിട്ടുള്ള പ്രദേശത്തെങ്ങാനും നമുക്കു വേഗത്തിൽപ്പോകാം.

ഇതിൻ പകരമുള്ള ശ്ലോകം—

"ഭോഭോ! യക്ഷപിശാച രാക്ഷസകുലം മാനത്തുനിന്നുച്ചകൈ—
രാഭോഗേന പറന്നു വന്നിഹ മഹാസൌധേ പരന്നീടിനാർ
അക്കൂട്ടം ബത!വന്നു നമ്മെയഖിലം തിന്നുന്നതിൻ മുന്നമേ
വെക്കം മറെറാരു ദിക്കിലേക്കു ഗമനം നല്ലൂ നമുക്കിന്നെടോ."

സുഭദ്ര—(ഭയത്തോടുകൂടി) അയ്യോ! എന്താണിതു്?

അർജ്ജുനൻ— അല്ലയോ ദയാശീലേ! ഭവതി പേടിക്കേണ്ട. ഇതു കൌണ്ഡിന്യൻെറ ഭ്രാന്താണു്. സൂരിച്ച സമയം തന്നെ ഇങ്ങോട്ടുവരുന്നമൽപിതാവായ മഹേന്ദ്രൻെറ വരവിനെ സൂചിപ്പിക്കുന്ന ദിവ്യജനപരിവാരമാണതെന്നു ഞാൻ വിചാരിക്കുന്നു.

(അണിയറയിൽ)

"വിണ്ണോർ നാരികൾ, ലോകപാലകർ, മുനീന്ദ്രന്മാരുമൊത്തങ്ങനെ
വിണ്ണോർ നായകനംബരാന്തമതിൽ നിന്നൻപോടിറങ്ങുന്നിതാ"

അർജ്ജുനൻ—(കേട്ടിട്ടു്) ഇതാരാണറിയിച്ചതു്?

(അനന്തരം ദേവദൂതൻ പ്രവേശിക്കുന്നു)

ദേവദൂതൻ—

"വിണ്ണോർനാരികൾ, ലോകപാലകർ, മുനീന്ദ്രന്മാരുമൊത്തങ്ങനേ
വിണ്ണോർ നായകനംബരാന്തമതിൽ നിന്നൻപോടിറങ്ങുന്നിതാ

(മറെറാരിടത്തു നോക്കീട്ട്)

തിണ്ണെന്നല്പമതായിടും പരിജനത്തോടൊത്തിതാ കൌണ്ഡൽതൻ—
വണ്ണം ചേർന്നൊരു വാസുഭദ്രനഭിമാനം ചെയ്ക ജംഭാരിയേ.

അത്ര തന്നെയുമല്ല, മാധവീലതാ ഗൃഹത്തിൽ വിവാഹത്തിനു് വേണ്ടുന്ന വിവിധോപകരണങ്ങളൊക്കെയും ശേഖരിച്ചുകൊണ്ടു് ഭഗവാൻ കാശ്യപമഹർഷി ഹോമത്തിനു് ഒരുങ്ങിയിരിക്കുന്നു. എന്നു തന്നെയല്ല ഈ സുഭദ്രയെ മംഗളസ്നാനം ചെയ്യിച്ച് അലങ്കാരങ്ങളൊക്കെയും അണിയിക്കുവാൻ അങ്ങയുടെ അമ്മയായ ശചീദേവി വിളിച്ചുകഴിഞ്ഞു. അങ്ങും അമ്മയെ വന്ദിച്ചിട്ടു് വിവാഹക്രിയകൾ ആരംഭിച്ചാലും.

അർജ്ജുനൻ—ഗുരുക്കന്മാരാജ്ഞാപിക്കുന്നതുപോലെ ചെയ്യാം.

ദേവദൂതൻ —ഭവതി ഇതിലേ ഇതിലേ.

[സപരിവാരയായ സുഭദ്രയോടു കൂടി പോയി.

വിദൂഷകൻ—വയസ്യ! ഇതെന്താണ്?

അർജ്ജുനൻ—ഇങ്ങനെയാണ്.

വിദൂഷകൻ—ഇങ്ങനെയാണെങ്കിൽ പരന്റെ വയസ്യനായ എനിക്കും അലങ്കരിക്കണം. അതിനാൽ ദാനമായി കിട്ടീട്ടുള്ള ഈ ഗാത്രികകൊണ്ട് ആത്മാവിനേ അലങ്കരിപ്പിക്ക തന്നെ.

ഈ വാക്യങ്ങൾക്കു പകരമുള്ള ശ്ലോകം:—

"ഒക്കെ പ്രത്യക്ഷമായോ? മധുരിപുസഹജാം കെട്ടിഞാന്നൊട്ടുനേരം
ദുഃഖം പോക്കാനൊരുമ്പെട്ടിതു സപദി ഭവാൻ ചെന്നുടൻ വേർപെടുത്തോ?
തക്കത്തോരും വിവാഹോത്സവമുപഗതമെന്നാകിലിപ്പോൾ നമുക്കും
ശക്യം കോപ്പിട്ടിരിപ്പാനണിവെനിഹ മുലക്കച്ചകൊണ്ടുച്ചശോഭം

[ഗാത്രിക കഴുത്തിൽ കെട്ടുന്നു.]

അർജ്ജുനൻ—(ചിരിച്ചുംകൊണ്ട്) ആഭരണങ്ങളണിയുന്നതിനുള്ള സ്ഥാനങ്ങളേ അങ്ങു നല്ലപോലെ അറിയുന്നു.

(അണിയറയിൽ)

അത്ര ഭവതിയായ സുഭദ്രയുടെ—

നന്നായ് മാണിക്യ കാഞ്ചീലതയതു ജഘനേ ചേർക്കെടോ മേനകേ! നീ
മന്ദാരസ്രക്കിനേ നൽക്കുടിലമുടിയൊടും ചേർക്കനീ മിശ്രകേശി!
മിന്നും ഗണ്ഡങ്ങളിൽ ച്ചേർത്തെഴുതുക വിരവിൽ പത്രഭംഗത്തെ രംഭേ!
കുന്നൊക്കും കൊങ്കമേലുർവ്വശി! പരമണിയിക്കാശു മുക്താസരം നീ

വിദൂഷകൻ—(കേട്ടിട്ട്) ഓ! കന്യകയേ അലങ്കരിപ്പിച്ചുകഴിഞ്ഞു. അതിനാൽ തത്ര ഭവാനും വേഗത്തിൽ കൂടണം.

ഈ വാക്യങ്ങൾക്കു പകരമുള്ള ശ്ലോകം താഴെച്ചേർക്കുന്നു.

"കന്യാലങ്കരണം തുടന്നിതു ദൃഢം സന്യാസിവേഷം വെടി—
ഞ്ഞന്യാനന്ദകൃദാത്മരൂപമുടനേ കൈക്കൊണ്ടു നിൽക്കു ഭവാൻ
ധന്യൻ ഞാനപി കന്യകാമണിമഹാ കല്യാണ കോലാഹലേ
നന്നായഷ്ടി കഴിച്ചുതുഷ്ടിമധികം ലബ്ധ്വാ സുഖിച്ചീടുവെൻ."

അർജ്ജുനൻ—അങ്ങനെതന്നെ ഉത്തമപക്ഷം [രണ്ടുപേരും പോയി.]

മൂന്നാമങ്കം കഴിഞ്ഞു.

## ചലൂക്യവംശം.

(മലയാളപണ്ഡിതർ. വി. ആർ. പരമേശ്വരൻപിള്ള.)

ദക്ഷിണഭാരതത്തിൽ വളരെക്കാലം ഏകഛത്രാധിപത്യം വഹിച്ചിരുന്ന ചലൂക്യവംശക്കാരെ ചാളുക്യർ, ചൗളുക്യർ, ചുളുക്യർ, ചലിക്യർ, ചളുക്കർ, ശോലങ്കികൾ, ചൽക്യർ, ചോലകികൾ എന്നിങ്ങനെ പല നാമങ്ങളിലാണ് പുരാതനഗ്രന്ഥങ്ങളിലും ശാസനങ്ങളിലും പ്രസ്താവിച്ചുകാണുന്നത്.

ഒരിക്കൽ ബ്രഹ്മാവ് സന്ധ്യാവന്ദനം ചെയ്തുകൊണ്ടിരിക്കവെ ദേവേന്ദ്രൻ അദ്ദേഹത്തിനോട് ഭൂമിയിൽ പാപികളധികമായിത്തീർന്നിരിക്കുന്നതിനാൽ അവരെ നിഗ്രഹിക്കുന്നതിന് ഒരു വീരനെ സൃഷ്ടിക്കണമെന്ന് പ്രാർത്ഥിച്ചതിനാൽ വേധാവ് തന്റെ ചുളുകത്തെ(ആചമനാർത്ഥം സജ്ജമാക്കിയ കരതലത്തെ) നോക്കിയ സമയം അതിൽനിന്നും ചുളുകൻ എന്ന വീരൻ ഉത്ഭവിച്ചുവെന്നും അദ്ദേഹത്തിന്റെ പിൻഗാമികൾക്ക് ചൗളുക്യർ അല്ലെങ്കിൽ ചുളുക്യർ എന്നു പേരു സിദ്ധിച്ചുവെന്നും ബിൽഹണൻ വിക്രമാങ്കദേവചരിതത്തിൽ പ

റഞ്ഞിരിക്കുന്നു. a ഹന്താക്കിശാസനത്തിലും ഇക്കഥ കാണുന്നുണ്ട്. b കലച്ചൂരിവംശജനായ രണ്ടാം ഹേഹയൻെറ ശാസനത്തിൽ പാഞ്ചാലരാജാവു് അപമാനിച്ചതിനാൽ ദ്രോണാചാര്യർ കുപിതനായി ശപിച്ചപ്പോൾ അദ്ദേഹത്തിൻെറ ചുളുകത്തിൽനിന്നും ചലൂക്യർ ജനിച്ചുവെന്ന് പ്രസ്താവിക്കുന്നു. c വേറൊന്നിൽ അവർ ഔത്തരാഹമഹർഷിയായ ഹാരിതീപഞ്ചശിഖരുടെ ചുളുകത്തിൽ പിറന്നവരാണെന്നു വർണ്ണിക്കുന്നുണ്ടു്. ഇപ്രകാരം പരസ്പരവിരുദ്ധങ്ങളായ കഥകളിൽനിന്നും ചുളുകം എന്ന പദത്തിൽനിന്നും ചലൂക്യരെന്ന പേരുണ്ടായിയെന്നു കരുതുന്നതിനല്ലാതെ ചരിത്രതത്വങ്ങളെ സംബന്ധിച്ചിടത്തോളം മറ്റൊന്നുംതന്നെ വ്യക്തമാകുന്നില്ല.

×ചലൂക്യന്മാർ സ്വന്തം പ്രശംസകളിൽ തങ്ങൾ ചന്ദ്രവംശക്കാരാണെന്നും ഹാരിതീസൂനുക്കളാണെന്നും മാനവ്യഗോത്രജരാണെന്നും സത്യാശ്രയകുലതിലകന്മാരാണെന്നും പറഞ്ഞിരിക്കുന്നു. ചാൻഡ്ബർഡായിയുടെ (chand bardai) പൃത്ഥ്വിരാജരായ്സാ എന്ന ഗ്രന്ഥത്തിൽ അവർ അഗ്നിഗോത്രത്തിൽജനിച്ചവരാണെന്നു പറഞ്ഞിട്ടുള്ളതും ഇവിടെ സ്മരണീയമത്രെ. എന്നാൽ ശിലാശാസനങ്ങളിലും പ്രധാന ചരിത്രഗ്രന്ഥങ്ങളിലും ഇപ്രകാരം പ്രസ്താവിച്ചിട്ടില്ലാത്തതുകൊണ്ടും ഇവക്കു തക്ക ആധാരങ്ങൾ കാണിക്കാത്തതിനാലും ചലൂക്യരുടെ കുലമിന്നതെന്നു തീർച്ചയാക്കാൻ വഴി കാണുന്നില്ല.

ഇവർ വേൾകുലജാതരാണെന്നു മിസ്റ്റർ എം. രാഘവയ്യങ്കാർ അഭിപ്രായപ്പെടുന്നു. അദ്ദേഹം പറയുന്ന കാരണങ്ങളിവയാണ് (1) 'താരകാരിയും ചളുക്കിയർവേത്തനും വേനിലാളനും വേളെനലാകും' എന്നു പിങ്കലത്തെയിലും (2) 'വേൾപുല അരശർ ചളുക്കുവേത്തർ' 'കേഴൽ വേൾപുല' അരശർക്കൊടിയേ' എന്നിങ്ങനെ ദിവാകരത്തിലും (3) വേൾക്കുലത്തരശർ 'വേൾക്കുലച്ചളുക്കിയർ' എന്നിപ്രകാരം അനന്തരകാലശാസനങ്ങളിലും കാണുന്നു. (4) വേൾധാതുവിൽനിന്നുണ്ടായ വേളാളർ എന്ന കുലനാമവും വേൾപുലം, വേളൂർ, വേളൂരകം, വേളാപുരം, വേളകം ആദിയായ സ്ഥലനാമങ്ങളും ഈ ഊഹത്തെ ബലപ്പെടുത്തുകയാണു ചെയ്യുന്നതു്. തമിഴ്നാട്ടിൽ വേളിർ എന്നു വിളിക്കപ്പെടുന്നവർ രാജാക്കന്മാരായിരുന്നുവെന്നും പ്രായേണ എല്ലാ ദ്രാവിഡപണ്ഡിതന്മാരും സമ്മതിക്കുന്നു. ഇവരേ വേളിർ എന്നു വിളിക്കുന്നതിനു കാരണങ്ങളായി സാമ്രാജ്യാധിപനു കീഴടങ്ങിയിരുന്നതിനേയും യാഗസമയത്തുണ്ടായവരെന്ന ഐതിഹ്യത്തേയും കൃഷിത്തൊഴിലിൽ വ്യാപൃതരായിരുന്നതിനേയും അപരന്മാക്കു അന്നദാനാദികൾ ചെയ്തുവന്നിരുന്നതിനേയും മററും ചിലർ തങ്ങളുടെ വാഗ്വൈഭവംപോലെ വാദിക്കുന്നു. എന്നാൽ ഈ വാദങ്ങളെല്ലാംതന്നേ വേൾ എന്ന പദത്തിനു തമിഴകാരാരാദിയിൽ കാണിച്ചിട്ടുള്ള നാനാൎത്ഥങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തി പുറപ്പെടുവിച്ചിട്ടുള്ളവയായതുകൊണ്ടു ചരിത്രസംബന്ധമുള്ളവയെന്നു കരുതി അംഗീകരിക്കാൻ യോഗ്യതയുള്ളവകളല്ല. പുറനാനൂർ എന്ന തമിഴ്ഗ്രന്ഥത്തിൽ ഇരുനൂററിയൊന്നാം പദ്യത്തിൽ 'വടപാൻ മുഴവൻ തടവിനുട്ടോൻറി . . . . . . . നാർപത്തൊൻപതു വഴി മുറൈ വന്ത വേളിരുൾവേളേ' എന്നൊരു ഭാഗമുണ്ടു്. ഈ ഭാഗത്തു പ്രയോഗിച്ചിട്ടുള്ള 'തടവു്' എന്ന പദത്തിനു പ്രസ്തുത ഗ്രന്ഥത്തിൻെറ വ്യാഖ്യാതാവ് ഹോമകുണ്ഡം എന്നൎത്ഥംപറയുന്നു. ഇതിനേ സമ്മതിക്കാമെങ്കിൽ ചലൂക്യർ അഗ്നികുലജരെന്നു പറയുന്നതു ശരിയാണെന്നുകാണാം. എന്നാൽ അപ്രകാരം വിചാരിക്കാൻ മാൎഗ്ഗമില്ലെന്നു മുൻപു പ്രസ്താവിച്ചിട്ടുമുണ്ടു്. യാഗ (വേൾവി) സമയത്തുണ്ടായവരെന്നു പറയുന്നതിനനുസരണമായി "തടവു്" എന്നതിനു യാഗപാത്രമെന്നൎത്ഥം. വചിക്കുന്നതു ശരിയായിരിക്കുമെന്നു മിസ്റ്റർ എം. രാഘവയ്യങ്കാർ പറയുന്നതും ഇവിടെ ചിന്തനീയമാണ്. എന്നാൽ തടവു എന്ന പദത്തിനു 'തടവെൻകിളിവികോട്ടമുഞ്ചെയ്യും' എന്ന തൊൽക്കാപ്പിയസൂത്രപ്രകാരം സംസ്കൃത

a. journal of the Royal Asiatic Society. IV. 8.
b. Epigraphia Indica 1. 257.
c. Indian Antiquary. V11. 74. and
B0mbay Gazeteer 1V 339.
× Hemachandra's Dwasraya Kosha and Jinaharshana's
Vsstupala charitha.

ത്തിലേ ചുളുകമെന്ന പദത്തിനുള്ള അൎത്ഥം സ്വീകരിക്കുന്നതു മുൻപു പ്രസ്താവിച്ച അനേകം പുരാതന കഥകൾക്കും അനുയോജ്യമായിരിക്കും.

Dചലൂക്യർ ഗുജ്ജരകുലക്കാരാണെന്നു മിസ്റ്റർ ഡി. ആർ. ഭണ്ഡാരകൻ അഭിപ്രായപ്പെടുന്നു. ഇവർ പരദേശത്തുനിന്നും വന്നുചേൎന്നതുകൊണ്ടാണ് അതുവരെ ലാടദേശമെന്നു വ്യവഹരിച്ചുവന്ന നാടിനു ഗുജ്ജർരാഷ്ട്രം എന്നു പേർകിട്ടിയതെന്നു പറഞ്ഞു അദ്ദേഹം സ്വമതസ്ഥാപനംചെയ്യുന്നു. എന്നാൽ ഈ ഊഹത്തിനു ശാസനങ്ങളിൽ നിന്നും യാതൊരുലക്ഷ്യങ്ങളും ലഭിച്ചിട്ടില്ലെന്നു ആ മാന്യൻതന്നേ സമ്മതിക്കുന്നതിനാലും ലാടനാമം ഗുജ്ജരദേശത്തിന്റെ ഒരു പകുതിക്കു അവർകുടിയേറിക്കഴിഞ്ഞശേഷവും പ്രചാരത്തിലിരുന്നതായിക്കാണുന്നതിനാലും ഈ അനുമാനവും അംഗീകാരയോഗ്യമല്ലെന്നുതന്നേ തീൎച്ചയാക്കാം. എന്നുമാത്രമല്ല ഗുജറാററു എന്ന ദേശനാമത്തെ മാത്രം ആസ്പദമാക്കിക്കൊണ്ടു അവിടെ ഉപനിവേശം ചെയ്തവരുടെ വംശനിൎണ്ണയം ചെയ്യുന്നത് അബദ്ധമായിപ്പൎയ്യവസാനിക്കാനെളുപ്പമുള്ളതുമാണ്.

× ചലൂക്യർ ആദ്യമായി കുടിയേറിത്താമസിച്ചതു സ്വലാക്ഗിരിപ്രാന്തത്തിലുള്ള സപാതലക്ഷത്തിന്റെ തലസ്ഥാനമായ അഹിഛത്രത്തിലായിരുന്നുവെന്നു മിസ്റ്റർ ഡി. ആർ ഭണ്ഡാരകൻ ശാസനാധാരങ്ങളോടുകൂടി ഊഹിച്ചിട്ടുണ്ട്. 1 'ഇവർ ആദ്യഭരണംനടത്തിയതു് അയോദ്ധ്യായിലായിരുന്നുവെന്നും പിന്നീടു വിജിഗീഷുക്കളായി ദക്ഷിണഭാഗങ്ങളിൽ പ്രവേശിച്ചുവെന്നുമാണു ബിൽഹണൻ പ്രസ്താവിക്കുന്നതു്. അയോധ്യയിൽ അമ്പത്തൊമ്പതുപേർ ഭരിച്ചുവെന്നും അവരുടെ പിൻഗാമികൾ ഗംഗാനദിയുടെ തെക്കുഭാഗത്തുണ്ടായിരുന്ന ചില രാജ്യങ്ങളേയും ചേൎത്തു ഭരണംനടത്തിയെന്നും 2 മിറാജ്, 3 ഹൈതം, 4 ഐവൂർ എന്നിസ്ഥലങ്ങളിലേ ശാസനങ്ങൾമൂലം നമുക്കു ഗ്രഹിക്കാം. ഇക്കാരണങ്ങളാൽ ചലൂക്യർ ഉത്തരദേശത്തുനിന്നും ദക്ഷിണാപഥത്തിൽ വന്നുചേൎന്നവരാണെന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു.

## സസ്യപ്രകൃതിശാസ്ത്രം (തുടൎച്ച)

(സി—വി)

സസ്യവിസൎജ്ജനം—ഭക്ഷണപദാൎത്ഥങ്ങളോടുകൂടെ വേരുകൾ വലിച്ചെടുക്കുന്ന വെള്ളം അവയേയുംകൊണ്ടു മേലോട്ടു സഞ്ചരിച്ച് അവയെ സസ്യശരീരഭാഗങ്ങൾക്കു കൊടുത്തശേഷം ഇലകളിൽ എത്തുമ്പോഴേയ്ക്ക് വെള്ളത്തിന്റെ പ്രവൃത്തി മിക്കവാറും അവസാനിക്കുന്നു. അതിൽ കുറച്ചുഭാഗം ഇലകളാൽ വലിച്ചെടുക്കപ്പെട്ട അംഗാരത്തേയുംകൊണ്ടു താഴോട്ടു വരുന്നുണ്ടെങ്കിലും ബാക്കിഭാഗം ഇലകളിൽതന്നെ നിൽക്കുന്നു. ഇങ്ങനെ ഇലകളിൽ വെള്ളം കെട്ടി നിന്നാൽ ഭക്ഷണസാരത്തോടുകൂടിയ വെള്ളത്തിനു വീണ്ടും അതിൽ പ്രവേശിപ്പാൻ കഴിയാതായിപ്പോകുന്നതിനാൽ ഇല ആ വെള്ളത്തെ ആവിയായി പുറത്തേക്കു വിട്ടുകളയുന്നു. ഒരു തെങ്ങിൽനിന്നു കൊല്ലത്തിൽ 300_ഗാലനിൽ അധികം വെള്ളം ആവിയായി മാറുന്നുണ്ടെന്നു കൃഷിഡിപ്പാർട്ടുമെൻറുകാർ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ സസ്യങ്ങളുടെ സ്വഭാവം ഭൂപ്രകൃതിക്കും ശീതോഷ്ണസ്ഥിതിക്കും അനുസരിച്ചിരിക്കുന്നതിനാൽ ചിലകാലത്തു് ജലവിയൎപ്പ് അധികമായും ചിലകാലത്തു കുറവായും ഇരി

D. Indian Antiquary ×. £ 24-44
×. Indian Antiquary L 24 44
1. വിക്രമാങ്കദേവചരിതം 1.. 63 65
2. Indian Antiquary T111. 18
3. Indian Antiquary V111. 23
4 Indian Autuary V111. 15

ക്കം. ഉഷ്ണകാലത്തു ചില സസ്യങ്ങൾ അവയിൽനിന്ന് അധികം വെള്ളം നഷ്ടമായിപ്പോകാതിരിപ്പാൻ ഇലകളെ കൊഴിച്ചുകളയുമെങ്കിലും മഴക്കാലത്ത് ആ വക സസ്യങ്ങളിൽ ഇലകൾ സുലഭമായി ഉണ്ടാകും. മഴക്കാലത്ത് ഇലകൾ അധികമില്ലെങ്കിൽ ജലവിയൎപ്പ് കുറഞ്ഞുപോകയും തന്നിമിത്തം ആവശ്യമുള്ളത്ര ഭക്ഷണസാധനങ്ങൾ തടിയിലേക്കും ഇലകളിലേക്കും കൊണ്ടുവരുവാൻ പ്രയാസമായിത്തീരുകയും ചെയ്യും. ജലവിയൎപ്പിന്റെ സൌകൎയ്യത്തിനനുസരിച്ച് ഇലകളുടെ നില്പിനും പല വ്യത്യാസങ്ങൾ ചില സസ്യങ്ങളിൽ കാണാം.

സസ്യങ്ങളുടെ മററു ചില ഭാഗങ്ങൾ പുഷ്പം, കായ എന്നിവയാകുന്നു.

പുഷ്പം—കൊമ്പുകളുടെ അററത്തുനിന്നും ഇലകളുടെ ഇടകളിൽനിന്നും ഉരുണ്ട പച്ചമൊട്ടുകളായി ആദ്യമായി ഉണ്ടാകുന്നു. ഈ മൊട്ടുകളുടെ ഉള്ളിലുള്ള ഭാഗങ്ങൾ പൂൎണ്ണവളൎച്ച എത്തിയാൽമൊട്ടുകളുടെ അററം പിളൎന്നു മൊട്ടുകൾ മലൎന്നു പുഷ്പങ്ങളായിത്തീരുന്നു. പൂൎണ്ണമായ ഒരു പുഷ്പത്തിനു നാലുഭാഗങ്ങൾ ഉണ്ടായിരിക്കും.

ഒന്നാമത്തു പുഷ്പകിണ്ണം.—ഇതിന്റെ നിറം പച്ചയായിരിക്കും. ചില പുഷ്പങ്ങളിൽ ഇതു് ഒററക്കിണ്ണമായിത്തന്നെ കാണുമെങ്കിലും അധികം പുഷ്പങ്ങളിലും ഒന്നിലധികം ഇതളുകളായി ഭാഗിക്കപ്പെട്ടിരിക്കുന്നു. ചിലപുഷ്പകിണ്ണം പുഷ്പത്തോടുകൂടി വീണുപോകുമെങ്കിലും ചിലവ വിത്തിനെ പൊതിഞ്ഞു് ഒരു ഉറയായിത്തീരുകയും ചെയ്യും.

പുഷ്പത്തിന്റെ രണ്ടാമത്തെ ഭാഗം ദലവട്ടമാകുന്നു. ഇതു പുഷ്പകിണ്ണത്തിന്റെ മീതെയാകുന്നു ഉണ്ടാകുക. പുഷ്പകിണ്ണംപോലെ ഇതും ചില പുഷ്പങ്ങളിൽ ഒററയായിരിക്കുമെങ്കിലും അധികപുഷ്പങ്ങളിലും ഇതു് ഇതളുകളായി ഭാഗിക്കപ്പെട്ടിരിക്കും. സാധാരണയായി ഒരു പുഷ്പകിണ്ണത്തിനു എത്ര ഇതളുകളുണ്ടോ അത്ര ഇതളുകൾതന്നെ ദലവട്ടത്തിനും ഉണ്ടായിരിക്കും. ദലവട്ടങ്ങൾ പല പുഷ്പത്തിലും പലവൎണ്ണത്തോടുകൂടിയിരിക്കും. ഇതു പ്രാണികളെ ആകൎഷിക്കേണ്ടുന്ന ആവശ്യത്തിനാണു്.

മൂന്നാമത്തെ ഭാഗം ബീജകേസരമാണു്. ഇതു ദളവട്ടത്തിന്റെ മദ്ധ്യത്തിൽനിന്നു നൂലുപോലെ നീണ്ടുകിടക്കുന്നു. ഇതിന്റെ അററത്തു ചെറു കുടുക്കകൾ ഉണ്ടായിരിക്കും. ഈ കുടുക്കകളിൽ ആൺബീജങ്ങളായ 'പോളൻ'പൊടി നിറഞ്ഞിരിക്കും. പുഷ്പത്തിനു പരിപാകത വരുമ്പോൾ ഈ കുടുക്കകളുടെ അടപ്പുപൊട്ടി പൊടികൾ പുറത്താകും.

പുഷ്പത്തിന്റെ നാലാമത്തെ ഭാഗം ഗൎഭകേസരമാകുന്നു. ഇതും ദളവട്ടത്തിന്റെ മദ്ധ്യത്തുനിന്നും പുറപ്പെടുന്നതാകുന്നു. ഇതിന്റെ അടിഭാഗത്തു ഗൎഭപാത്രം ഉണ്ടു്. ആ ഗൎഭാശയത്തിന്റെ മേൽഭാഗം നീണ്ട ആണിപോലെ കിടക്കയും ആ ആണിയുടെ അററത്തു സ്ത്രീയോനിയായ 'സ്റ്റിഗ്മ' മാൎദ്ദവമുള്ള രോമംപോലെ കിടക്കുകയും ചെയ്യും. ഗൎഭാശയവും ചിലപ്പോൾ ഇതളുകളായിരിക്കും.

എന്നാൽ മേൽപറഞ്ഞ നാലുഭാഗങ്ങളും എല്ലാപുഷ്പങ്ങളിലും ഉണ്ടായിരിക്കയില്ല. ചില പുഷ്പങ്ങളിൽ പുഷ്പകിണ്ണവും ദളവും ബീജകേസരവും മാത്രമേ ഉണ്ടായിരിക്കയുള്ളു. ഇങ്ങനെയുള്ള പുഷ്പത്തിനു ആൺപുഷ്പം എന്നു പേർ. ചില പുഷ്പങ്ങളിൽ പുഷ്പകിണ്ണവും ദളവും ഗൎഭകേസരവും മാത്രം ഉണ്ടായിരിക്കും. ഇവയ്ക്കു പെൺപുഷ്പമെന്നുപേർ. ചിലപുഷ്പങ്ങളിൽ പുഷ്പകിണ്ണവും ദളവും വ്യത്യാസപ്പെടാതെ ഒരേനിറത്തിൽ കാണപ്പെടും. അത്തിമരത്തേപ്പോലെയുള്ള ചില സസ്യങ്ങളുടെ പുഷ്പങ്ങളിൽ പുഷ്പകിണ്ണമോ ദളമോ രണ്ടിൽ ഏതെങ്കിലും ഒന്നുമാത്രമേ പ്രകാശിച്ചുകാണുകയുള്ളു. കുരുമുളകിൽ മേൽപ്പറഞ്ഞ രണ്ടുഭാഗവും വ്യക്തമായി കാണുകയില്ല. ചമ്പകത്തിന്റെ പുഷ്പത്തിൽ വെറും ദളവട്ടം മാത്രമേ ഉണ്ടായിരിക്കയുള്ളു. മേൽപ്പറഞ്ഞ വിധത്തിലുള്ള പലതരം പുഷ്പങ്ങളിൽ ഗൎഭകേസരം അടങ്ങിയ പുഷ്പം മാത്രമേ കായായിത്തീരുകയുള്ളു. എന്നാൽ ഈ പുഷ്പത്തിൽനിന്നും കായുണ്ടാകേണമെങ്കിൽ ബീജകേസരത്തിന്റെ സംയോഗം അവശ്യം ആവശ്യമാണു്. തെങ്ങുമുതലായ ചില സസ്യങ്ങളിൽ ആണും പെണ്ണും ആയ പുഷ്പങ്ങളുണ്ടാകുമെങ്കിലും പന ഈന്തപ്പനമുതലായ സസ്യങ്ങളിൽ ആണോ പെണ്ണോ ഏതെങ്കിലും ഒരുതരം പുഷ്പം മാത്രമേ ഉണ്ടായിരിക്കയുള്ളു.

പുഷ്പസംയോഗം.—ഒരു പുഷ്പത്തിൽതന്നെ ബീജകേസരവും ഗർഭകേസരവും ഉണ്ടായാൽ അവ തമ്മിൽ ചേരുകയും സന്താനങ്ങൾ ഉണ്ടാകുകയും ചെയ്യുമെങ്കിലും ഇങ്ങനെ ഒരേ പുഷ്പത്തിൽവെച്ചുതന്നെ സംയോഗവും സന്താനവും ഉണ്ടാകുന്നതു ദുർല്ലഭമാണ്. ഇങ്ങനെ ചേരാതിരിപ്പാൻ പല തടസ്ഥങ്ങളും ഉണ്ട്. ചിലവയുടെ ബീജകേസരങ്ങൾ നീണ്ടുവളഞ്ഞുപോകുന്നതിനാലും ഗർഭകേസരവും ബീജകേസരവും ഒരേകാലത്തു പാകമാകാത്തതിനാലും ബീജകേസരങ്ങളിലുള്ള പോളൻപൊടികളെ കുടുക്കപൊട്ടിച്ചു പുറത്തേക്കു കൊണ്ടുവരുവാൻ പ്രാണികളോ കാറേറാ ആവശ്യമായി വരുന്നതിനാലും ഒരേപുഷ്പത്തിലെ ബീജകേസരവും ഗർഭകേസരവും തമ്മിൽ ചേരുവാൻ പ്രയാസമായിരിക്കും. ഒരേ പുഷ്പത്തിലുള്ള സ്ത്രീപുരുഷേന്ദ്രിയങ്ങൾ തമ്മിൽ ചേർന്നിട്ടും ചേർത്തു പരിശോധിച്ചിട്ടും ഉല്പാദിച്ച പൊടികൾ സാധാരണയായി പുഷ്ടിയില്ലാത്തവയായി കാണുന്നു. തന്നിമിത്തം ഒരേ പുഷ്പത്തിലുള്ള സ്ത്രീപുരുഷേന്ദ്രിയങ്ങൾ തമ്മിൽ ചേരുന്നതിൽ തടസ്ഥവും അന്യപുഷ്പങ്ങൾ തമ്മിൽ ചേരുവാൻ എളുപ്പവും പ്രകൃതിയിൽ കണ്ടുവരുന്നു.

എന്നാൽ ഒരു പുഷ്പവും മറെറാരു പുഷ്പവും തമ്മിൽ സംബന്ധമുണ്ടാകുന്നതു കാററിന്റെയും പ്രാണികളുടെയും സഹായത്താലാകുന്നു. പ്രാണികൾ ഒരു പുഷ്പത്തിൽ തേൻ കുടിപ്പാൻ ചെന്ന് അതിനുള്ളിലേക്കു കടക്കുമ്പോൾ അവയുടെ ചിറകിലും കാലിലും മററും ആ പുഷ്പത്തിലെ 'പോളൻ'പൊടികൾ പററുകയും അവ അതോടുകൂടെ മറെറാരു പുഷ്പത്തിലേക്കു ചെല്ലുകയും ആ പുഷ്പത്തിലെ ഗർഭകേസരത്തിൽ ഇവയുടെ ശരീരം തട്ടുമ്പോൾ ശരീരത്തിലുള്ള 'പോളൻ'പൊടികൾ അവയിൽ പററുകയും ചെയ്യും. ഗർഭകേസരത്തിൽ ഒരുതരം പശയുള്ളതിനാൽ 'പോളൻ'പൊടികൾ എളുപ്പത്തിൽ അവയിൽ പററിനിൽക്കാനിടവരും. ഇങ്ങനെതന്നെ കാററടിച്ചു പറപ്പിക്കുന്ന 'പോളൻ'പൊടികളും അവയോടു പററും. ഈ പൊടികൾ ഗർഭപാത്രത്തിലേക്കു കടക്കുയും അവിടെവെച്ച് അതു സസ്യക്കുഞ്ഞായി തീരുകയും ചെയ്യുന്നു. അതു അവിടെവെച്ചു വളരുന്നതോടുകൂടി ഗർഭാശയത്തിന്റെ മുരടിൽനിന്നും ആഹാരഭണ്ഡാരം എന്ന വിത്തിലകൾ തടിച്ചു സസ്യക്കുഞ്ഞിനെ രക്ഷിക്കയും സസ്യക്കുഞ്ഞിന്റെയും വിത്തിലകളുടേയും മീതെ ഗർഭാശയത്തിന്റെ ഇതളുകൾ ഒരു ഓടായിത്തീർന്ന് അവയെ പൊതിയുകയും ചെയ്യും. ഇതെല്ലാംകൂടിയാകുന്നു നാം വിത്തെന്നു പറയുന്നത്.

ചില പുഷ്പങ്ങളുടെ പുഷ്പകിണ്ണം അവ ഫലിക്കുമ്പോൾ കായുടെ പുറമെ ഒരു ഉറയായിത്തീരുമെന്നു പറഞ്ഞുവല്ലോ. എന്നാൽ ചില വിത്തുകളുടെ പുറമെ മാംസമയമായ ഒരു സാധനം പൊതിഞ്ഞുകിടക്കും. വിത്തിനു പ്രായമെത്തിയാൽ ഈ സാധനംകൊണ്ടു യാതൊരു ആവശ്യവും ഇല്ലെന്നു മാത്രമല്ല ആ സമയമാകുമ്പോൾ അതു നശിച്ചുപോകുകയും ചെയ്യും. എന്നാൽ മേൽപ്പറഞ്ഞ സാധനം വിത്തിനു പാകമാകുന്നതുവരെ അതിനെ ശത്രുക്കളിൽനിന്നു രക്ഷിക്കുന്നു. ഈ സാധനം ഇളയതായിരിക്കുമ്പോൾ അധികവും പുളിപ്പുരസമുള്ളതായിരിക്കും. എന്നാൽ അവ പഴുക്കുമ്പോൾ മധുരരസമായിത്തീരുന്നതിനാൽ ജീവികൾ അവയെ ഭക്ഷിപ്പാൻ ഉപയോഗിക്കുന്നതിനാലും പക്ഷികൾ അവയെ കൊത്തിക്കൊണ്ടു ദൂരെ പോകുന്നതിനാലും വിത്തുകൾ പല സ്ഥലങ്ങളിലേക്കും വ്യാപിക്കാനിടയാകുന്നു. ചില ചെടികളുടെ വിത്തുകൾ അവയുടെ കായിനകത്തുള്ള ഒരുവക നീരിൽ മുങ്ങിക്കിടക്കുകയും ചെയ്യും.

വിത്തുകളും അവ മുളയ്ക്കുന്ന സമ്പ്രദായവും:—വിത്തുകൾ എന്നു സാധാരണയായി പറഞ്ഞുവരുന്നതു് ഓരോസസ്യത്തിന്റെയും ബീജത്തെയാകുന്നു. ചില ചെടികളുടെ കായിനുള്ളിൽ ഒരൊററ ബീജം (വിത്തു്) മാത്രമേ ഉണ്ടായിരിക്കയുള്ളുവെങ്കിലും ചിലതിൽ അനവധി വിത്തുകൾ ഉണ്ടായിരിക്കും. വിത്തുകൾക്കു നാലു പ്രധാനഭാഗങ്ങളുണ്ടു്. ഇവ തടിച്ച ഒരു പുറംതോടു്, നേരിയ അകംതോൽ, പരിപ്പു്, മുള (സസ്യക്കുഞ്ഞു്) എന്നിവയാകുന്നു. ഇരട്ടവിത്തിലച്ചെടികളുടെ വിത്തിൽ പരിപ്പു രണ്ടുഭാഗമായി പിളർന്നിരിക്കയും അതിന്റെ മദ്ധ്യത്തിൽ ഒരു വശത്തായി സസ്യക്കുഞ്ഞു സ്ഥിതിചെയ്കയും ചെയ്യുന്നു. എന്നാൽ ഒററവിത്തിലച്ചെടികളുടെ വിത്തിൽ പരിപ്പു് ഒരുഭാഗത്തും സസ്യക്കുഞ്ഞു് അതിനെ തൊട്ടു മറുഭാഗത്തും സ്ഥിതിചെയ്യുന്നു. സസ്യക്കുഞ്ഞിന്റെയും വിത്തിലയുടെയും മദ്ധ്യേ നേരിയ പാടപോലെയുള്ള ഒരു സാധനം ഉണ്ടായിരിക്കയും ചെയ്യും.

വിത്തുകൾക്കു് അവശ്യാവശ്യമായ നനവു്, ഉഷ്ണം, വെളിച്ചം, വായു ഇവ കിട്ടുമ്പോൾ ആഹാരഭണ്ഡാരം വിത്തു സസ്യക്കുഞ്ഞു വളരുവാനാരംഭിക്കുന്നതോടുകൂടി സസ്യത്തിന്റെ വേർ ഭക്ഷണത്തേയും വെള്ളത്തേയും അന്വേഷിച്ചു് ഭൂമിയിലോട്ടു താഴുകയും ഉടൽ വെളിച്ചത്തേയും വായുവിനേയും അന്വേഷിച്ചു മീതെ പൊന്തിവരികയും ചെയ്യും. ഒരു വിത്തിനെ എങ്ങനെ നട്ടാലും വേർ താഴോട്ടും തടി മേലോട്ടും പോകും. ആദ്യം വേർ ഭൂമിയിൽ താണു സസ്യത്തെ ഭൂമിയിൽ ഉറപ്പിച്ചശേഷമേ ഉടൽ മേലോട്ടു പൊന്തിവരികയുള്ളു.

ഒററവിത്തിലസസ്യത്തിൽ ഒരു വേർ ഒന്നാമതായി കുറെ താഴുകയും അതിനെ തുടൎന്നുകൊണ്ടു് അനവധി വേരുകൾ അതിന്റെ നാലുഭാഗത്തുകൂടെ താഴുകയും ചെയ്യും. ഇതിന്റെ ഉടൽ കന്ദംപോലെ ഒരിലയെ മണ്ണിൻമുകളിലേക്കു് ഉയൎത്തുകയും ആ ഇല അവിടെവെച്ചു് വിടരുകയും ചെയ്യും. എന്നാൽ ഇരുപ്പരിപ്പുസസ്യങ്ങൾ പൊടിക്കുമ്പോൾ അവയുടെ വേരു് ആണിവേരായി താഴോട്ടു താഴുകയും ആ വക അനവധി പാൎശ്വവേരുകൾ ഉണ്ടായി സസ്യം ഭൂമിയിൽ ഉറയ്ക്കുന്നതോടുകൂടി ഉടൽ അതിന്റെ തലയെ താഴോട്ടാക്കിപ്പിടിച്ച വില്ലുപോലെയുള്ള മദ്ധ്യംകൊണ്ടു് ഭൂമിയെ തള്ളിത്തുറന്നു പുറമേയ്ക്കു പൊന്തിയ ശേഷം ഇലയോടുകൂടിയ തലയെ നിവൎത്തുകയും ചെയ്യുന്നു. ഇവ പൊന്തിവരുമ്പോൾ അതിന്റെ ഇല വെളുപ്പുഛായയോടുകൂടിയിരിക്കയും ക്രമേണ അതു പച്ചനിറമായിത്തീരുകയും ചെയ്യുന്നു. സസ്യം അതിന്റെ വേരിന്റെ സഹായത്താൽ ഭൂമിയിൽനിന്നു ഭക്ഷണം സ്വീകരിക്കുന്നതുവരെ വിത്തിലകൾ അവയ്ക്കു വേണ്ടുന്ന ഭക്ഷണം കൊടുക്കുന്നു. ക്രമേണ ഈ വിത്തിലകൾ ശോഷിച്ചു വീണുപോകയും ചെയ്യും.

എന്നാൽ പുഷ്പിക്കാത്ത ചെടികൾ അവയുടെ സന്താനങ്ങളെ ഉല്പാദിപ്പിക്കുന്നതു് എങ്ങനെയെന്നു പറയാം. പുഷ്പിക്കാത്ത ഒരു തരം, നാം മതിലുകളിന്മേലും മററും കാണുന്ന ചെറുസസ്യങ്ങളാണു്. ഇവയ്ക്കു പ്രായമെത്തുന്നതോടുകൂടി ഇലകളുടെ നാലരുവിലും അടിഭാഗത്തായി ഒരുതരം ബീജഭസ്മങ്ങൾ തരികളായി ഉണ്ടാകും. ഈ തരികൾ ഒരു ഉറയാൽ പൊതിയപ്പെട്ടിരിക്കയും ഉഷ്ണകാലത്തിൽ ആ ഉറകൾ ദ്രവിച്ചു് തരികൾ നിൽക്കുന്ന വില്ലുപോലുള്ള ഒരു സാധനം നിവിരുന്നതോടുകൂടി തരികൾ പല സ്ഥലത്തേക്കും തെറിക്കുകയും ചെയ്യും. ഈ ബീജഭസ്മങ്ങൾ നനവു തട്ടുമ്പോൾ ഏകദേശം കാലംഗുലം നീളമുള്ള ഒരിലയായിത്തീരുന്നു. ഈ ഇല സ്വസഹായത്താൽതന്നെ അല്പദിവസം ജീവിക്കയും അതിൽനിന്നു ശുക്ലഭസ്മങ്ങൾ ഉണ്ടാകയും അതിലുള്ള ആൺഭസ്മവും പെൺഭസ്മവും തമ്മിൽ സംയോഗമുണ്ടായി സന്തതികൾ ഉണ്ടാകയും ചെയ്യുന്നു. മതിലുകളിന്മേലും മററും കാണുന്നതായ പൂപ്പു് എന്ന ചെറുസസ്യവും മേൽപ്രകാരംതന്നെയാണു് സന്തതികളെ ഉൽപ്പാദിപ്പിക്കുന്നതു്.

കൃഷിഭേദം:—സസ്യങ്ങൾ കൃഷിചെയ്തുണ്ടാക്കുന്നതു് അധികവും വിത്തുകളിൽനിന്നാകുന്നു. എന്നാൽ ചില സസ്യങ്ങളുടെ വിത്തുകൾ സന്തത്യുല്പാദനത്തിന്നു് അധികമായി ഉതകുന്നില്ലെന്നു മാത്രമല്ല അങ്ങനെയുള്ളവയുടെ വിത്തുകൾ പൊടിച്ചുണ്ടാകുന്ന തൈകൾ ശരിയായ ഫലസിദ്ധിയുള്ളതായും തീരുന്നില്ല. അതുകൊണ്ടു് അങ്ങനെയുള്ള ഈ സസ്യങ്ങൾ വിത്തുകൾ കൂടാതെ മററുവിധത്തിൽ കൃഷിചെയ്യേണ്ടതു് അത്യാവശ്യമായിരിക്കുന്നു. വാഴ, കരിമ്പു്, കുരുമുളകു്, മുതലായവയ്ക്കു് കായും വിത്തുകളും ഉണ്ടാകുന്നുണ്ടെങ്കിലും അവ കൃഷിചെയ്യുന്നതു മററുവിധത്തിലാണു്. ചില സസ്യങ്ങളെ അവയുടെ തണ്ടു മുറിച്ചു നട്ടു വൎദ്ധിപ്പിക്കുന്നു. എന്നാൽ ഒട്ടുമാവു മുതലായ ചിലവ, ചക്കരവള്ളി, കുരുമുളകുവള്ളി, കരിമ്പു് ഇവകൾ തണ്ടുമുറിച്ചു നടുന്നതുപോലെ നട്ടാൽ ഫലിക്കയില്ലെന്നുമാത്രമല്ല ദുൎലഭം ചിലവ ഫലിച്ചാൽതന്നെ അവയെക്കൊണ്ടു യാതൊരു ഗുണവും ഉണ്ടാകയും ഇല്ല. അതുകൊണ്ടു് അങ്ങനെയുള്ള ചില സസ്യങ്ങൾ കൃഷിചെയ്വാൻ ചില പ്രത്യേക ഏൎപ്പാടുകൾ ഉണ്ടു്.

# ഉണ്ണുനീലീസന്ദേശവും വെണ്മലനാടും (തുടർച്ച)

(കെ. ജി. കുമാരനുണ്ണിത്താൻ)

മേൽ വിവരിച്ച വഴി വടക്കോട്ടു ചെന്നു പമ്പാനദിയോടടുക്കുമ്പോൾ വഴി കിഴക്കോട്ടു തിരിഞ്ഞു "കുരണ്ടി" ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽക്കൂടി വടക്കോട്ടു ചെന്നു ചേരുന്നതു പന്നായിക്കടവിലാണ്. പമ്പാനദി ചെങ്ങന്നൂർവഴി പടിഞ്ഞാറോട്ടുവന്നു "പാണ്ടനാട്ടിനു" സമീപം‌വച്ചു രണ്ടു കൈവഴികളായി പിരിഞ്ഞു് ഒരു കൈവഴി വടക്കു പടിഞ്ഞാറായി ഒഴുകി മണിമലയാറു കൂടി വന്നുചേർന്നു തിരുവല്ലായ്ക്കു തെക്കുവശം "പുളിക്കീൽ" കടവിൽക്കൂടി പടിഞ്ഞാറോട്ടു ചെന്നു് അമ്പലപ്പുഴത്താലൂക്കിൽ കോഴിമുക്കു് ചമ്പക്കുളം കൈനകരി മുതലായ സ്ഥലങ്ങളിൽ കൂടി വടക്കോട്ടൊഴുകി വേമ്പനാട്ടുകായലിൽ വീഴുന്നു. മറേറ കൈവഴി തെക്കുപടിഞ്ഞാറായി ഒഴുകി "പരിമലയ്ക്കു" കിഴക്കുവച്ചു രണ്ടായി പിരിഞ്ഞ് അതിൽ ഒരു പിരിവു പരിമലയ്ക്കു കിഴക്കും തെക്കും കൂടിയും മറേറപ്പിരിവു പരിമലയ്ക്കു വടക്കും പടിഞ്ഞാറും കൂടിയും വന്നു രണ്ടു പിരിവുകളും കൂടി പരിമലയ്ക്കു തെക്കുപടിഞ്ഞാറുവച്ചു വീണ്ടും സന്ധിച്ചു് അവിടെയുള്ള "പന്നായി"ക്കടവിൽക്കൂടി പടിഞ്ഞാറോട്ടു പ്രവഹിച്ചു വീയപുരത്തുകൂടി അമ്പലപ്പുഴത്താലൂക്കിൽ കരുമാടിക്കുട്ടുചെന്നു വടക്കോട്ടു പോയി അലപ്പുഴ പള്ളാത്തുരുത്തിയിൽക്കൂടി വേമ്പനാട്ടുകായലിൽ വീഴുന്നു. ഇങ്ങനെ പരിമല ഇപ്പോൾ ഒരു ദ്വീപാണ്, ഈ ദ്വീപിലാണ് പ്രസിദ്ധപ്പെട്ട "പനയന്നാർകാവു്" ഭഗവതിക്ഷേത്രം സ്ഥിതിചെയ്യുന്നതു്. സന്ദേശത്തിൽ "കുരണ്ടി" "പനയന്നാർകാവു്" ഈ ക്ഷേത്രങ്ങളേയും വഴികളെയും വർണ്ണിക്കുന്ന ശ്ലോകങ്ങൾ ശ്രദ്ധാർഹങ്ങളാണ്. 113-ാം ശ്ലോകം.

"ശുകംപൃന്തോൻപരിമളഭരം നമ്പ്രതാല്യം, നടപ്പാൻ
മേവും കാവും, പഥി, യുഴറി നീ തിക്കുരണ്ടിക്കു ചെന്നു്
ദേവം തസ്മിൻ തൊഴുതു വഴിമേൽനിന്നു നേരേനടന്നാൽ
'ക്രുവീട'പ്പാൽപ്പഥി പനയന്നാർകാവു മംഗല്യകീർത്തേ!"

(ഹേ മംഗല്യകീർത്തേ! പുഷ്പങ്ങളിൽനിന്നു ചിതറുന്ന തേനും സുഗന്ധധോരണിയും പല്ലവലതകളും "നടക്കാവു"മുള്ള വഴിയിൽക്കൂടി വേഗത്തിൽ നടന്നു് (ഉഴറി) തൃക്കുരണ്ടിക്കു ചെന്നു് അവിടുത്തെ ദേവനെ വഴിയിൽ നിന്നുതന്നെ തൊഴുതു് "ആ വെള്ളമണൽ വഴിയിൽ" (പാൽപ്പഥി=പാലുപോലെ വെണ്മയായ മണലുള്ള വഴിയിൽ) ഒരു വിളിപ്പാടു (ക്രുവീട്ടു്) നേരേ നടന്നാൽ "പനയന്നാർ കാവാ"യി).

മിസ്റ്റർ പിഷാരോടിയുടെ വ്യാഖ്യാനം:—"നടപ്പാൻമേവുന്ന=ആഗ്രഹംതോന്നിക്കുന്ന അല്ലെങ്കിൽ ഗുണപൂർത്തിയുള്ള, കാവും=മരക്കൂട്ടവും, പഥി=വഴിയിൽ, ഉഴറി=ചുററിനടന്നു, തിക്കുരണ്ടിക്കു്=തൃക്കുരണ്ടി എന്ന ദിക്കിൽചെന്നു, അവിടുത്തെ ദേവനെ വഴിയിൽനിന്നു തൊഴുതു നേരേ നടന്നാൽ ക്രുവീട=ക്രുവീട്ടു് എന്ന സ്ഥലത്തായി, അപ്പാൽ=അതിനപ്പുറം പഥി=വഴിയിൽ, "പനയന്നാർകാവു്" ആയി എന്നു ചേർക്കുക".

ശുകം പൃന്തോനും പരിമളഭരവും നമ്പ്രതാല്യം(താല്യം എന്ന പ്രയോഗംകൊണ്ടു പന്തോനും, ഭരവും, എന്നു ചേർക്കേണ്ടതാണെന്നു തോന്നുന്നു) നടപ്പാൻമേവുംകാവും (നടക്കാവും=രാജപാഥകൾക്കു് ഇരുവശവും തണലിനായിട്ടു നട്ടുപിടിപ്പിച്ചിട്ടുള്ള ചാല (ചോല) വൃക്ഷങ്ങൾക്കു നടക്കാവു് എന്നു പ്രത്യേക പേരുണ്ടു്. ആ പേരിനെയാണു കവി "നടക്കാൻ മേവും കാവും" എന്നു പ്രയോഗിച്ചിട്ടുള്ളതു്) ഉള്ള വഴിയിൽക്കൂടി എന്നു വ്യാഖ്യാനിക്കുന്നതല്ലേ ശരിയായിട്ടുള്ളതെന്നു തോന്നുന്നു. "ക്രുവീട്ടു്" എന്നു പേരായിട്ടു് ഒരു ദിക്കു് ആ പ്രദേശത്തെങ്ങും ഇല്ല. 134-ാം ശ്ലോകത്തിലും കവി "ക്രുവീട്ടു്" എന്നു പ്രയോഗിച്ചിട്ടുണ്ടു്. അവിടെയും മിസ്റ്റർ പിഷാരോടി അതൊരു ദിക്കിന്റെ പേരാണെന്നു വ്യാഖ്യാനിച്ചിരിക്കുന്നു. സന്ദേശഹരൻ കട്ടത്തുരുത്തിയോടടുക്കുമ്പോൾ ഉണ്ണുനീലിയുടെ വസതിയിലേക്കു തിരി

ശുന്ന ഒരു "കുറുക്ക"വഴിയെപ്പററിപ്പറയുന്നതാണ് ആ ശ്ലോകം. അവിടെയും "ക്രൂവീട്ട്" എന്നു പേരായി ഒരു ദിക്കില്ല. ആ ശ്ലോകം താഴെ ചേക്കുന്നു:—

"ക്രൂവീടിന്മേലെളുത്തു വഴിയിന്റെങ്ങു പണ്ടേതിനേക്കാൾ
പ്പൂവീടിന്റെ ചില തരുകുലോല്ലാസി പാർശ്വാഭിരാമം
തേർപോമ്പോളം വടിവിലിടമിട്ടുണ്ടി,ടത്തത്യുദാരം
വാപീതീരംപ്രതി, വിരചിതം, ബിംബലീപാലകേന"

മിസ്റ്റർ പിഷാരോടിയുടെ വ്യാഖ്യാനം:—"ക്രൂവീടിന്മേൽ= ക്രൂവീടെന്ന ദിക്കിന്റെ മേലായി പോകുന്ന വഴി" എന്നാണ്.

(പഴയവഴിയേക്കാൾ (പണ്ടേതിനേക്കാൾ) ഇന്ന് (ഇൻറു്) ഒരു വിളിപ്പാടിൽ (ക്രൂവീടിൽ) കൂടുതൽ (മേൽ) എളു (എളുതു്) മായും നിബിഡമായ പുഷ്പങ്ങളോടുകൂടി (പ്പൂവീടിന്റെ) ഇരുപുറവും ശോഭിക്കുന്ന (പാർശ്വാഭിരാമം) ചില വൃക്ഷങ്ങളാൽ അലങ്കരിക്കപ്പെട്ടും (ചില തരുകുലോല്ലാസി) തേർകൊണ്ടു പോകാവുന്നവിധം (തേർ പോമ്പോളം) വിസ്തൃതമായും (ഇടമിട്ടു) വടക്കുംകൂർ രാജാവിനാൽ (ബിംബലീപാലകേന) ചിറവരേ (വാപീതീരംപ്രതി) വെട്ടിക്കപ്പെട്ടും (വിരചിതം) ഏററവു മനോഹരവും ഉൽകൃഷ്ടവുമായും (വടിവിലത്യുദാരം) ഇരിക്കുന്ന വഴി ഇടത്തുഭാഗത്തുണ്ടു് (വഴിയുണ്ടിടത്തു്) എന്നാണ് ഈ ശ്ലോകത്തിന്റെ അർത്ഥമെന്നു തോന്നുന്നു.)

"ക്രൂവീട്ടു്" എന്ന ശബ്ദം ഒരു ദിക്കിന്റെ പേരാക്കി സൃഷ്ടിച്ചതു മിസ്റ്റർ പിഷാരോടിക്കു പററിയ പ്രമാദം ഹേതുവായിട്ടാണെന്നുള്ളതിനു സന്ദേഹമില്ല. "ക്രൂവീട്ടു്" എന്ന പദം ദൂരത്തേ നിന്നുയിക്കുന്ന "വിളിപ്പാട്ടു്" എന്നർത്ഥമായ ഒരു ദ്രമിഡശബ്ദമാണെന്നു താഴെ വിവരിക്കുന്ന ദൃഷ്ടാന്തംകൊണ്ടു സന്ദേഹനിവൃത്തി വരുത്താവുന്നതാണ്.

മലയാള പ്രസിദ്ധീകരണ "ക്യൂറേറർ" ഉദ്യോഗം കൂടി ഇപ്പോൾ വഹിക്കുന്ന ആയുർവ്വേദ ഡയറക്ടർ കൊളത്തേരി ശങ്കരമേനോൻ എം. ഏ. അവർകൾ "ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി"യിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരണം ചെയ്യുന്നതിനായി ഉദ്ദേശിച്ചിരിക്കുന്നതും അദ്ദേഹത്തിന്റെ കൈവശമിരിക്കുന്നതുമായ "ലീലാവതി" എന്ന സംസ്കൃത അങ്കഗണിതത്തിന്റെ ഒരു പ്രാചീന മലയാള വ്യാഖ്യാനമടങ്ങിയ താളിയോല ഗ്രന്ഥത്തിൽ ഒന്നാം അദ്ധ്യായത്തിൽ ഇപ്രകാരം എഴുതിക്കാണുന്നു:—

"ഹസ്തൈശ്ചതുർഭിർഭവതീഹദണ്ഡം
ക്രോശസ്സഹസ്രദ്വിതയേനതേഷാം
സ്യാദ്യോജനം ക്രോശചതുഷ്ടയേന
തഥാകരാണാം ദശകേനവംശഃ"

ഈ ശ്ലോകത്തിലെ പൂർവ്വപാദത്തിന്റെ വ്യാഖ്യാനം ടി ഗ്രന്ഥത്തിൽ കാണുന്നതുപോലെ അടിയിൽ വിവരിക്കുന്നു:—

"ഹസ്തമെന്നതു മുഴക്കോൽ – ഹസ്തം നാലു കൂടിയതു ദണ്ഡം – ദണ്ഡം രണ്ടായിരം കൂടിയതു ക്രോശം – ക്രോശമെന്നതു ക്രൂവീട്ടു്".

("ക്രൂവീട്ടു്" എന്നതു "ക്രൂവൽ" (വിളി) വ്യാപിക്കുന്ന "ഇട" എന്നർത്ഥമാണ്. അതായതു "വിളിപ്പാടാ"കുന്നു. സംസ്കൃതശബ്ദമായ "ക്രോശ"ത്തിനും "വിളി" എന്നാണർത്ഥം. (ആക്രോശം = നിലവിളി) സങ്കടത്തോടുകൂടിയ നിലവിളി ആക്രോശവും സാധാരണ വിളി "ക്രോശ"വുമാണ്. ടി ശ്ലോകംകൊണ്ടു പൂർവ്വകാലം മുതൽ കേരളത്തിൽ നടപ്പുള്ള അളവുകളായ മുഴക്കോലും ദണ്ഡും സംസ്കൃത അളവുകളാണെന്നു കാണാം.)

"തൃക്കുറണ്ടി" ക്ഷേത്രത്തിന്റെ ദർശനം കിഴക്കോട്ടാണ്. വൈക്കത്തേപ്പോലെ വളരെ വിസ്തൃതമായ മതിൽക്കെട്ടുള്ള ക്ഷേത്രമാണ്. ഈ ക്ഷേത്രം മാന്നാർ പ്രവൃത്തിയിൽ കുരട്ടിശ്ശേരി കരയിലാണ് സ്ഥിതിചെയ്യുന്നതു്. ഈ ക്ഷേത്രത്തിനു സ്വല്പദൂരം കിഴക്കായി തെക്കുവടക്കു് ഒരു തോടുണ്ടു്. ഈ തോടു പരിമലയ്ക്കു തെക്കുവശമുള്ള ആറുകൈവഴിയിൽ സന്ധിക്കുന്നു. ഈ തോടിനു കിഴക്കുവശം മാന്നാർ കരയും പടിഞ്ഞാറുവശം കു

രട്ടിശ്ശേരി കരയുമാണ്. കുരട്ടിയിൽ ക്ഷേത്രത്തിന്റെ വടക്കുകിഴക്കു ഭാഗത്തു പുഴയുടെ തെക്കേക്കരയിൽ അതിധവളവും മനോഹരവും ആയ വെള്ള മണൽത്തിട്ടയുണ്ടു്. ഈ ധവളസൈകതം ഈ സ്ഥലത്തല്ലാതെ സമീപപ്രദേശങ്ങളിലെങ്ങുമല്ല. ഈ മണൽത്തിട്ട ഒരാശ്ചര്യവസ്തുവായി ജനങ്ങൾ ഗണിച്ചുവരുന്നു ഇതിൽക്കൂടി കടന്നാണ് കുരണ്ടി ക്ഷേത്രത്തിൽനിന്നും പനയന്നാർകാവ് ക്ഷേത്രത്തിലേക്കു പോകേണ്ടതു്. ഈ വെള്ളമണൽ വഴിയാണ് കവി "പാൽപഥി" എന്നു വർണ്ണിക്കുന്നതു്. കുരട്ടിയിൽ ക്ഷേത്രത്തിൽനിന്നും പനയന്നാർകാവു ക്ഷേത്രത്തിലേക്ക് ഒരു വിളിപ്പാട്ടു ദൂരമേയുള്ളൂ. "ക്രവീടപ്പാൽപഥി പനയന്നാർകാവ്" എന്നതിനു "ആ വെള്ളമണൽവഴി ഒരു വിളിപ്പാട്ടു ദൂരത്തിൽ പനയന്നാർ കാവായി" എന്നുള്ള അർത്ഥമാണ് യോജിക്കുന്നതു്. കുരട്ടിയിൽ ക്ഷേത്രത്തിൽനിന്നും പനയന്നാർ കാവിലേക്കു പോകുന്ന വഴിയിൽ പരിമലയ്ക്കു തെക്കുവശമുള്ള പുഴ കടക്കേണ്ട കാര്യത്തെപ്പററി കവി ഒന്നും പറയാതെയും പനയന്നാർകാവിൽ പോയശേഷം പരിമലയ്ക്കു വടക്കും പടിഞ്ഞാറുമായുള്ള പുഴയിലെ പാലം കടന്നു മറുകര കയറണമെന്നു 115-ാം ശ്ലോകത്തിൽ പറഞ്ഞും ഇരിക്കുന്നതിനാൽ സന്ദേശകാലത്തു പരിമലയ്ക്കു തെക്കുവശമുള്ള ആററുകെവഴി ഉണ്ടായിട്ടില്ലെന്നു വിചാരിക്കാൻ ന്യായമുണ്ട്. പനയന്നാർകാവിൽ ഭഗവതിയെ വർണ്ണിക്കുന്ന ശ്ലോകങ്ങൾ:— 114-ാം ശ്ലോകം.

"കച്ചെക്കൊക്കുക്കതിനനെമുറിച്ചുച്ചകൈർദ്ദിഗ്ഗജേന്ദ്രാ-
നച്ചച്ചോ ശിവശിവ മഹാഘോരമോരോയുഗാന്തേ
പച്ചച്ചോരികളിവെതുവെതെക്കോരിയാരക്കുടിച്ചോ-
രെച്ചിൽകിണ്ണം തവവിയദിദം ദേവിതുഭ്യം നമോസ്തു".

(ഓരോ യുഗാവസാനത്തിൽ ഉന്നതന്മാരായ ദിഗ്ഗജശ്രേഷ്ഠന്മാരെ "കച്ചക്കയറി"ക്കുൽ വച്ച് ഒന്നാകെ തലകൾ വെട്ടിമുറിച്ചു മഹാ ഘോരകൃത്യം നടത്തി ആ പുതുച്ചോര ചൂടോടെ കുടിച്ച എച്ചിൽകിണ്ണമാണോ ഈ കാണുന്ന ആകാശമണ്ഡലം. ഹേ! ദേവീ അവിടെയ്ക്കു നമസ്കാരം) ചക്രവാളങ്ങളിൽ കമത്തിയിരിക്കുന്ന ഒരു കിണ്ണംപോലെ ആകാശമണ്ഡലം തോന്നിക്കുമെന്ന് ഒരു നോട്ടത്തിൽ നമുക്കു കാണാം. ഈ ആകാശത്തെ ഒരു കിണ്ണത്തിനോടു സാമ്യപ്പെടുത്തിയ ഉപമ എത്ര ഹൃദയംഗമമായിരിക്കുന്നു. 115-ാം ശ്ലോകം:—

"ഇത്ഥംവാഴ്ത്തിത്തൊഴുതെരികനൽക്കണ്ണുർ കണ്ണിൽതനൂജാം
മത്തേഭേന്ദ്രാൻ തലപൊരുതുടൻ കാതിലിട്ടമ്മതന്നെ
ഉൽത്തുന്നെങ്ങും മകരനിവഹം തോഴനിൽക്കിൻറതുംക-
ണ്ടത്യാമോദാൽ പുനരയിസഖേപാലവും പിന്നിടേഥാഃ".

കടന്നുപോകണമെന്നു പറയുന്ന ഈ പാലം പരിമലയ്ക്കു വടക്കുപടിഞ്ഞാറായി ഒഴുകുന്ന പമ്പാനദിയിൽ അന്നുണ്ടായിരുന്ന പാലമാണ്. ഇപ്പോൾ അവിടെയാകട്ടെ അതിനു പടിഞ്ഞാറു പന്നായികടവിലാകട്ടെ പാലമില്ല. അന്ന് ഈ പുഴയിൽ മുതലകൾ (മകരനിവഹം) ഉണ്ടായിരുന്നു. ഈ പാലം കടന്നുചെല്ലുന്ന പമ്പാനദിയുടെ വടക്കേക്കരയാണ് "ചിറവാ" രാജാക്കന്മാരുടെ വാസസ്ഥാനമെന്ന് അടുത്ത 116-ം 117-ം ശ്ലോകങ്ങളിൽ വിവരിക്കുന്നു. ഈ ചിറവാ രാജാക്കന്മാരാണ് "യദു" (ആയ്) വംശമായ സാമന്തരാജാക്കന്മാരെന്നും അവരിൽ ഒരാളാണ് കൊല്ലം രാജ്ഞി ഉമാദേവിയെ വിവാഹംചെയ്ത് അവിടെ രാജ്യം ഭരിച്ചിരുന്ന ജയസിംഹനെന്നുമാണ് മിസ്റ്റർ പിഷാരോടി മുതൽപേർ അഭിപ്രായപ്പെടുന്നതു്. 116-ാം ശ്ലോകം:—

"മുല്പാടസ്മിൻമരുവുമചലപ്പെണ്ണിനേക്കൈവണങ്ങി
തൃപ്പാപ്പൂർ മൂപ്പടയമടവാർമാരനെ! നീവിരഞ്ഞു
എപ്പോഴും നിന്നുടമ കരുതും രായിര ക്ഷോണിപാലം
കെൽപ്പാർന്നീടും മഹിത ചിറവാവീരനെക്കണ്ടുപോക".

മിസ്റ്റർ പിഷാരോടിയുടെ വ്യാഖ്യാനം:—"മുൽപ്പാട്ടു=മുമ്പേതന്നെ, അസ്മിൻ=ഈപ്രദേശത്തു (പാലംകടന്നാലുടൻ ചെല്ലുന്ന പ്രദേശം) മരുവുന്ന അചലപ്പെണ്ണിനെ (പാർവ്വതീ

ദേവിയെ) കൈവണങ്ങീട്ടു ഹേ തൃപ്പാപ്പൂർ മൂപ്പസ്ഥാനം, അടങ്ങുന്ന=പ്രാപിച്ച മടവാർമാരനേ = സ്ത്രീകൾക്കു കാമനായവനേ! നീ, വിരഞ്ഞ് = ജാഗ്രതയോടെ, എപ്പോഴും നിറെറ, ഉടമ = ഉടമസ്ഥാവകാശം, കരുതുന്ന, രായിരക്ഷോണിപാലം = രായിരൻ എന്ന ആളുടെ വംശത്തിലുള്ള രാജാവായ, കെല്പാന്നീടും മഹിതചിറവായ വീരനെ = കെൽപ്പുള്ളവനും ശ്രേഷ്ഠനായ ചിറവായ് സ്വരൂപത്തിലെ വീരനും ആയവനെ (ചിറവാസ്വരൂപത്തിലെ രാജാവിനെ എന്നർത്ഥം) കണ്ടുപോവുക." 117-ാം ശ്ലോകം.

"കൈതക്കാട്ടെക്കുവലയദൃശാംപാട്ടു കേട്ടങ്ങിരുന്നാൽ
കാലംവൈകും പെരിക, നിരണത്തിനുപോകാൻവഴങ്ങേൻ
എൻറാൽപ്പാരിൽപ്രഥിത ചിറവാസ്സില്ലമാന്തെൻതുരുത്തി
ക്കൂട,ക്കൂടക്കഴികപഴവാറെൻറു ചൊല്ലും ചടങ്ങും".

ഈ ശ്ലോകത്തിൽ 1-ാം വരിയിൽ "കൈതക്കാട്ടെ" എന്ന പാഠം കാരക്കാട്ടെ എന്നും 3-ാം വരിയിൽ "ചിറവാസ്സില്ലമാന്തെൻതുരുത്തി" എന്നതു ചിറവാസ്സില്ലമാലെൻതുരുത്തി എന്നും ആണ് ശരിയായ പാഠം.

മിസ്റ്റർ പിഷാരോടിയുടെ വ്യാഖ്യാനം.—"കൈതക്കാട്ടെ = കൈതക്കാട്ട് എന്ന ഗൃഹത്തിലെ, കുവലയദൃശാം = സുന്ദരിമാരുടെ, പാട്ടുകേട്ടുംകൊണ്ടങ്ങിരുന്നാൽ, പെരിക = അധികം, കാലം = നേരം, വൈകും- അതുകൊണ്ട്, നിരണത്തിനു = നിരണം എന്ന ദീക്കിലേക്കു, പോവാൻ, വഴങ്ങേൻ = അപേക്ഷിക്കുന്നു, എന്നാൽ പാരിൽ പ്രഥിതമായ = പ്രസിദ്ധമായ, ചിറവാസ്സ് = ചിറവായ് സ്വരൂപത്തിനു, ഇല്ലമാം = വാസസ്ഥാനമായ, തെൻ തുരുത്തിക്കൂട – തെൻതുരുത്തി എന്ന സ്ഥലത്തെത്തുമ്പോൾ, പഴവാറ് = പഴയ തറവാട്ടിൽ പോകുക എന്നു പറയുന്ന, ചടങ്ങും = ആചാരവും, ക്കൂടകഴിക = അതോടുക്കൂടിത്തന്നെ കഴിയണം. അങ്ങയുടെ പഴയ തറവാടായ ചിറവായ് കൊട്ടാരത്തിൽ പോകുന്നത് ആചാരമര്യാദമാണ് എന്നർത്ഥം. ചിറവായ് സ്വരൂപത്തിൽ ജനിച്ച കേരളവർമ്മൻ എന്ന ജയസിംഹരാജാവു കൊല്ലം രാജവംശത്തിലെ ഉമാരാജ്ഞിയെ സർവ്വസ്വദാന രീതിയിൽ വിവാഹം ചെയ്തു കൊല്ലത്തെ രാജാവായി. ആ ജയസിംഹരാജാവിൻെറ പുത്രന്മാരാണ് രവിവർമ്മ ചക്രവർത്തിയും ആദിത്യവർമ്മരാജാവും. ആദിത്യവർമ്മരാജാവിനെ തൃപ്പാപ്പൂർ മൂപ്പസ്ഥാനത്തേക്കു ദത്തെടുത്തു. ഇങ്ങനെയാണ് സന്ദേശഹരനായി കല്പിച്ചിട്ടുള്ള ആദിത്യവർമ്മരാജാവിനു തൃപ്പാപ്പൂർ മൂപ്പും രവിവർമ്മ ചക്രവർത്തി ജ്യേഷ്ഠനുമായതും, ചിറവായ് കൊട്ടാരം പഴയ തറവാടായതും എന്നു ചരിത്രപ്രകാരം ഗ്രഹിച്ചുകൊൾക". (തുടരും.)

## കേരളത്തിലെ ദൃശ്യകാവ്യങ്ങൾ.

(ഡി. ശങ്കരയ്യർ ബി. ഏ. ബി. എൽ.)

കാവ്യം എന്നാൽ എന്തെന്നുള്ളതിനെപ്പററി സഹൃദയന്മാർക്കെല്ലാവർക്കും സാമാന്യമായ ഒരു ജ്ഞാനമെങ്കിലും ഉണ്ടായിരിക്കുമല്ലോ. മാതൃകയുടെ രൂപീകരണമെന്നു പാശ്ചാത്യരാൽ സമർത്ഥിക്കപ്പെട്ടിട്ടുള്ളതും 'വാക്യം രസാത്മകം കാവ്യം' ഇത്യാദി പലവിധത്തിലുള്ള അഭിപ്രായങ്ങളാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ കാവ്യത്തിൻെറ പേർ പ്രയോഗവൈചിത്ര്യത്താൽ കാവ്യതല്ലജങ്ങളടങ്ങിയ ഗ്രന്ഥങ്ങൾക്കും സിദ്ധിച്ചിട്ടുള്ളതു പ്രസ്താവിച്ചറിയേണ്ടുന്ന ഒരു സംഗതിയല്ല. ഈ തരത്തിൽപ്പെട്ട കാവ്യങ്ങളുടെ ഗുണദോഷങ്ങൾ അനുസരിച്ചും, വിഷയം പ്രതിപാദനരീതി മുതലായവയെ പുരസ്ക്കരിച്ചും ചില വിഭാഗങ്ങൾ ഉള്ളതുപോലെ, കാവ്യാമൃതം ആസ്വദിക്കുന്നതിൽ പ്രധാനമായി വ്യാപാരം ചെയ്യുന്ന ജ്ഞാനേന്ദ്രിയത്തെ ആസ്പദമാക്കിയിട്ടും രണ്ടു വിഭാഗങ്ങൾ ഉണ്ടു്. ദൃശ്യം ശ്രാവ്യം എന്ന ഈ രണ്ടു വിഭാഗങ്ങളെ പ്രധാനമായി നിർവ്വചിച്ച ശേഷമാണു സാഹിത്യശാസ്ത്രജ്ഞന്മാർ മഹാകാവ്യം, ഖണ്ഡകാവ്യം മുതലായവയുടെ ലക്ഷണശാസ്ത്രത്തിൽ പ്രവേശിച്ചിട്ടുള്ളത്. ദൃശ്യകാവ്യപ്രകരണത്തിൽ "നാടകം സപ്രകരണം ഭാണം പ്രഹസനോ ഡിമഃ വ്യായോഗ സമവകാരൌവീഥ്യ

ക്കേ/ഹാ മൃഗാങ്കതി" എന്ന വിഭാഗവും പിന്നീടു സൂത്രധാരൻ, നടി, വിഷ്കംഭം, ആകാശഭാഷിതം മുതലായവയുടെ ലക്ഷണനിർവ്വചനവും ആണ പ്രധാനമായി അടങ്ങീട്ടുള്ളത്. ഇവയെപ്പററി സവിസ്തരം പ്രതിപാദിക്കേണ്ടതു പ്രകൃതവിഷയത്തിനു വേണ്ടതുതന്നെയെങ്കിലും ഭാഷാപോഷിണിയിൽ ഇവയെപ്പററി സമഗ്രമായി പ്രതിപാദിക്കുന്ന പല ലേഖനങ്ങളും പ്രസിദ്ധീകൃതങ്ങളായിട്ടുള്ളതുകൊണ്ടും കേരളത്തിലെ ദൃശ്യകാവ്യങ്ങളെ സംബന്ധിച്ചു പരിശോധിക്കേണ്ട വിഷയങ്ങൾ സംസ്കൃതസാഹിത്യശാസ്ത്രവുമായി പ്രത്യേകിച്ചു യാതൊരു ബന്ധവുമില്ലാത്തതാകകൊണ്ടും ഈ വിഷയത്തെപ്പററി ഇവിടെ ഇത്രമാത്രമേ സൂചിപ്പിക്കുന്നുള്ളു. കേരളഭാഷയിലെ ദൃശ്യകാവ്യങ്ങൾ എന്തെല്ലാമാണ്. അവയുടെ ഉത്ഭവം എങ്ങനെ. പിന്നീട്ടുള്ള ഗതി എങ്ങനെ? ഇപ്പോഴത്തെ നിലയെന്തു? ദൃശ്യകാവ്യപ്രസ്ഥാനങ്ങൾ എന്തെല്ലാമാണ്? ഭാവി എന്തായിരിക്കാം? ആധുനികനിലയുടെ ഗുണദോഷം എന്ത്? എന്നു തുടങ്ങിയ വിഷയങ്ങളെപ്പററി ഒരു പരിശോധന നടത്താമെന്നു മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ദൃശ്യകാവ്യചരിത്രം പരിശോധിക്കുമ്പോൾ മററു ഭാഷകളേക്കാൾ എത്രയോ പ്രായം കുറഞ്ഞ കൈരളി സാഹിത്യപ്രസ്ഥാനങ്ങളുടെ ആധിക്യംകൊണ്ടും, അഭിനയരീതിയിലുള്ള പ്രത്യേകത്വംകൊണ്ടും, മററും ഒരു ശ്രേഷ്ഠമായ നിലയിലാണു സ്ഥിതിചെയ്യുന്നതെന്നും കേരളത്തിലെ ദൃശ്യകാവ്യങ്ങളിൽ ശ്രദ്ധേയങ്ങളായ പല സംഗതികൾ ഉണ്ടെന്നും നമുക്കു മനസ്സിലാകുന്നതാണ്.

പ്രാചീനകാലങ്ങളിൽ കേരളഭാഷയിലുണ്ടായിരുന്ന സാഹിത്യഗ്രന്ഥങ്ങളെപ്പററി സൂക്ഷ്മമായ യാതൊരറിവും നമുക്ക് ഇപ്പോൾ ലഭിക്കുന്നില്ല. നമ്മുടെ സാഹിത്യചരിത്രത്തിൽ അപരിഹാര്യമായ ഒരു നിലയിലിരിക്കുന്ന ഈ ഒരു ന്യൂനത നിമിത്തം മററു വിഷയങ്ങളെപ്പോലെതന്നെ ദൃശ്യകാവ്യചരിത്രവും നമുക്കു സൂക്ഷ്മമായി മനസ്സിലാക്കുവാൻ വ്യഹിയം. ഇക്കാലത്ത് അപൂർവ്വം ചില ഗൃഹങ്ങളിൽ വല്ലപ്പോഴും "നടത്താറുള്ള" യാത്രകളിയും ഉത്സവാദ്യവസരങ്ങളിൽ അഭിനയിക്കാറുള്ളതും, ചാക്യാർക്കൂത്തു, പാഠകം മുതലായ വിവിധനാമധേയങ്ങളിൽ പ്രസിദ്ധങ്ങളായിട്ടുള്ളതും, യാതൊരു കൂട്ടക്കം രസാവഹമല്ലാത്തതുമായ ഒരുതരം കഥാഭാഷണവുമാണ് പണ്ടത്തെ ദൃശ്യകാവ്യങ്ങൾ എന്നാണ് വിശ്വസിക്കപ്പെട്ടുവരുന്നത്. രണ്ടാമതായി പറഞ്ഞ വിഭാഗത്തിനു കൂടിയാട്ടം എന്നാണു പേർ. ഏതായാലും ഒരു സംഗതി നിശ്ചയമാണ്. സംസ്കൃതം ഇംഗ്ലീഷ് മുതലായിട്ടുള്ള ഭാഷകളിൽ ആദ്യമായി ഉണ്ടായിട്ടുള്ള ദൃശ്യകാവ്യങ്ങൾ മതസംബന്ധമായിട്ടുള്ള പ്രാർത്ഥനകളോടു ചേർന്ന അഭിനയക്രമങ്ങൾ ആയിരുന്നു എന്നു നാം മനസ്സിലാക്കീട്ടുള്ളതുപോലെ കേരളത്തിലും ദൃശ്യകാവ്യത്തിന്റെ ആദിമഘട്ടത്തിൽ, അതു പ്രാർത്ഥനയോടു ചേർന്ന ഒരു ചടങ്ങു മാത്രമായിരുന്നു എന്നു സ്ഥാപിക്കുന്നതിനു് ഇന്നു് അവശേഷിച്ചിരിപ്പുള്ള യാത്രകളി മതിയായ ഒരു ലക്ഷ്യമാകുന്നു. അന്നു് അന്യദേശീയന്മാരുമായുള്ള സമ്പർക്കം വളരെ ചുരുക്കമായിരുന്നതുകൊണ്ടു് വിദേശീയരിൽനിന്നു കേരളീയർ ഈ കലാവിദ്യ ഗ്രഹിച്ചതാണെന്നു വിചാരിക്കുന്നതിനോ, ഗതാനുഗതികത്വത്തിൽ അവർക്കുള്ള ഭ്രമംകൊണ്ടാണു ദൃശ്യകാവ്യം കേരളത്തിൽ ഉണ്ടായതു് എന്നു വിചാരിക്കുന്നതിനോ ഒട്ടും ന്യായമില്ല. ഏതു ദേശത്തിൽ താമസിക്കുന്നവരായാലും മനുഷ്യപ്രകൃതിക്കും വാസനയ്ക്കും അല്പമെങ്കിലും സാമ്യം ഉണ്ടായിരിക്കുന്നതുകൊണ്ടു, നൈസർഗ്ഗികമായ വാസനാബലംകൊണ്ടു മാത്രം അഭിനയവിദ്യയിൽ ആസക്തിയുള്ള നമ്മുടെ പൂർവ്വികന്മാർ, പ്രാർത്ഥനയോടു ചേർത്തു ചില അഭിനയക്രമങ്ങളും രചിച്ചതായി വിചാരിക്കുന്നതു് യുക്തിയുക്തമായിട്ടുള്ളതു തന്നെയാണ്.

കേരളത്തിലെ ആദ്യത്തെ ദൃശ്യകാവ്യപ്രസ്ഥാനം യാത്രകളിയാണെന്നു പറഞ്ഞുവല്ലൊ. ഇതിൽ പ്രഥമശ്രവണത്തിൽ തന്നെ യാത്രയ്ക്കും അഭിനയിക്കുന്ന കളിക്കും തമ്മിൽ എന്തോ സംബന്ധമുണ്ടെന്നു സ്പഷ്ടമാകുന്നുണ്ടു്. ഓരോ സംഘങ്ങളായി ചേർന്നു രാജ്യകാര്യങ്ങൾക്കായും മററും ഒരുമിച്ചു പ്രവർത്തിക്കുന്നതിനുള്ള കരുതലോടുകൂടി ഓരോ ദേശങ്ങൾതോറും യാത്രചെയ്തുവന്നിരുന്ന നമ്പൂതിരിമാർ, അപ്പോഴപ്പോൾ പാളയം അടിച്ചു താമസിക്കാറുണ്ടായിരുന്ന സ്ഥലത്തുവച്ചു ദൈവാനുഗ്രഹത്തിനുവേണ്ടി നടത്തിവന്നിരുന്ന പൂജാദികളും, അതോടു ചേർന്ന അതേ ദിവസംതന്നെ നടത്തിവന്നിരുന്ന വിനോദങ്ങളുമാണു യാത്രകളി എന്നു് ഒരു അഭിപ്രായമുണ്ടു്. യാത്രകളിക്കു സംഘക്കളി എന്നു് ഒരു പേരുകൂടി ഉള്ളതു് ഈ അഭിപ്രായത്തോടു യോജിച്ചതുതന്നെയാണ്. ഇതിൽ പ്രധാനമായിരുന്നതും ആരംഭദശയിൽത്ത

ന്നെ സമഷ്ടിയായി നടന്നു വന്നിരുന്നതു പൂജതന്നെയായിരിക്കണം. ഹാസ്യരസപ്രധാനമായ ഒരു അഭിനയകലയിൽ, അനന്തരകാലങ്ങളിലുള്ള പരിഷ്കാരം നിമിത്തം ഭക്തിയും, പ്രാൎത്ഥനയും മറ്റും കടന്നു കൂടുക എന്നതിനു സാംഗത്യമില്ലല്ലൊ. ഭാഷാചരിത്രകൎത്താവു വിസ്തരിച്ചു പറയുന്നതും, രസാവഹമെന്നപോലെതന്നെ യുക്തിയുക്തവും ആയ ഒരു കഥ (യാത്രകളിയുടെ ഉത്ഭവത്തെപ്പറ്റി വേറെയൊരു അഭിപ്രായം) ഉള്ളതിനെ സമൎത്ഥിക്കുന്നു. പെരുമാക്കന്മാരുടെ കാലത്തു കേരളവുമായി കച്ചവടത്തിനായി വന്ന മഹമ്മദീയരിൽ ചിലർ ബാണപ്പെരുമാൾ എന്ന (മക്കത്തേക്കുപോയ പെരുമാളിനെ) മഹമ്മദുമതസിദ്ധാന്തങ്ങൾ മനസ്സിലാക്കി ഹിന്ദുമതം ഉപേക്ഷിപ്പിച്ചു എന്നും, പെരുമാൾ തന്റെ സദസ്യരും അനുചരന്മാരുമായ മഹാബ്രാഹ്മണരോടു ഹിന്ദുമതത്തെക്കാൾ മഹമ്മദുമതത്തിനുള്ള മാഹാത്മ്യം പറഞ്ഞു കേൾപ്പിച്ചു് അവരേ മഹമ്മദുമതം സ്വീകരിപ്പാൻ പ്രേരിപ്പിക്കവേ സമാധാനമില്ലാതായിത്തീൎന്ന ബ്രാഹ്മണർ ഹിന്ദുമതസിദ്ധാന്തങ്ങൾ എന്തെല്ലാമെന്നു പരിശോധിപ്പാൻ തുടങ്ങി എന്നും, പെരുമാളിനെ സമാധാനപ്പെടുത്തുവാൻ തക്ക വാദം ഒന്നും കാണാതെ അവർ വിഷണ്ണരായി ഭഗവാനെ ധ്യാനിച്ചു നാല്പത്തൊന്നു ദിവസം ഒരു പൂജയും, വ്രതവും ആരംഭിച്ചു സങ്കടനിവൃത്തിക്കായി പ്രാൎത്ഥിച്ചപ്പോൾ വേദവിത്തുകളായ വേറെ ചില ബ്രാഹ്മണർ അവിടെ വന്നുചേൎന്നു് അവൎക്കു ഹിന്ദുമതത്തിന്റെ അന്യാദൃശമാഹാത്മ്യം പഠിപ്പിച്ചു കൊടുത്തെന്നും പെരുമാളിനെ സമാധാനപ്പെടുത്തുന്നതിനു തക്ക വാദം മനസ്സിലാക്കിത്തന്ന ഭഗവാനെ അവർ പിന്നീടു പലപ്പോഴും വിളക്കുവെച്ചു പൂജ ചെയ്തുവന്നിരുന്നു എന്നും ഇതാണു ക്രമേണ യാത്രകളിയായിത്തീൎന്നതെന്നും മറ്റുമാണു് ഈ കഥ. പൂജ മാത്രമായിരുന്നതും പിന്നീടു നവരസങ്ങളും ചേൎന്നു ഒരു ഹൃദ്യകലയായിത്തീൎന്നതുമായ ഈ പ്രസ്ഥാനത്തിനു യാത്രകളി എന്നു പേർ വരുവാൻ കാരണമെന്തെന്നാണു നമുക്കു പിന്നീടു് അറിവാനുള്ളതു്. സത്രക്കളി, ശാസ്ത്രക്കളി ശാസ്ത്രകളി എന്നെല്ലാം ഈ അഭിനയവിദ്യകൾക്കു പേരുകളുണ്ടെന്നും ഇവയിലേതെങ്കിലും ഒന്നിന്റെ ഒരു അപശബ്ദമാണു് യാത്രകളി എന്നും വിചാരിക്കുന്നതിൽ തെറ്റില്ല. ശാസ്താവിനെ ഈ പൂജയിൽ പ്രധാനമായി ആരാധിക്കാറുണ്ടായിരുന്നതുകൊണ്ടായിരിക്കാം ശാസ്ത്രക്കളി എന്നു പേരുണ്ടായതു്. ശാസ്ത്രാനുസൃതമായ രീതിയിലുള്ള കളിയാകകൊണ്ടു ശാസ്ത്രക്കളി എന്നും, യാഗംപോലെതന്നെ പ്രത്യേക ശ്രദ്ധയോടുകൂടി, കൂട്ടംകൂട്ടമായി ബ്രാഹ്മണസംഘങ്ങൾ നടത്തിവരുന്നതുകൊണ്ടു സത്രക്കളി എന്നും ഇതിനു പേരുകൾ ഉണ്ടായിട്ടുള്ളതായിട്ടാണു വിശ്വസിക്കപ്പെട്ടുവരുന്നതു്. ഭക്തിരസപ്രധാനമായ ഈ അഭിനയവിദ്യയിൽ നവരസങ്ങളും ഉണ്ടെന്നു വരികിലും ഹാസ്യരസത്തിനും അനല്പമായ പ്രാധാന്യമുണ്ടു്. പൂജ കഴിഞ്ഞാൽ പിന്നീടു നമ്പൂരിമാർ അവരവരുടെ മനോധൎമ്മംപോലെ ഓരോ വേഷങ്ങൾ കെട്ടി പല പരിഹാസകവനങ്ങൾ ചൊല്ലിയും നാട്ടുനടപ്പിലെ ദോഷങ്ങളെപ്പറ്റി പാട്ടുകൾ പാടിയും രാജ്യതന്ത്രംമുതൽ ഗൃഹകാൎയ്യം വരേയുള്ള സകല വിഷയങ്ങളേയും നിരൂപണം ചെയ്തും വിനോദം ജനിപ്പിച്ചു വന്നിരുന്നപോൽ. ഇത്രമാത്രമല്ലാതെ യാത്രക്കളിയുടെ വിഷയം എന്തെന്നു നിൎവ്വചിക്കുന്നതോ അഭിനയക്രമത്തെ നിൎദ്ദേശിക്കുന്നതോ ആയ യാതൊരു ഗ്രന്ഥവും കാണ്മാനില്ല. പണ്ടു യാത്രക്കളിയിൽ എന്തെല്ലാം ഉണ്ടായിരുന്നുവോ, അവയെല്ലാം അക്കാലത്തെ സാമുദായികവിഷയങ്ങളോടും മറ്റും അല്പം സംബന്ധമുള്ളവയാണു്. കാലാന്തരത്തിൽ പല വ്യത്യാസങ്ങളും സമുദായത്തിലും രാജ്യതന്ത്രത്തിലും ഉണ്ടായിട്ടുണ്ടെങ്കിലും യാത്രക്കളി അന്നത്തെ നിലയെത്തന്നെ ആശ്രയിച്ചിരിക്കുന്നതും ഇക്കാലത്തേക്കു വിശിഷ്യ യോജിപ്പില്ലാത്തതുമാണു്. ഇക്കാലത്തെ യാത്രക്കളിയിലുള്ള "വിഡ്ഢിയും, മുക്കുവനും മഹമ്മദനും" എല്ലാം അന്നു് എന്തെല്ലാം നേരമ്പോക്കുകൾ പറഞ്ഞു വന്നിരുന്നുവോ, അവയെല്ലാം ഇന്നും യാത്രക്കളിയിൽ പറയുന്നതിനു നിൎബ്ബന്ധിതരാണു്. യാതൊരു സംബന്ധവുമില്ലാത്ത വേഷവിശേഷങ്ങളും കെട്ടി ഒരുക്കി വെച്ചിട്ടുള്ള നേരമ്പോക്കുകളും കൊണ്ടു നിറഞ്ഞിട്ടുള്ളതാണു് ഇന്നത്തെ യാത്രക്കളി. ഒരു അഭിനയകല എന്ന നിലയിൽ ഇക്കാലത്തു് യാത്രക്കളിക്കു ഒട്ടും പ്രാധാന്യമില്ല. യാത്രക്കളിയിൽ അന്തൎഭൂതമായിട്ടുള്ള പ്രാൎത്ഥനാശ്ലോകങ്ങളെക്കൊണ്ടു മാത്രവും, ചില കുടുംബനായകന്മാൎക്കുള്ള മാമൂൽപ്രിയത്വംകൊണ്ടു മാത്രവും വല്ലപ്പോഴും അഭിനയിക്കാറുള്ള യാത്രക്കളിയുടെ ഇപ്പോഴത്തെ നില എത്രയോ താഴ്ന്ന ഒരു പടിയിലാണു്. കാവ്യഗുണംകൊണ്ടോ അഭിനയവിശേഷംകൊണ്ടോ യാത്രക്കളിയിലുള്ള സാഹിത്യഭാഗങ്ങൾ ശ്രദ്ധാൎഹങ്ങളല്ല.

കേരളത്തിലെ പ്രാചീനദൃശ്യകാവ്യങ്ങളിൽ വെച്ചൊന്നാണ് കൂടിയാട്ടം. ഭാസകൃതിയായ സ്വപ്നവാസവദത്തം, കാളിദാസകൃതിയായ മാളവികാഗ്നിമിത്രം എന്നീ നാടകങ്ങൾ കൊണ്ടു നമുക്കു സുപരിചിതങ്ങളായിത്തീർന്നിട്ടുള്ള പ്രാചീനഉത്തരേന്ത്യാചരിത്രത്തിലെ ചില കഥകളെ ആസ്പദമാക്കിയും പുരാണേതിഹാസങ്ങളിലെ കഥകളെ ആസ്പദമാക്കിയും നമ്മുടെ പൂർവ്വികന്മാർ സംസ്കൃതഭാഷയിൽ രചിച്ചിട്ടുള്ള ചില പ്രബന്ധങ്ങളുടെ അഭിനയമാണ് കൂടിയാട്ടമെന്നു പറയപ്പെട്ടുവരുന്നതു്. ഇവയുടെ അഭിനയക്രമത്തെപ്പററി വ്യവസ്ഥ ചെയ്യുന്ന ഒന്നുരണ്ടു ഗ്രന്ഥങ്ങൾ സാഹിത്യലോകത്തിൽ പരിചിതങ്ങളായിത്തീർന്നിട്ടുണ്ടു്. തപതീസംവരണം പ്രതിജ്ഞായൌഗന്ധരായണം, സീതാസ്വയംവരം ഇവയെല്ലാമാണു കൂടിയാട്ടത്തിലെ ആദ്യകൃതികൾ. ആദ്യമായി ഒരു കൂടിയാട്ടം എഴുതിയുണ്ടാക്കിയതു കുലശേഖര ആൾവാർ ആണ്. കൊടുങ്ങല്ലൂർ എന്നു ഇന്നു പറയപ്പെട്ടുവരുന്ന തിരുവഞ്ചിക്കുളത്തുവെച്ചു് അദ്ദേഹം ആദ്യമായി ഒരു കൃതി അഭിനയിച്ചു എന്നും, അതു കാണ്മാൻ അദ്ദേഹം ഒരു ബ്രാഹ്മണനെ മാത്രം അനുവദിച്ചിരുന്നു എന്നും, ആ ബ്രാഹ്മണന്റെ അഭിപ്രായമറിഞ്ഞതിനുശേഷം, അഭിനയം രസാവഹമാണെന്നു മനസ്സിലാക്കി അദ്ദേഹം പിന്നീടു പരസ്യമായി അഭിനയിച്ചും, അഭിനയിപ്പിച്ചും കൂടിയാട്ടത്തിനു പ്രചാരമുണ്ടാക്കിത്തീർത്തതായിട്ടുമാണ് ഇന്നു വിശ്വസിക്കപ്പെട്ടുവരുന്നതു്. ഇതിന്റെ അഭിനയവിധ്യത്തെപ്പററി അല്പം വിസ്തരിക്കാം.

ഒരു നടൻ രംഗത്തിൽ പ്രവേശിച്ചിട്ടു പ്രകൃതകഥയെ വിസ്തരിച്ചു ചൊല്ലുകയും രസാവഹവും സുഗ്രാഹ്യവും ആയ രീതിയിൽ കഥാഭാഗത്തെ അതാതു ഭാഗങ്ങളിൽ അഭിനയത്തോടുകൂടി പൂർണ്ണിക്കുകയും ആണ് ഇതിൽ പ്രധാനമായി ചെയ്യാറുള്ളതു്. "പക്കമേള"ത്തിനു് ഇതിൽ ഒരു മിഴാവു മാത്രമേയുള്ളു. കഥാരംഭത്തിനു മുമ്പിലായിത്തന്നെ ഒരു മിഴാവുകൊട്ടും പിന്നീടു അവസരോചിതംപോലെ മിഴാവു മുഴക്കവും ഇതിൽ സർവ്വസാധാരണമാണു്. ഹാസ്യരസത്തിനു് ഇതിൽ ആദ്യകാലത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. അതിലേക്കായി ഒരു വിദൂഷകൻ കൂടി സൃഷ്ടിക്കപ്പെടുകയും അയാൾക്കു ചൊല്ലേണ്ടതും അഭിനയിക്കേണ്ടതും ആയ ഭാഗങ്ങൾകൂടി പ്രബന്ധകർത്താക്കളാൽ രചിക്കപ്പെടുകയും ചെയ്കയുണ്ടായി. വിദൂഷകന്റെ ജോലിയാകട്ടെ കഥാഭാഗത്തിനു് എതിരായി ഓരോ വിനോദങ്ങൾ പറയുക മാത്രമായിരുന്നു എങ്കിലും ഗ്രന്ഥകാരൻ അനുവദിച്ചിട്ടുണ്ടായിരുന്നതിലധികം വല്ലതും പറയുന്നതിനു് അയാൾക്കനുവാദമുണ്ടായിരുന്നില്ല. സ്റ്റോക്ക് ഹ്യൂമർ എന്നു ഇംഗ്ലീഷിൽ പറയുന്നതുപോലെ വിദൂഷകന്റെ ഭാഗം എല്ലാം കാലേകൂട്ടി ഒരുക്കിവച്ചിട്ടുണ്ടായിരുന്ന ഫലിതങ്ങളായിരുന്നു. നായകൻ സ്വാനുരാഗചേഷ്ടകളെ വർണ്ണിച്ചാൽ വിദൂഷകൻ തന്റെ സ്വന്തം സംഗതികൾ നികൃഷ്ടമായ രീതിയിൽ അതിനു് അനുയോജ്യമായ ഭാഷയിൽ പറയുകയായി. രാജാവു നായകനെ വർണ്ണിച്ചാൽ വിദൂഷകൻ തന്റെ മനോനന്ദിനിയെപ്പററി പുലമ്പിത്തുടങ്ങും. ഇങ്ങനെയാണ് വിദൂഷകനെ ഏർപ്പെടുത്തിയിരുന്നതു്. ഈ വിദൂഷകനു കഥാഭാഗവുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. നടന്മാരുടെ എണ്ണം രണ്ടിൽനിന്നു ക്രമേണ കൂടി അഷ്ടപദിയാട്ടം, കൃഷ്ണനാട്ടം മുതലായ ദൃശ്യകാവ്യങ്ങളെപ്പോലെ ആയിത്തീർന്നു എന്നാണു സാഹിത്യചരിത്രത്തിൽ നിന്നും നാം മനസ്സിലാക്കുന്നതു്. ഇന്നു ശേഷിച്ചിരിപ്പുള്ള ചാക്യാർക്കൂത്തു് കൂടിയാട്ടത്തിന്റെ ആദിമാവസ്ഥയുടെ നിലയും രീതിയും സൂചിപ്പിക്കുന്നു. ചാക്യാർക്കൂത്തിനെതിരായി ഉണ്ടായ തുള്ളലും, കൃഷ്ണനാട്ടം, രാമനാട്ടം ഇവ പരിഷ്കരിച്ചുണ്ടായ കഥകളിയും എല്ലാം കൂടിയാട്ടത്തിനെ ആസ്പദമാക്കീട്ടാകകൊണ്ടു കേരളത്തിലെ ദൃശ്യകാവ്യങ്ങളിൽവെച്ചു സ്വതന്ത്രമായ കാവ്യപ്രസ്ഥാനം കൂടിയാട്ടത്തിലാണ് ആദ്യമായി കാണ്മാനുള്ളതു് എന്നു സമഷ്ടിയായി പറയാം.

ഈ പ്രകൃതത്തിൽ പ്രത്യേകം ശ്രദ്ധാർഹമായ ഒരു സംഗതിയുണ്ടു്. പാശ്ചാത്യരാജ്യങ്ങളിൽ ഏററവും പരിഷ്കൃതമായിരുന്നതും ഇന്നത്തെ പരിഷ്കാരത്തിനുതന്നേ മൂലാധാരമായിട്ടുള്ളതുമായ ഗ്രീസ് രാജ്യത്തിലാണ് ആദ്യമായി നാടകാഭിനയം തുടങ്ങിയതു്. അന്നു് ആദ്യമായി (Chorus) കോറസ്സ് എന്നു പറയുന്ന ഒരു നടൻ മാത്രമേ നാടകാഭിനയത്തിനു് ഉണ്ടായിരുന്നുള്ളു എന്നും ക്രമേണ പരിഷ്കാരത്തോടുകൂടിയാണു നടന്മാരുടെ എണ്ണം വർദ്ധിച്ചതെന്നും നാം അറിയുന്നു. മതസംബന്ധമായ ഉപദേശങ്ങൾ നൽകുന്നതിനും മതഗ്രന്ഥങ്ങളെ പഠിപ്പിക്കുന്നതിനും അന്നത്തെ പണ്ഡിതന്മാർ ദൃശ്യകാവ്യം സൃഷ്ടിച്ചതാണതുപോൽ ഇംഗ്ലീഷിലും ഏറെക്കുറെ ഇതുപോലെയുള്ള ഒരു അവസ്ഥ തന്നെയാണ്

ദൃശ്യകാവ്യത്തിന്റെ ആദിമഘട്ടത്തിൽ ഉണ്ടായിരുന്നതു്. മിസ്റ്ററീസ് മിറക്കിൾസ് എന്നു തുടങ്ങിയ ഇംഗ്ലീഷ് ദൃശ്യകാവ്യങ്ങൾ ബൈബിളിലെ കഥകളെ അഭിനയിക്കുന്നതിനാണ് രചിതങ്ങളായിരുന്നതെന്നും, അഭിനയം പ്രത്യേക മംഗളാവസരങ്ങളിൽ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും മനസ്സിലാക്കുമ്പോൾ, പാശ്ചാത്യപൌരസ്ത്യപദ്ധതികളിൽ ദൃശ്യകാവ്യചരിത്രത്തെ സംബന്ധിച്ച സാമ്യം എത്രയോ അത്ഭുതജനകമായിരിക്കുന്നു. പാശ്ചാത്യരിലാകട്ടെ പ്രാചീനാവസ്ഥയെ ഓർമ്മിപ്പിക്കത്തക്കതായി യാതൊരു ലക്ഷ്യവും ഇല്ലാത്തവിധം ദൃശ്യകാവ്യാഭിനയവിദ്യ മാറിപ്പോയിട്ടുണ്ട്. കേരളത്തിൽ പ്രാചീനാവസ്ഥയെ നിലനിർത്തി നടത്തിവരുന്ന ചാക്യാർക്കൂത്തു മുതലായവയും, പ്രാചീനപദ്ധതി പരിഷ്കരിച്ചുണ്ടാക്കിയിട്ടുള്ള കഥകളിയും രണ്ടും ഇപ്പോൾ പ്രചാരത്തിലിരിക്കുന്നു.

എത്രയോ ശുഷ്കമായിരുന്ന കൂടിയാട്ടം, അഷ്ടപദിയാട്ടം, കൃഷ്ണനാട്ടം, രാമനാട്ടം എന്ന നിലയിൽക്കൂടി കടന്നു ക്രമേണ പരിപുഷ്ടമായിത്തീർന്നു സാഹിത്യപ്രണേതാക്കളുടെ സഹായത്താൽ ഇന്നത്തെ കഥകളിയായിത്തീർന്നിരിക്കുന്നു. കഥകളി, കൂടിയാട്ടത്തിൽനിന്നും വളരെ വ്യത്യസ്തപ്പെട്ടതാണെന്നു തോന്നത്തക്കവണ്ണം അതിൽ മാററം വന്നിട്ടുണ്ടെങ്കിലും അഭിനയരീതിയിലും, അഭിനയാരംഭത്തിലും മററും കൂടിയാട്ടത്തോടു് അതു സാമ്യം വഹിക്കുന്നുണ്ടു്. പച്ച, കത്തി താടി എന്നീ വേഷവിശേഷങ്ങളും, ഗോഗവായും മററും കാലക്രമേണ കടന്നുകൂടീട്ടുള്ളതു മാത്രമാണെന്നും ഈ പരിഷ്കാരങ്ങൾക്കെല്ലാം കാരണഭൂതന്മാരായിട്ടുള്ളതു കല്ലടിക്കോടൻ കല്ലിങ്ങാടൻ എന്നു രണ്ടു നമ്പൂതിരിമാർ മാത്രമാണെന്നും ഭാഷാചരിത്രകർത്താവു പറയുന്നു. ഇപ്രകാരം വളർന്നുവന്നതും ഇന്നു സാമാന്യം ഒരു നല്ല നിലയിൽ വർത്തിക്കുന്നതുമായ കഥകളിയെപ്പററി ഇവിടെ അല്പം വിസ്തരിക്കാനുണ്ടു്.

കഥകളിയുടെ മാർഗ്ഗദർശി എന്താണെന്നു മുൻപു പറഞ്ഞിട്ടുണ്ടു്. കോഴിക്കോട്ടു തമ്പുരാൻ കല്പിച്ചുണ്ടാക്കിയ കൃഷ്ണനാട്ടവും അതിനു എതിരായി കൊട്ടാരക്കരത്തമ്പുരാൻ കല്പിച്ചുണ്ടാക്കിയ രാമനാട്ടവും കഥകളിയുടെ പ്രാരംഭഘട്ടത്തെ സൂചിപ്പിക്കുന്നു. രാമനാട്ടമാണ് രാമായണകഥ മുഴുവൻ അഭിനയവിദ്യക്കു യോജിച്ച വിധത്തിൽ രചിതങ്ങളായിട്ടുള്ള പുത്രകാമേഷ്ടി, സീതാസ്വയംവരം മുതലായ എട്ടു കഥകൾ. മേൽ വിവരിച്ച രണ്ടു തമ്പുരാക്കന്മാർക്കു മത്സരം ഉണ്ടാകാതെയിരുന്നെങ്കിൽ തെക്കൻദിക്കുകളിൽ കഥകളിക്കു പ്രചാരമുണ്ടാവാൻ വളരെ താമസിക്കുമായിരുന്നു. രാമനാട്ടത്തിനോ, കൃഷ്ണനാട്ടത്തിനോ, തോടയം എന്ന പ്രാരംഭച്ചടങ്ങില്ല. സംസ്കൃതശ്ലോകങ്ങളും മണിപ്രവാളപദങ്ങളുമാണ് ഈ കൃതികളിൽ കാണ്മാനുള്ളതു്. മണിപ്രവാളഭാഷ ആധുനിക മണിപ്രവാളത്തോടു് ഒട്ടും യോജിച്ചതുമല്ല. കോട്ടയം തമ്പുരാൻ ഇരയിമ്മൻതമ്പി, ഉണ്ണായിവാര്യർ, അശ്വതിതിരുനാൾ തമ്പുരാൻ എന്നീ കവിപുംഗവന്മാരുടെ കൃതികളാണ് ഇന്നു പ്രധാനമായിട്ടുള്ളതു്. കഥകളിയുടെ അഭിനയരീതിയും, രചനാരീതിയും, കഥാസംഗ്രഹവും എല്ലാം നാടകലക്ഷണങ്ങൾ അനുസരിച്ചുള്ളവയല്ലെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല. ഇവയുടെ വ്യത്യാസത്തെപ്പററി വിസ്തരിക്കുന്നതിനേക്കാൾ, കവിരാജരാജനായ കേ. സി. കേശവപിള്ള അവർകളുടെ അഭിപ്രായം ഉദ്ധരിക്കുന്നതു നന്നായിരിക്കും. "ആട്ടക്കഥകളുടെ കർത്താക്കന്മാർ നാടകലക്ഷണങ്ങളെ ലേശംപോലും ഗണിച്ചിട്ടില്ല. വിശേഷിച്ചും രസൌചിത്യം, കഥയുടെ സംഭാവ്യത, യഥാർത്ഥമായ കാവ്യഗുണം, ഗതാനുഗതികതാദോഷം മുതലായവയിലും അവർ പ്രായേണ ഉദാസീനന്മാരായിരുന്നു." കാളിദാസാദിമഹാകവികളുടെ നാടകങ്ങളിൽ ഈ ദോഷങ്ങൾ ഒട്ടും കാണുകയില്ല.

ഒരു ദൃശ്യകാവ്യമെന്ന നിലയിൽ കഥകളിക്കുള്ള ഗുണദോഷങ്ങളെപ്പററി ചിന്തിക്കാം. കഥകളിയുടെ ഗുണദോഷങ്ങളെപ്പററി വേറെ നിലയിലും നിരൂപണം ചെയ്യാനുണ്ടു്. പ്രകൃതത്തിലേക്കു മേൽവിവരിച്ചതു മാത്രമേ ആവശ്യമുള്ളു. കൂടിയാട്ടം, യാത്രകളി ഇവയ്ക്കു ദൃശ്യകാവ്യത്തിന്റെ പൂർണ്ണഗുണങ്ങൾ ഒട്ടും ഇല്ലാത്തതുകൊണ്ടുതന്നെയാണ് അവയെ വിസ്തരിക്കാത്തതു്. കഥകളിയെപ്പററി അപഗ്രഥനരീത്യാ പരിശോധിക്കുമ്പോൾ ഏതാനും ചിലതെല്ലാം അഭിനയരീതിയുടെ ഗുണദോഷങ്ങളിൽ പ്രത്യക്ഷമാകുന്നതിനാൽ അവയെ ഇവിടെ പ്രസ്താവിക്കുന്നു എന്നു മാത്രമേയുള്ളു.

ഒരു ദൃശ്യകാവ്യം അഭിനയിക്കുന്നതു കാണ്മാൻ നാം സാധാരണ പോകാറുള്ളതു കഥ മനസ്സിലാക്കുന്നതിനല്ല. വിശേഷിച്ചു കഥകളി കാണ്മാൻ പോകുന്നവർ കഥ മനസ്സിലാക്കിയതിനുശേഷം പോകയാണു നന്ന്. കഥാപാത്രങ്ങളുടെ അവസ്ഥാഭേദങ്ങളെയും വികാരങ്ങളെയും അഭിനയിച്ചു കാണികളുടെ മനസ്സിൽ അനുഭവത്തിനു ശരിയായ രസം ഉദ്ദീപിക്കുന്നതിനു നടന്മാർ യത്നിക്കുകയാണു ചെയ്യുന്നതു. അവരുടെ അഭിനയംകൊണ്ടു സഹൃദയന്മാരായ കാണികളുടെ മനസ്സിൽ 'രസം' ജനിക്കുന്നുവോ എന്നാണു നോക്കേണ്ടതു്. ഒരു നടന്റെ അഭിനയസാമർത്ഥ്യം കാണികളുടെ ഹൃദയത്തിൽ ഉല്പാദിതമാകുന്ന 'രസ'ത്തിനെ അനുസരിച്ചിരിക്കുന്നു. കഥകളി അഭിനയത്തിൽ ഇതു് എത്രത്തോളം സാദ്ധ്യമാകും എന്നാണ് നോക്കേണ്ടതായിരിക്കുന്നതു്. ദുര്യോധനവധം അഭിനയിച്ച ഒരവസരത്തിൽ ദുര്യോധനനെ നോക്കി "നീ പാണ്ഡവർക്കു കൊടുത്തില്ലെങ്കിൽ ഞാൻ കൊടുക്കുമെടാ ഒരു പുരയിടവും വീടും" എന്നു കാണികളിൽ ഒരുവൻ എഴുന്നേറ്റുനിന്നു ക്ഷോഭിച്ചു പറഞ്ഞ കഥ ഇവിടെ നിങ്ങൾ ഓർക്കുമല്ലോ. ഇതു നടന്റെ അഭിനയസാമർത്ഥ്യത്താൽ കാണികളിൽ ഉണ്ടായ രസംകൊണ്ടു മാത്രമാണു്. പ്രകൃതത്തിൽ കലാവിദ്യകളുടെ ഈ ഗുണത്തെപ്പററി പല ഉദാഹരണങ്ങൾ പറയാമെങ്കിലും വിസ്തരിക്കുന്നില്ല. ദൃശ്യകാവ്യത്തിനു പ്രധാനമായി വേണ്ടതായ ഈ ഗുണം കഥകളിയിൽ വേണ്ടുവോളം കാണ്മാനുണ്ടെന്നാണ് എന്റെ അഭിപ്രായം. ദമയന്തിയുടെ വേർപാടിനുശേഷം കാട്ടിൽ തിരിഞ്ഞലയുന്ന നളൻ "കരണീയം ദേവനമെന്നെനിക്കു തോന്നി" എന്നു വിചാരിക്കുന്ന ഭാഗം കവി, സംഗീതം കൊണ്ടും സാഹിത്യംകൊണ്ടും എത്രയും ഹൃദ്യമാക്കിത്തീർത്തിട്ടുള്ളതും, അഭിനയിച്ചാൽ കാണികളിൽ ഇതു് എത്രയോ അനുകമ്പാജനകമായിത്തീരുന്നതുമാണു്. അതുപോലെതന്നെയാണു് "അവനേ ചെന്നായോ ബന്ധു" എന്നെല്ലാം ദമയന്തിയെ ഓർത്തു് നളൻ പുലമ്പുന്ന ഭാഗവും ദമയന്തിയുടെ ഭർത്തൃസ്നേഹത്തെയും സ്ത്രീസഹജമായ സ്വഭാവദൌർബ്ബല്യത്തെയും ഒരുപോലെ പ്രത്യക്ഷപ്പെടുത്തുന്ന അലസതാ ഗാനം പാടി കേട്ടവരും ആ പദം അഭിനയിച്ചു കണ്ടവരും ഒരിക്കലെങ്കിലും തൃപ്തരായിട്ടുണ്ടോ? കൃമ്മീരവധത്തിന്റെ ആദിയിൽ, ബ്രാഹ്മണരുടെ ഭക്ഷണത്തിനു നിവൃത്തിയില്ലാതെ ദുഃഖിക്കുന്ന പാഞ്ചാലി ധർമ്മപുത്രരോടു സങ്കടം പറയുന്നതും എത്ര ഹൃദ്യാനന്ദകരമായിരിക്കുന്നു. ഭക്തിരസപ്രധാനമായിട്ടുള്ളതു എന്നാൽ കരുണരസം തുളുമ്പുന്നതുമായ "ഹാ കൃഷ്ണ ചച്ചരിത യുഗളാന്നാലോകേ വിലോകേ സന്താപ്താനാം ശരണമപരം സങ്കടേഷ്വീദൃശേഷു" എന്ന അംബരീഷചരിതത്തിലെ ശ്ലോകവും, രൌദ്രരസപ്രധാനമായ ദുര്യോധനവധത്തിലെ അവസാനഭാഗങ്ങളും കഥകളി കണ്ടു രസിക്കുന്നതിനുദ്ദേശിക്കുന്നവരുടെ മനസ്സിൽ എന്തുമാതിരി വികാരമാണുണ്ടാക്കിത്തീർക്കുന്നതെന്നു് അനുഭവംകൊണ്ടു നമ്മേ മനസ്സിലാക്കണം. ദീർഘമായിപ്പോയ ഈ ഉപന്യാസത്തിൽ ഇനിയും ഉദാഹരണങ്ങൾ ചേർത്തു ദീർഘിപ്പിക്കുന്നില്ല.

കൃത്രിമമായ ശബ്ദാഡംബരം, ഗതാനുഗതികത്വം, സ്വാഭാവികതയില്ലാത്ത വർണ്ണനകളുടെ ആധിക്യം, കാലാനുസൃതമല്ലാത്ത ചെണ്ട മുതലായ വാദ്യഘോഷങ്ങളുടെ ഘോരത, ഭാഗവതന്മാരുടെ ഗുണം എത്രയുണ്ടായിരുന്നാലും പ്രസ്താവിക്കാതിരിപ്പാൻ നിവൃത്തിയില്ലാത്ത സംഗീതസാഹിത്യമർദ്ദനം, ഊമസ ഭാഷണം, എന്നീ ദോഷങ്ങളാണു് കഥകളിയോടു ജനസാമാന്യത്തിനു് അവജ്ഞയുണ്ടാക്കിത്തീർത്തിട്ടുള്ളതു്. ഇത്രയും ക്ഷമിച്ചാൽ ഇതിനു പത്തിരട്ടി പ്രയോജനം കഥകളി അഭിനയംകൊണ്ടു് അനുഭവിക്കാവുന്നതാണെന്നു മാത്രമേ ഇവിടെ പറവാനുള്ളൂ. മലയാളത്തിലെ സ്വതന്ത്രദൃശ്യകാവ്യങ്ങളിൽ പ്രാധാന്യത്തെ അർഹിക്കുന്ന കഥകളിയുടെ സ്ഥാനം ഒരുകാലത്തും മാഞ്ഞുപോകാതിരിക്കത്തക്കവണ്ണം ഗുണഗണങ്ങൾ ഉള്ളവയാണു് പ്രസ്തുത കൃതികൾ.

അടുത്ത ദൃശ്യകാവ്യപ്രസ്ഥാനം തുള്ളലാണു്. കഥകളിയുടെ രംഗപ്രവേശം കഴിഞ്ഞു് ഇന്നു സർവ്വപ്രകാരേണയും ശ്രേഷ്ഠമെന്നു വിചാരിക്കപ്പെട്ടുവരുന്ന കഥകളി ഗ്രന്ഥങ്ങൾ ഉണ്ടായിത്തുടങ്ങിയ കാലത്താണു് തുള്ളൽ ഉണ്ടായതു്. കൂടിയാട്ടത്തിന്റെ ഒരു പരിഷ്കാരരീതിയിലുള്ള ചാക്യാർക്കൂത്തിനെതിരായി കുഞ്ചൻനമ്പ്യാർ എഴുതി ഉണ്ടാക്കിയതും ആദ്യമായി താൻതന്നെ അഭിനയിച്ചതുമായ ഒരു ദൃശ്യകാവ്യമാണു് തുള്ളലെന്നുള്ള സംഗതി എല്ലാവർക്കും അറിയാം. ഇതിനെപ്പററിയുള്ള കഥയും സുവിദിതമാകകൊണ്ടു് ആയതു് ഇവിടെ വിസ്തരിക്കുന്നില്ല. ചാക്യാർക്കൂത്തിനെതിരായി ഭാഷാലോകത്തിൽ ഝടുതിയിൽ അവതരണം ചെ

ച്ചു തുള്ളൽ എന്ന സാഹിത്യപ്രസ്ഥാനം അദികൎത്താവായ നമ്പ്യാരുടെ കാലത്തിൽത്തന്നേ പരിപുഷ്ടമായിട്ട് എത്രയോ ശ്രേഷ്ഠമായിത്തീൎന്നു. ചാക്യാർക്കൂത്തിനെ ഏറക്കുറെ അസ്തമിപ്പിച്ചു എന്നു പറഞ്ഞാൽ മതിയല്ലൊ. നമ്പ്യാരുടെ സകല കലാപാണ്ഡിത്യവും ഭാഷാലാളിത്യവും വാഗ്ധോരണിയും ഫലിതപ്രയോഗസാമൎത്ഥ്യവും ചേൎന്നപ്പോൾ രസാത്മകങ്ങളായ അദ്ദേഹത്തിന്റെ കൃതികൾ മുഴുവനും സകലരേയും വശീകരിക്കുന്നതിനു തക്കവയായിത്തീൎന്നു എന്നും അദ്ദേഹം തന്നെ അതിന്റെ അഭിനയവിദ്യകൂടി പ്രചാരത്തിലാക്കിയപ്പോൾ തുള്ളൽ കുറേ നാളത്തേക്കു കേരളത്തിൽ സാൎവ്വഭൗമത്വം നേടി വാണു എന്നും പറയുന്നതിൽ അതിശയോക്തി ഉണ്ടാവാൻ തരമില്ല. പ്രതിപാദ്യവിഷയം ഏതു കഥയായാലും കേരളത്തിലേ അവസ്ഥയ്ക്കൊത്തതിനെ വൎണ്ണിച്ചു ഫലിതപൂൎവ്വം എല്ലാവൎക്കും അതു ഹൃദ്യമാക്കിത്തീൎക്കുവാൻ തക്ക സാമൎത്ഥ്യമാണദ്ദേഹത്തിനുണ്ടായിരുന്നതു്. കുഞ്ചൻനമ്പ്യാരെപ്പററി ഇത്രമാത്രമേ ഇപ്പോൾ ഇവിടെ പ്രസ്താവിപ്പാൻ നിവൃത്തിയുള്ളു. നമ്പ്യാൎക്കു ശേഷം അപൂൎവ്വം ചില തുള്ളലുകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ നമ്പ്യാർ കഴിഞ്ഞപ്പോൾ അഭിനയകല എന്ന നിലയിൽ തുള്ളലിനുള്ള പ്രാധാന്യം ഏറക്കുറെ കുറഞ്ഞിട്ടുള്ളതും തുള്ളൽ കാണുന്നതിനേക്കാളും വായിച്ചു കേൾക്കുന്നതാണു് രസാവഹം എന്നു ജനസാമാന്യത്തിനു തോന്നിട്ടുള്ളതുമാണു്.

നമുക്കു് ആധുനികഘട്ടത്തിലേക്കു കടക്കാം. ഇതേവരെ പറഞ്ഞ പ്രസ്ഥാനങ്ങൾ എല്ലാം മലയാളത്തിലെ സ്വതന്ത്രദൃശ്യകാവ്യങ്ങളിൽ ഏററവും പ്രാചീനമായ കൂടിയാട്ടവുമായി ബന്ധമുള്ളവയായിരുന്നു. ഈ ഘട്ടത്തിൽ സംസ്കൃതം, തമിഴ് എന്നീ ഭാഷകളെ അനുസരിച്ചു്, ആ ഭാഷകളിലുള്ള ദൃശ്യകാവ്യങ്ങൾക്കു സമാനമായ കൃതികളാണു ഉണ്ടായിട്ടുള്ളതു്. സംസ്കൃതനാടകങ്ങളുടെ തൎജ്ജമകൾ മലയാളഭാഷയിൽ ഉള്ള സംഗീതനാടകങ്ങൾ, പ്രഹസനങ്ങൾ, ഗദ്യനാടകങ്ങൾ ഇത്രയുമാണു് ഇപ്പോൾ പ്രചാരത്തിലിരിപ്പുള്ളതു്. സംസ്കൃതത്തിലുള്ള മിക്ക നാടകങ്ങളും മലയാളത്തിൽ തൎജ്ജമ ചെയ്യപ്പെട്ടിട്ടുണ്ടു്. ശാകുന്തളം പ്രതിമാനാടകം മുതലായ ചില കൃതികൾക്കു് ഒന്നിലധികം തൎജ്ജമകൾ ഉണ്ടായിട്ടുമുണ്ടു്. ഇക്കാലത്തു് വേണ്ടുവോളം പ്രസിദ്ധി സമ്പാദിച്ചിട്ടില്ലാത്ത ഭാസകൃതികൾക്കുപോലും മലയാളത്തിൽ തൎജ്ജമകൾ ഉണ്ടായിക്കഴിഞ്ഞു. കാളിദാസരുടെ നാടകത്രയം, ഭാസകൃതികളായ പ്രതിമാനാടകം, പഞ്ചരാത്രം, ഊരുഭംഗം മുതലായവ, ഹൎഷപ്രണീതമായ രത്നാവലി, നാഗാനന്ദം ഇത്യാദി കൃതികൾ എന്നുവേണ്ട എത്രയോ കൃതികൾ മലയാളത്തിൽ തൎജ്ജമ ചെയ്യപ്പെട്ടു കഴിഞ്ഞു. എന്നാൽ ഇവ എത്രയോ ചുരുക്കമായിട്ടേ അഭിനയിക്കാറുള്ളു എന്ന സംഗതിയും ഇവിടെ പ്രസ്താവ്യമാണു്. സംഗീതനാടകങ്ങൾ അഭിനയത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പ്രാധാന്യമേറിയ ഒരു നിലയിൽ തന്നെയാണു്. സദാരാമ, നൈഷധം, ഹരിശ്ചന്ദ്രചരിതം മുതലായ കൃതികൾ തമിഴ് നാടകങ്ങൾക്കനുരൂപമായ വിധത്തിൽ രചിതങ്ങളായിട്ടുള്ളതും അവ ഇന്നു പ്രസിദ്ധങ്ങളായിത്തീൎന്നിട്ടുള്ളതും മറച്ചുവെക്കാവുന്നവയല്ല. ഇവയിൽ കെ. സി. കേശവപിള്ള അവൎകളുടെ കൃതിയായ സദാരാമ മററു കൃതികളേക്കാൾ എത്രയോ ഉൽകൃഷ്ടമായ ഒരു സ്ഥിതിയിൽ ഇരിക്കുന്നതു്, കേസിയുടെ സംഗീതസാഹിത്യസൎവ്വജ്ഞതയെ നോക്കുമ്പോൾ അത്ഭുതജനകമല്ല. ഈ മഹാന്റെ ആട്ടക്കഥകൾക്കും പ്രത്യേകമായ ഒരു സ്ഥാനമുണ്ടെന്നുള്ളതുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഗദ്യനാടകങ്ങൾ വളരെ ചുരുക്കമാണു്. ചെറുതേൻ കൊളംബസ്സ്, പാപി ചെല്ലുന്നിടം പാതാളം, പണ്ടത്തെ പാച്ചൻ മുതലായ സി. വി. കൃതികളായ പ്രഹസനങ്ങളാണു് ഇന്നു സൎവ്വപ്രകാരേണയും പ്രസിദ്ധങ്ങളായിട്ടുള്ളതു്. പ്രഹസനങ്ങൾ അഭിനയിക്കുന്നതും വളരെ ചുരുക്കമേയുള്ളു.

കാലവ്യത്യാസംകൊണ്ടു ജനങ്ങളുടെ അഭിരുചിക്കനുസരണം ദൃശ്യകാവ്യപ്രസ്ഥാനങ്ങൾ പലതും മലയാളത്തിൽ ആവിൎഭവിച്ചിട്ടുണ്ടെങ്കിലും ഒന്നു വേറെയൊന്നിനു സ്ഥാനം കൊടുത്തിട്ടുള്ളതായിട്ടല്ല നാം കാണുന്നതു്. ആധുനികകൃതികൾക്കു് ഇന്നു് എത്രത്തോളം പ്രാധാന്യവും പ്രചാരവും മലയാളത്തിലുണ്ടോ അതുപോലെതന്നേ കഥകളിക്കും, തുള്ളലിനും പ്രചാരമുണ്ടു്. ഇവയിൽ കേരളഭാഷയിൽ സാമാന്യമെങ്കിലും ജ്ഞാനമുള്ളവൎക്കും പണ്ഡിതന്മാൎക്കും ഒരുപോലെ രസാവഹമായ ഒരു പ്രസ്ഥാനമാണു് കഥകളി. കഥകളിയോളം പ്രാധാന്യം മററു കൃതികൾക്കു് ഇനുണ്ടോ എന്നതു സംശയസ്ഥാനത്തിൽ ഉള്ളതും, ക

ഥകളി ഒരു അമൂല്യനിധിയാകകൊണ്ടു് അതിനെ പോഷിപ്പിക്കുന്നതിനു് പരിഷ്കരിക്കേണ്ടതും തങ്ങളുടെ കടമയാണെന്നു വിചാരിച്ചു വിദ്വാന്മാർ മററു കലകളെ വകവയ്ക്കാതെ തന്നെ കഥകളിക്കുവേണ്ടി പരിശ്രമം ചെയ്തു തുടങ്ങീട്ടുള്ളതുമാണു്. ശ്രാവ്യകാവ്യങ്ങളായ ഉമാകേരളം, രാമരാജബഹദ്ദൂർ, ഇത്യാദി കൃതികളിൽ കേരളചരിത്രത്തെ തൽഗ്രന്ഥകാരന്മാർ ഇതിവൃത്തത്തിനുവേണ്ടിയുപയോഗിച്ചിട്ടുള്ളതുപോലെ, കഥകളിയിലും ചരിത്രത്തിനു പ്രവേശം നൽകുന്നപക്ഷം കഥകളിയുടെ ഗുണങ്ങൾക്കു യാതൊരു ന്യൂനതകളും ഉണ്ടാവാനില്ല. പുറപ്പാടും, ഗോഗ്വായും ഇല്ലാതാക്കുന്നതോടുകൂടി രാക്ഷസന്മാർക്കു പകരം പെരിഞ്ചക്കോടപ്രഭൃതികളേയും മററും ചേർക്കുന്നതുകൊണ്ടു് എന്താണു് വൈകല്യം വരുവാനുള്ളതു്? കഥകളിയിൽ ഇത്തരം പരിഷ്കാരം വരുത്തിയില്ലെങ്കിലും ചരിത്രദൃശ്യകാവ്യപ്രസ്ഥാനം വേറെയൊന്നുണ്ടാകുന്നതു ഭാഷയ്ക്കു് അഭിലഷണീയം തന്നെയാകുന്നു. പരിഷ്കൃതരാജ്യങ്ങളിൽ ദൃശ്യകാവ്യങ്ങളുടെ ഇതിവൃത്തങ്ങളായി ചരിത്രസംഭവങ്ങൾക്കും മററും ഗണ്യമായ ഒരു സ്ഥാനമുണ്ടെന്നുള്ളതു് ഇവിടെ പ്രസ്താവ്യമാണു്. ക്രമേണ ഈ മാററം ഉണ്ടാകുന്നതാണെന്നു സമാധാനപ്പെടാം.

# ചാർവാകദർശനം.

ടി. വി. ശ്രീനിവാസശാസ്ത്രി.

ചാർവകനാൽ നിർമ്മിതമായ ദർശനമാണു് ചാർവാകദർശനം. ഇതിനു 'ലൌകായതികം' എന്നും നാമാന്തരമുണ്ടു്. പുനർജ്ജന്മവിശ്വാസവും വേദവാക്യങ്ങളിൽ ശ്രദ്ധയും ഇല്ലാത്തവർ നാസ്തികരാണെന്നാണു് അഭിജ്ഞമതം. ബൌദ്ധന്മാരും ആർഹതന്മാരും താദൃശരാകയാൽ, നാസ്തികരത്രെ! ചാർവാകനാകട്ടെ, വേദവാക്യങ്ങളിൽ അശ്രദ്ധാലുവും പരലോകത്തിൽ അവിശ്വാസിയും പുനർജ്ജന്മമില്ലെന്നു ശഠിക്കുന്നവനുമായ ദാർശനികനാണു്. അതിനാൽ, അദ്ദേഹം നാസ്തികാഗ്രേസരനാണെന്നു പ്രത്യേകം പറയേണ്ടല്ലോ! ദേവഗുരുവായ ബൃഹസ്പതി 'ചാർവ്വകനായി അവതരിച്ചു ലൌകായതികദർശനം സ്ഥാപിച്ചുവെന്നും, മഹാവിഷ്ണു ബുദ്ധനായി അവതരിച്ചു ബുദ്ധമതവും ഋഷഭദേവനായി അവതരിച്ചു് ആർഹതമതവും പ്രചരിപ്പിച്ചുവെന്നും പുരാണങ്ങളിൽ കാണുന്നു. ബൃഹസ്പതിയും മഹാവിഷ്ണുവും നാസ്തികമതം സ്ഥാപിപ്പാനുള്ള കാരണങ്ങൾ, പുരാണഗ്രന്ഥങ്ങൾ പരിശോധിച്ചാൽ ധാരാളം വെളിപ്പെടും. ചാർവാകദർശനം നാസ്തികോപജ്ഞമാണെങ്കിലും, ഭാരതീയപണ്ഡിതന്മാർ അതിനെ വിലവെക്കാതിരിക്കുന്നില്ല.

വെള്ളം, മണ്ണു്, വെളിച്ചം, കാററു് എന്നിങ്ങനെ നാലു മൌലികപദാർത്ഥങ്ങളേ ഉള്ളു എന്നാണു് ചാർവാകൻ പറയുന്നതു്. പ്രാപഞ്ചികമായ എല്ലാ പദാർത്ഥങ്ങളും ഈ മൌലികപദാർത്ഥങ്ങളുടെ വകഭേദങ്ങളാണു്. ആത്മാവു് എന്നൊരു പ്രത്യേക പദാർത്ഥം സ്വീകാര്യമല്ല. കിണ്വാദികളുടെ മിശ്രണത്താൽ ഒരുതരം മാദകശക്തി സ്വയമേ ഉണ്ടാവുന്നതുപോലെ, ശുക്രശോണിതവികാരമായ ദേഹത്തിൽനിന്നു ചൈതന്യവും ഉണ്ടാവുന്നു. രണ്ടു ദാരുശകലങ്ങളെ ബലമായി ഘർഷണംചെയ്താൽ അവയിൽ ഒരു ചൂടു് ഉണ്ടാവുക സാധാരണമാണു്. ദാരുശകലങ്ങളുടെ ഉറപ്പും ഘർഷണത്തിന്റെ താരതമ്യവും അനുസരിച്ചു് ആ ചൂടു് ഏറെ സമയമോ അഥവാ കുറെ സമയമോ ഇരുന്നേക്കും. അതുപോലെയാണു് ചൈതന്യത്തിന്റെയും നില. ശുക്രശോണിതബലം അധികമായിരുന്നാൽ, ചൈതന്യം ചിരസ്ഥായിയും അല്പമായിരുന്നാൽ അചിരസ്ഥായിയും ആയിപ്പോവും. ഈ ചൈതന്യം ദേഹമെങ്ങും പടരുന്ന ഒരു ശക്തിയത്രേ!

ചാർവാകദർശനത്തിൽ പ്രത്യക്ഷാതിരിക്തമായ പ്രമാണാന്തരം സ്വീകരണീയമല്ല. ഒട്ടനേകം പ്രമാണങ്ങൾ ഉണ്ടാവാം എന്നു് മററുദാർശനികന്മാർ പറയുന്നു. നൈയായികന്മാർ അനുമിതിക്കാണു് സർവ്വപ്രാധാന്യം കല്പിച്ചിട്ടുള്ളതു്. ചാർവാകൻ അതു ഖണ്ഡിക്കയാണു് ചെയ്യുന്നതു്. പ്രത്യക്ഷം, കണ്ണു് മൂക്കു് മുതലായ അഞ്ചിന്ദ്രിയങ്ങൾവഴി ഉണ്ടാവുന്നു. ഇന്ദ്രിയങ്ങളോ, ശരീരാവയവങ്ങൾ തന്നെ. അനുമിതി ഉണ്ടാവേണ്ടതു വ്യാപ്തി

ജ്ഞാനംകൊണ്ടാണല്ലോ. വ്യാപ്തിജ്ഞാനം എന്നതു 'ദീധിതി' 'ചിന്താമണി' മുതലായ നൈയായിക ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്. നൈയായിക ഭാഷയിൽ പറകയാണെങ്കിൽ, വ്യാപ്യത്തിൻെറയും വ്യാപകത്തിൻെറയും ജ്ഞാനമാവാം, വ്യാപ്തിജ്ഞാനം. ഇത്രയും പറഞ്ഞാൽ വ്യാപ്തിജ്ഞാനബോധം സുഗമമാവും എന്നു തോന്നുന്നില്ല. ഒരു പദാർത്ഥം വർത്തിക്കുന്ന അധികരണത്തിൽ മറെറാരു പദാർത്ഥമേ ശാശ്വതമായി ഉണ്ടായിരിക്കയുള്ളു എങ്കിൽ അധികരണപദാർത്ഥം വ്യാപകവും തൽസഹചരപദാർത്ഥം വ്യാപ്യവുമാണ്. ഉദാഹരണം പറയാം. പുക വഹ്നിയുടെ വ്യാപ്യമാകുന്നു. വഹ്നിയില്ലാതെ പുക ഉണ്ടാവുക സഹജമല്ലല്ലോ. പുകയുടെ വ്യാപകമാകുന്നു വഹ്നി. പുകയുള്ളിടത്തോ ഇല്ലാത്തിടത്തോ വഹ്നി ഉണ്ടായിരുന്നേക്കാം. അതിനാൽ വഹ്നി പുകയുടെ വ്യാപകമാണ്. വ്യാപകവുമായി വ്യാപ്യത്തിനുള്ള നിയതബന്ധമാണ് വ്യാപ്തി. വ്യാപ്യം കാണുമ്പോൾ വ്യാപ്തിയുടെ സ്മരണ മാത്രമല്ല ഉടനെ വ്യാപകബോധാനുമാനവും സ്മർത്താവിൽ ഉണ്ടാവും. ഇതാണ് അനുമാനം. അനുമാനസന്ദർഭങ്ങളിൽ വ്യാപ്യം അനുമാനകാരണമായിരിക്ക മാത്രമല്ല, വ്യാപകസാധകവുമായിരിക്കകൂടി ചെയ്യും. അതിനാൽ വ്യാപ്യം ഹേതുവും വ്യാപകം സാധ്യവുമാണെന്നാണ് നൈയായികസിദ്ധാന്തം. വ്യാപ്തിജ്ഞാനം ഉണ്ടായ ഉടനേ വ്യാപകാനുമാനം ഉണ്ടാവുകയില്ല. അതിനുമുമ്പ് അനുമാതാവിനു പരാമർശബോധം കൂടി ഉണ്ടായേ കഴിയൂ. പരാമർശമെന്തെന്നാൽ, വ്യാപ്യം ഉണ്ടെന്നുള്ള ബോധമത്രേ. പർവ്വതത്തിൽ വഹ്നിയുണ്ട്. എന്തുകൊണ്ടെന്നാൽ പുക കാണുന്നുവല്ലോ! ഇതാണ് പരാമർശം. ഒരനുമിതി ഉണ്ടാവണമെങ്കിൽ, വ്യാപ്യപ്രത്യക്ഷവും വ്യാപ്യത്തിൻെറ പക്ഷവൃത്തിത്വവും ഉണ്ടാവാതെ കഴിയില്ല. ഇത്രയുംകൊണ്ടും, അനുമാനം പൂർത്തിയാവുകയില്ല. ഉപാധിനിവാരണത്തിന്നായി അനുകൂലതർക്കംകൂടി അനുമാനത്തിൽ അത്യാവശ്യമാണ്. അനുകൂലതർക്കം എന്തെന്നു പറയാം. പുക വഹ്നിയുടെ വ്യഭിചാരിഹേതുവായിരുന്നിരുന്നുവെങ്കിൽ, പുക വഹ്നിജന്യമാകയില്ലായിരുന്നു, ഇതാണ് അനുകൂലതർക്കം. വ്യഭിചാരം എന്തെന്നുകൂടി ഇവിടെ അല്പം പ്രസ്താവിച്ചേക്കാം. 'തത്സത്വേ തദഭാവഃ തദഭാവേ തത്സത്വം' എന്ന ധാരണയാണ് വ്യഭിചാരം. എന്നുവച്ചാൽ, അതു് ഇല്ലാത്തിടത്തു ഇതില്ലാതിരിക്ക എന്ന ബോധമാണ് വ്യഭിചാരം. കൊമ്പുള്ള ജന്തു കുതിരയാണെന്നു ഒരാൾ ലക്ഷണം കല്പിക്കുന്നു എന്നുവയ്ക്കുക, എങ്കിൽ ഇതു വ്യഭിചാരമായി. എന്തെന്നാൽ, കൊമ്പുള്ള പശു കുതിരയാവുകയില്ല. കുതിരക്കു കൊമ്പില്ലല്ലോ. അതിനാൽ ഈ ലക്ഷണം വ്യഭിചാരിയാണ് 'യത്സത്വേ യത്സത്വം യദഭാവേ യദഭാവഃ' 'അതുണ്ടെങ്കിൽ ഇതുണ്ട്, ഇതുണ്ടെങ്കിൽ അതുമുണ്ട്' എന്ന ഭാവന അവ്യഭിചാരമാണ്. താലിയുള്ളതു പശുവാണെന്നു് ഒരാൾ ലക്ഷണം പറയുന്നുവെങ്കിൽ അതു് അവ്യഭിചാരിയാവും. എന്തെന്നാൽ ഗംഗാനദി പശുവാകയില്ലല്ലോ! മറെറാരു വ്യക്തിയെ പുരസ്കരിച്ചുള്ള ഭ്രമവും പ്രമാദവും വിപ്രലിപ്സയും പ്രത്യക്ഷപ്രമാണംവഴി ബോധപ്പെട്ടുകയില്ല. അതിനാലാണ് അനുമിതിയുടെ സ്വീകാര്യത. അനുകൂലതർക്കാനുമിതിയുടെ ഹേതു, അവ്യഭിചാരിയായിരിക്കയാണ് അത്യാവശ്യംവേണ്ടതു്. അങ്ങനെ ഹേതു ഇരിക്കുന്നുണ്ടോ ഇല്ലയോ എന്ന സംശയം നിരാകരിപ്പാനായി മറെറാരു അനുകൂലതർക്കം അതിലെ സംശയം ഭേദിപ്പാനായി പിന്നെയൊരു അനുകൂലതർക്കം എന്നിങ്ങനെ ഒരനുമാനത്തിനു ഒട്ടനവധി അനുകൂലതർക്കങ്ങൾ വേണ്ടിവന്നേക്കാം. ഇങ്ങനെയായാൽ അനുമിതിക്ക് ഒരവസാനം എവിടെ എങ്ങനെ കല്പിക്കാനാണ്? വ്യാപ്തിബോധം നിസ്സംശയമാവാൻ ഭൂയോദർശനാവശ്യകതയും വേണ്ടിവരാം. പത്തിരുപതു സ്ഥലങ്ങളിലെ വ്യാപ്തിദർശനസ്മരണകൊണ്ടുമാത്രമേ വ്യാപ്തിജ്ഞാനം സുസ്ഥിരമാവുകയുള്ളു. അതിനാൽ, അപ്രതിഷ്ഠിതമായ അനുമാനം സ്വീകാര്യമല്ലതന്നെ. നൈയായികന്മാർ അതു സ്വീകരിച്ചിട്ടുള്ളതു് ഈശ്വരസാധനത്തിനാണല്ലോ. അതിനായി അനുമാനം സ്വീകരിച്ചേതീരൂ എന്നില്ല. ആപ്തവാക്യബലാലും ഈശ്വരൻ ഉണ്ടെന്നു വേണമെങ്കിൽ വിശ്വസിക്കാൻ പാടില്ലായ്കയില്ലല്ലോ. അതിനാൽ അനുമാനം ശാബ്ദപ്രമാണാതിരിക്തമല്ലതന്നെ വാസ്തവം പറകയാണെങ്കിൽ ആപ്തന്മാർ ആരാണെന്നു നിശ്ചയമില്ലാതിരിക്കയാൽ, ഈശ്വരൻ ഇല്ലെന്നു വിശ്വസിക്കയാണുചിതം. അനുമാനം സ്വീകാര്യമാണെന്നു ശഠിക്കുന്നവർ അതുവഴി അവരുടെ അഭീഷ്ടം സാധിച്ചുകൊള്ളുകയും ലോകപ്രതാരകരാണെന്നു് അഭിജ്ഞന്മാരാൽ അവഹേളിക്കപ്പെട്ടുകയുമത്രെ ചെയ്യുന്നതു്. എവർ വ്യാപ്യദർശനംമൂലം വ്യാപകാ

നുമാനം സാധിക്കുന്നു, അവക്ക് ഹേത്വാഭാസദോഷം പിണയുകയില്ലെന്ന് എങ്ങനെ തീർച്ചപ്പെടുത്താം? ഇതെല്ലാംകൊണ്ടും അനുമാനപ്രമാണം നിരാകരണീയം തന്നെ. ഏവർ അനുമാനപ്രമാണം മുൻനിറുത്തി വല്ല സംഗതിയെയും സ്ഥാപിക്കയോ സിദ്ധാന്തിക്കയോ ചെയ്യുന്നു, അവർ അല്പജ്ഞന്മാരും ഭ്രമപ്രമാദശൂന്യന്മാരുമാണെന്ന് എങ്ങനെ നിർദ്ധരിക്കാം? അതിനാൽ മാത്രം പ്രമാണാന്തരം സ്വീകരിക്കുന്നത് അനാവശ്യകമല്ലേ—ഇങ്ങനെയാണ് ചാർവാകൻ അനുമാനപ്രമാണത്തെ ഖണ്ഡിക്കുന്നത്. വേനമഹാരാജാവിനെപ്പോലെയാണ് പൌരാണികന്മാർ ചാർവാകനെ ചിത്രണം ചെയ്യുന്നത്. വേനൻ വൈദികമതത്തെ നിർമ്മൂലമാക്കിയ ദോഷമകുന്നു. പ്രധാനമായി അദ്ദേഹം ഈശ്വരനിൽ അവിശ്വാസിയും പരലോകത്തിൽ അശ്രദ്ധാലുവും പുനർജ്ജന്മത്തിൽ ഭ്രമശാലിയുമാകുന്നു. ചാർവാകനും ഏതാദൃശനാണെന്ന് അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ പരിശോധിച്ചാൽ ബോധപ്പെടും. വേനൻ രാജ്യഭരണം ചെയ്യുമ്പോൾ വർണ്ണാശ്രമധർമ്മപദ്ധതിയെ നിശ്ശേഷം ഉന്മൂലനം ചെയ്തു. സമുദായങ്ങളിൽ ഉച്ചനീചത്വം പടത്തി വർണ്ണസാങ്കര്യം സൃഷ്ടിച്ചുവിട്ടു. ഇതെല്ലാം കണ്ടു ചില പണ്ഡിതന്മാർ ചാർവാകൻ വേനന്റെ ഉപദേഷ്ടാവും അസ്ഥാനപണ്ഡിതനും ആയിരുന്നിരിക്കണം എന്ന് അനുമിക്കുന്നുണ്ട്. എന്നാൽ ചാർവാകൻ ശ്രീബുദ്ധനെപ്പോലെ ശിഷ്യസമക്ഷം ചെന്ന് മതപ്രചാരണം ചെയ്തിട്ടില്ല. സ്വമതതത്വങ്ങൾ എഴുതിവെക്കാൻ ശ്രമിച്ചിട്ടില്ല. അശോകമഹാരാജാവിനെപ്പോലെ ചാർവാകമതത്തിൽ സമാസക്തനായ ഒരു രാജാവിനെയും ചാർവാകൻ ചെയ്തിട്ടില്ല. ഇദ്ദേഹം കൃഷിവിദ്യാപ്രവർത്തകനും കൃഷികലാപ്രചാരകനും ആയ പൃഥുമഹാരാജന്റെ പിതാവായിരുന്നിരിക്കണം. ഈ പിതൃപുത്രന്മാരുടെ നാമധേയങ്ങൾ പുരാതനമായ മനുസംഹിതയിൽപ്പോലും പ്രസ്താവിച്ചിട്ടുണ്ടത്രെ. അതിനാൽ ചാർവാകദർശനം വളരെ പുരാതനമായ ഒന്നാണെന്ന് നിസ്സംശയം പറയാതെ കഴിയില്ല. വേനമഹാരാജാവിന്റെ ഉപദേശങ്ങൾ തന്നെയാണ് ചാർവാകന്റെയും ഉപദേശങ്ങൾ. ചില ഉപദേശങ്ങൾ ചുവടെ വിവരിക്കാം:—

അഗ്നിഹോത്രം, ധർമ്മാനുഷ്ഠാനം, വേദങ്ങളുടെ പഠനപാഠനങ്ങൾ, യാഗസന്ദർഭങ്ങളിൽ വൈദികമന്ത്രോച്ചാരണം, ദണ്ഡധാരണം, ഭസ്മലേപനം മുതലായവ അനാവശ്യകമായ കൃത്യങ്ങളാകുന്നു. ബുദ്ധിയും പൌരുഷവും ഇല്ലാത്തവർക്കു കാലക്ഷേപമാർഗ്ഗം സുകരമാക്കുവാനായി ഏർപ്പെടുത്തിയിട്ടുള്ള നടപടികളാണിവ. ബുദ്ധിയും പൌരുഷവും ഉണ്ടെങ്കിൽ ലോകഹിതപ്രദമായ പല മഹാകാര്യങ്ങളും സാധിതങ്ങളാവും. സ്വഹിതം മാത്രമല്ല—പരഹിതവും സാധിപ്പാനും ബുദ്ധിമാനും പൌരുഷശാലിക്കും സാധിക്കുന്നതാണ്. ഭണ്ഡൻ ധൂർത്തൻ രാക്ഷസൻ എന്ന മൂന്നുപേർ ചേർന്നാണ് വേദപ്രണയനം ചെയ്തിട്ടുള്ളത്. കൊടിയ മഞ്ഞുകാലത്തു സൂര്യോദയത്തിനും രണ്ടുമൂന്നു മണിക്കൂറുമുമ്പു തണുത്ത വെള്ളത്തിൽ ഇറങ്ങി കണ്ണടച്ചും ചെവി പൊത്തിയും മുങ്ങുക, കൃച്ഛ്റചാന്ദ്രായണം മുതലായി പലതരം ദ്രവ്യാർജ്ജനോപായങ്ങൾ പ്രവർത്തിക്ക. തിഥിനക്ഷത്രയോഗവിശേഷങ്ങളിലും കപിലാഷഷ്ഠിയിലും ഗ്രഹണസന്ദർഭത്തിലും സംക്രമദശയിലും ശ്രാദ്ധം മുതലായ വിശേഷാനുഷ്ഠാനങ്ങളിലും വിശിഷ്ട കർമ്മങ്ങൾ അനുഷ്ഠിക്ക നിശ്ചലനിലയിൽ ഗായത്രീജപം ചെയ്യുക ജുഗുപ്സാർഹമായ ക്ഷുദ്രകർമ്മങ്ങൾ നടത്തി അനർത്ഥപരമ്പര ഉളവാക്കുക അഭക്ഷ്യങ്ങളെന്നു വച്ചു ചില പദാർത്ഥങ്ങളെ മാത്രം വർജ്ജിക്കുക ഭക്ഷ്യങ്ങളെന്നുവച്ചു ചിലവമാത്രം ഭക്ഷിക്കുക മുതലായ അനുഷ്ഠാനങ്ങൾ ധൂർത്തന്മാരല്ലാതെ മറ്റാർക്ക് രോചകങ്ങളാവാം? രാജമഹിഷി അസ്പൃശ്യം പശുവ്യയാതിരിക്കണമെന്ന് അഭിജ്ഞമതമുണ്ട്. എന്നാൽ യജ്ഞസന്ദർഭത്തിൽ മാത്രം രാജാവു മഹിഷിയോന്നിച്ച് ഋത്വിക്കുകളുടെ മുമ്പിൽ ദീക്ഷിതവൃത്തി സ്വീകരിച്ചേതീരുപോൽ! പരിഗ്രഹമില്ലെങ്കിൽ ദീക്ഷിതനു യാതൊന്നും ചെയ്യുവാനും അധികാരമില്ലത്രെ. ഇനിയൊരു സംഗതി പറവാനുള്ളതു യാഗസന്ദർഭത്തിൽ അവശ്യകരണീയമായ ഒരു കർമ്മത്തിൽ ദീക്ഷിതനല്ല—ദീക്ഷിതഭാര്യ ഏർപ്പെടുകതന്നെ വേണംപോൽ! ആ സമയം ഋത്വിക്കുകൾ സ്വസ്വരത്തിൽ ചൊല്ലേണ്ട അപഹാസമന്ത്രങ്ങൾ വേദങ്ങളിൽ പ്രസ്തുതങ്ങളുമാണ്. ഋത്വിക്കുകൾ പല പ്രാവശ്യം കലശജലം കൊണ്ടുവന്നു ദീക്ഷിതഭാര്യയെ അഭിഷേകം ചെയ്യിക്കണം. ഇതൊക്കെ ധൂർത്തവർത്തനമല്ലെന്ന് ഏതനുമതൻ അങ്ങു പറയും? യാഗത്തിൽ പശ്വാലംഭനം അത്യാവശ്യകമാണല്ലോ. ആലംഭിച്ച പശുവിന്റെ വപ ദീക്ഷിതൻ ഭക്ഷിച്ചേ മതിയാവൂപോൽ! അവന്റെ ഉച്ഛിഷ്ടം ഋത്വിക്കുകളും

പങ്കുവച്ചു ഭുജിക്കണംപോൽ! ദീക്ഷിതഭാൎയ്യമാത്രം വപാഭക്ഷണം ചെയ്തുകൂടാപോൽ! ഇങ്ങനെ വരികയാലാണ് അശ്വമേധംവരെ ഉള്ള എല്ലാ യാഗങ്ങളും അത്യാവശ്യം അനുഷ്ഠിക്കണമെന്നു കൎമ്മപ്രവരന്മാർ നിർബന്ധിച്ചിരിക്കുന്നതു്. മാംസഭക്ഷണാൎത്ഥിമൂലം യാഗാനുഷ്ഠാനം വിഹിതധൎമ്മമാണെന്നു ഉപദേശിക്കയും തദനുഗുണമായ മന്ത്രങ്ങൾ പ്രണയിക്കയും ചെയ്ത മഹാന്മാർ, നരഭോജികളായ രാക്ഷസന്മാരാണെന്നു് എന്തുകൊണ്ടു പറയുക വഹിയാ?

ദേഹഭിന്നമായ ആത്മാവിന്റെ പൃഥഗവസ്ഥിതിയിലും മൃതാത്മാക്കളുടെ പരലോകപ്രാപ്തിവിശ്വാസത്തിലും ബ്രാഹ്മണസമുദായസംബന്ധമായ പുരോഹിതജീവിതകല നിൎദ്ധനിലയിൽ അന്തൎല്ലയിച്ചുകാണും. മാതാപിതാക്കന്മാരോ ബന്ധുമിത്രങ്ങളോ മരിച്ചാൽ ശ്രാദ്ധകൎമ്മാനുഷ്ഠാനം നിത്യകൎമ്മമായിത്തീരണമത്രെ. പരലോകഗതമായ മൃതാത്മാവിനു പുത്രാദികളാൽ സമൎപ്പിതമാവുന്ന അന്നപാനീയങ്ങൾ സ്വീകരിപ്പാൻ തരമാവുമെങ്കിൽ, വിദേശസഞ്ചാരം ചെയ്യുമ്പോൾ നമ്മൾ പാഥേയം പക്കൽവച്ചു കൊണ്ടുപോകുവാൻ മുതിരുന്നതു് എന്തിനായിട്ടാവാം? ദിവസേന ഉണ്ണുമ്പോൾ പ്രവാസികളുടെ പേരുപാത്തു് ഓരോ ചോറുരുള ഉരുട്ടിവച്ചാൽ പോരയോ? യാഗസന്ദർഭത്തിൽ പശ്വാലംഭനം വേണമെന്നു പറഞ്ഞുവല്ലൊ. അപ്പോൾ അനുകമ്പ കാണിക്കേണ്ടതു് അത്യാവശ്യകമാണപോൽ! ആ പശു അല്പനേരം നന്നെ വേദനപ്പെട്ടാലും വിരോധമേതുമില്ല. അതിനു് ഉടനേ ദേവത്വം സിദ്ധമാവുമത്രെ. ഈ നിയമം മനുഷ്യരെയും എന്തുകൊണ്ടു സ്പർശിക്കാൻ പാടില്ല. ദേവത്വം സമ്പാദിച്ചുകൊടുപ്പാനാണ് പശുവധം ചെയ്യുന്നതെങ്കിൽ വധകൎത്താവു തന്റെ പിതാവിനെ എന്തുകൊണ്ടു വധസ്തംഭത്തിൽ പശുവിനു പകരം പിടിച്ചു കെട്ടാറില്ല? പിതാവിന്റെ സ്വൎഗ്ഗപ്രാപ്തി അസ്പൃഹണീയമാണെന്നു് യഥാൎത്ഥപുത്രന്മാർ കരുതുമോ? ഇങ്ങനെ ചെയ്താൽ, പിതാവു മരിച്ചതിനുമേൽ പുത്രനു ശ്രാദ്ധാനുഷ്ഠാനം കൂടാതെയിരിപ്പാനും സൌകൎയ്യം ലഭിക്കയില്ലേ? പിതാവിന്റെ സൽഗതിക്കായി ഗയയിൽചെന്നു പിണ്ഡപ്രദാനം ചെയ്തിട്ടു കാൎയ്യമെന്തു്? ഇങ്ങനെയെങ്കിൽ, പാർവണശ്രാദ്ധം ചെയ്യേണ്ടിവരില്ല. ഉപവാസമനുഷ്ഠിച്ചു പാടുപെടേണ്ടതായി വരികയില്ല. നാച്ചും ജരച്ചും വിഷമിക്കുന്ന പിതാവിനെ ചിരകാലം വലച്ചിലിനിടയാക്കാതെ ഉദ്ധരിച്ചാലുള്ള സുകൃതം ലഭ്യമാകയുമില്ലേ?

സംസാരസുഖം ദുഃഖസമ്മിശ്രിതമാണ് എന്നുവച്ച് അതു പരിത്യാജ്യമാവരുതു്. സംസാരസുഖാശ വെറുത്താൽ കഷ്ടപ്പാടു നിന്നാമമാവും എന്നുവച്ചു വല്ലവരും സംസാരസുഖാഭിലാഷം കൈവെറുപ്പാൻ ഉദ്യമിക്കുന്നുവെങ്കിൽ അതു വിവേകഫലമാവുമോ? വയറുനിറപ്പാനായി തിണ്ണയും തെരുവുംതോറും കടന്നു പിച്ചതെണ്ടിയലയുന്ന സമയം, ദുഃഖാനുഭവം നേരിടുകയില്ലെന്നുണ്ടോ? മത്സ്യം ഭക്ഷിച്ചാൽ, അതിലെ മുള്ളു നാക്കിൽ തറച്ചു വേദന ഉളവാക്കും. പൂക്കൾ ഇറുക്കാൻ പോവുമ്പോൾ കല്ലോ മുള്ളോ കാലേൽ കൊണ്ടുപോകും എന്നുവച്ചു മത്സ്യഭക്ഷണവും പുഷ്പാവചയവും വേണ്ടെന്നുവെക്കുന്നതെവരോ അവർ ബുദ്ധിയില്ലാത്ത പാമരന്മാരല്ലേ? സുഖം ദുഃഖസമ്മിശ്രമെന്നുവച്ച് ഉപേക്ഷിക്കുന്നവർ പാമരശിഖാമണികളത്രെ! ഉമിയും തവിടും പാററിക്കളഞ്ഞു് അരിമാത്രം വേവിച്ചു ചോറുണ്ടാക്കി കഴിച്ചാണ് ബുദ്ധിമാന്മാർ നിത്യത നിർവഹിക്കാറു്. സ്വൎഗ്ഗനരകങ്ങൾ ഉണ്ടെന്ന സിദ്ധാന്തം ബാലിശമാണ് മൃതദേഹത്തെ ചാമ്പലാക്കിയാൽ, പിന്നെ അതിനു പുനൎജ്ജന്മം ഉണ്ടെന്നു പറയുന്നതു യുക്തിശൂന്യമല്ലേ?